# ഗിരിദീപം

വാല്യം : 05
ലക്കം : 05
വില : 10 രൂപ



**Mar Joseph Pamplany**
**Archbishop of Tellicherry**

മെയ് 2022






























**2022 ഏപ്രിൽ 19 ന് ആർച്ച്ബിഷപ്പ്**
**മാർ ജോർജ് ഞറളക്കാട്ട് പിതാവ് കൂദാശകാർമം**
**നിർവഹിച്ച പൊൻമല സെന്റ് ജോസഫ്സ് ദൈവാലയം**

## നവ സന്യാസിനിമാർ



സി. അഞ്ജന
മരിയ സിഎംസി



സി. ഐറിൻ
മേരി സിഎംസി



സി. ജോസി
തെരേസ് സിഎംസി

**ഭൂമിയുടെ അതിർത്തികൾവരെ രക്ഷ**
**എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി**
**നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49, 6).**

| വാല്യം 05 | മെയ് 2022 | ലക്കം 05 |
|---|---|---|

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

curiaadtly@gmail.com
www.archdioceseoftellicherry.org
www.ephphatharadio.com
0490 - 2342440

# ഉള്ളടക്കം


1. ഇടയലേഖനം .......... 09
2. സർക്കുലർ - മതബോധനം .......... 14
3. കച്ചേരിക്കാര്യം .......... 19
4. ആർച്ചുബിഷപ്പിന്റെ സ്ഥാനാരോഹണ റിപ്പോർട്ട് .......... 24
5. സെമിനാരി വാർത്തകൾ .......... 31
6. വിശ്വാസപരിശീലനം .......... 35
7. ബൈബിൾ അപ്പൊസ്റ്റോലേറ്റ് .......... 42
8. ചെറുപുഷ്പ മിഷൻലീഗ് .......... 45
9. തിരുബാലസഖ്യം .......... 53
10. യുവജനശുശ്രൂഷ .......... 55
11. കുടുംബപ്രേഷിതത്വം .......... 59
12. വിദ്യാഭ്യാസ ഏജൻസി .......... 64
13. വിമൽജ്യോതി വാർത്തകൾ .......... 65
14. സാൻജോസ് അക്കാഡമി .......... 67
15. ADAM .......... 69
16. എ.കെ.സി.സി. .......... 71
17. കരിസ്മാറ്റിക് നവീകരണം .......... 72
18. മദ്യവിരുദ്ധ പ്രസ്ഥാനം .......... 73
19. ഏയ്ഞ്ചൽ ട്രസ്റ്റ് .......... 75
20. സാമൂഹ്യസേവനവേദി .......... 78
21. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) .......... 80
22. Programme of the Archbishop Mar Joseph Pamplany... .......... 83
23. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) .......... 85
24. Programme of the Emeriatus Mar George Njaralakatt .......... 88
25. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) .......... 90

Prot. No.185 / 2022, Pastoral Letter No. 01/2022

# ഇടയലേഖനം

*ദൈവകൃപയാലും തിരുസ്സഭയുടെ നിയോഗത്താലും*
*തലശ്ശേരി അതിരൂപതയുടെ ഇടയൻ:*

*മാർ ജോസഫ് പാംപ്ലാനി*

*തന്റെ സഹശുശ്രൂഷകരായ വൈദികർക്കും സന്യസ്തർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.*

ഈശോയിൽ പ്രിയ സഹോദരീ സഹോദരന്മാരേ

വിശുദ്ധ പന്ത്രണ്ടാം പീയൂസ് മാർപാപ്പാ മലബാറിലെ കുടിയേറ്റക്കാർക്കായി 1953 ഡിസംബർ 31-ന് സ്ഥാപിച്ച തലശ്ശേരി അതിരൂപതയുടെ നാലാമത്തെ ഇടയനാകാനുള്ള ദൈവനിയോഗം ദൈവപരിപാലനയിലും നിങ്ങളുടെ സ്നേഹപൂർവമായ സഹകരണത്തിലും പ്രത്യാശയർപ്പിച്ചുകൊണ്ട് വിനയപൂർവം ഞാൻ ഏറ്റെടുക്കുകയാണ്. ഏപ്രിൽ 20-ാം തീയതി തലശ്ശേരിയിൽവച്ചു നടന്ന തിരുക്കർമങ്ങൾക്ക് സാന്നിധ്യംകൊണ്ടും പ്രാർഥനകൊണ്ടും നിങ്ങൾ നല്കിയ പിന്തുണയ്ക്ക് ഹൃദയപൂർവം നന്ദി പറയുന്നു.

ശ്ലൈഹികശുശ്രൂഷയുടെ ഈ തുടർച്ചാവേളയിൽ സൂര്യതേജിസ്സികളായ മുൻഗാമികൾ തെളിച്ച പാതയിൽ നമുക്ക് ഒരുമിച്ച് യാത്ര തുടരാം. കുടിയേറ്റത്തിന്റെ ദൈന്യതയുടെ നാളുകളിൽ വിമോചനനായകനായി ദൈവം നമുക്ക് നൽകിയത് ഭാഗ്യസ്മരണാർഹനായ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിനെയാണ്. ഇല്ലായ്മയിൽനിന്ന് തലശ്ശേരി രൂപതയെന്ന സ്വപ്നത്തെ പടുത്തുയർത്തിയത് പിതാവിന്റെ ക്രാന്തദർശനവും ദൈവവിശ്വാസവുമായിരുന്നു. അകാലജാതനെന്നപോലെ ഈ അതിരൂപതയ്ക്കായി അഭിവന്ദ്യപിതാവ് സ്വീകരിച്ച അവസാന

വൈദികവിദ്യാർത്ഥി എന്ന നിലയിൽ പിതാവിന്റെ പൈതൃകാനുഗ്രഹം എന്നെ ഏറെ ധൈര്യപ്പെടുത്തുന്നുണ്ട്. തലശ്ശേരി രൂപതയെ അതിരൂപതയായി വളർത്തിയ അഭിവന്ദ്യ ജോർജ് വലിയമറ്റം പിതാവിന്റെ അതിരുകളില്ലാത്ത കരുതലും പ്രാർഥനയും നമ്മോടൊപ്പമുള്ള സജീവസാന്നിധ്യമാണ്. അതിരൂപതയുടെ മൂന്നാമത്തെ ഇടയൻ നിലാവിന്റെ സൗമ്യതയും സുവിശേഷത്തിന്റെ ലാളിത്യവും കൈമുതലാക്കിയ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ടുപിതാവായിരുന്നു. വിശുദ്ധിയും വിജ്ഞാനവും വിനയവും ഒന്നു ചേർന്ന ഈ പിതാക്കന്മാരുടെ വഴിവെളിച്ചത്തിൽ മേൽപട്ടശുശ്രൂഷ ആരംഭിക്കാനാകുന്നത് അനുപമമായ ദൈവാനുഗ്രഹമായി ഞാൻ കരുതുന്നു.

മോശയിൽനിന്നും ഏറ്റെടുത്ത ദൗത്യത്തിന്റെ കാഠിന്യത്തിൽ പകച്ചുപോയ ജോഷ്വായെ ദൈവം ധൈര്യപ്പെടുത്തുന്ന തിരുവചനത്തിൽ ഞാൻ പ്രത്യാശവയ്ക്കുന്നു: "നീ പരാജയപ്പെടില്ല, മോശയോടുകൂടെ എന്നപോലെ നിന്നോടുകൂടെയും ഞാൻ ഉണ്ടായിരിക്കും, ഒരിക്കലും നിന്നെ കൈവിടുകയില്ല... ഈ ജനത്തിന് നൽകുമെന്ന് വാഗ്ദാനം ചെയ്തവ ഞാൻ അവർക്കു നൽകും" (ജോഷ്വാ 1: 5–6).

കുടിയേറ്റത്തിന്റെ ആദ്യകാലങ്ങളിൽ മലമ്പനിബാധിച്ച് കുടുംബങ്ങൾ അന്യംനിന്നുപോകുന്ന പ്രതിസന്ധികളിലും പിന്തിരിയാതെ പൊരുതി വിജയിച്ച നമ്മുടെ പൂർവികന്മാരാണ് കുടിയേറ്റത്തിന്റെ വിജയഗാഥയുടെ രാജശിൽപികൾ. അവരുടെ വിയർപ്പിനും കണ്ണീരിനും ചോരയ്ക്കും ജീവനും മുന്നിൽ നമുക്കു പ്രണാമമർപ്പിക്കാം. ആത്മാക്കളെ രക്ഷിക്കാനുള്ള അജപാലനതീക്ഷ്ണതക്കൊണ്ട് പിറന്ന നാടും വീടും ഉപേക്ഷിച്ച് സ്വന്തം ആരോഗ്യം പോലും മറന്ന് അത്യധ്വാനം ചെയ്തതിനാൽ ആയുസ്സെത്തും മുൻപേ നിത്യതയിലേയ്ക്കു കടന്നുപോയ ആദ്യകാല വൈദികരും സമർപ്പിതരും നമുക്കു പകർന്നു തരുന്ന ഊർജ്ജം അത്ഭുതാവഹമാണ്. സമകാലിക പ്രതിസന്ധികളെ അതിജീവിക്കാൻ നമുക്കുള്ള മാതൃകയും പ്രചോദനവും ഇവരുടെ മഹിതമായ ജീവിതങ്ങളാണ്.

മലബാറിന്റെ മലയോരങ്ങളിലെ പരിമിതകളിൽ യാതൊരു പരാതിയുംകൂടാതെ നിസ്വാർത്ഥം അധ്വാനിക്കുന്ന വൈദിക-സമർപ്പിത സമൂഹമാണ് നമ്മുടെ അതിരൂപതയുടെ കരുത്ത്. അജപാലകരും അജഗണവും തമ്മിലുള്ള ആത്മബന്ധവും ഇഴയടുപ്പവുമാണ് നമ്മുടെ അതിരൂപതയുടെ അനന്യശേഷ്ഠത. ഭാവിയുടെ സ്വപ്നങ്ങളെ സാക്ഷാത്ക്കരിക്കാൻ നമുക്കുള്ള ഏക മൂലധനവും ഈ ആത്മബന്ധത്തിന്റെ ഊഷ്മളതയാണ്.

കുടിയേറ്റത്തിന്റെ ശതാബ്ദിക്കായി ഒരുങ്ങുന്ന നമ്മുടെ മുന്നിൽ ഒട്ടേറെ സാധ്യതകളും വെല്ലുവിളികളുമുണ്ടെന്ന് നമുക്കറിയാം. 2017 ലെ അതിരൂപതാ അസംബ്ലി മുതലുള്ള ചർച്ചകളും 2021-ലെ കോശി കമ്മീഷൻ സർവ്വേയുടെ വെളിച്ചത്തിലുള്ള പഠനങ്ങളും പ്രധാനമായും മൂന്നു മേഖലകളിൽ നമ്മുടെ ശ്രദ്ധ പതിയേണ്ടതുണ്ടെന്ന് ഓർമിപ്പിക്കുന്നുണ്ട്.

ഒന്നാമതായി, അതിരൂപതയൊന്നാകെ ഒരു കുടുംബമാണെന്ന ആദ്യകാല കുടിയേറ്റ ജനതയുടെ വിശ്വാസവും വികാരവും നമുക്കു കൈമോശം വന്നു തുടങ്ങിയിട്ടുണ്ട്. നാം ഒരേ ഇടയന്റെ അജഗണമാണെന്ന സത്യത്തിലേക്കു വളരുന്നതിനുള്ള തടസ്സങ്ങൾ എല്ലാ തലങ്ങളിലും പരഹരിക്കണം. ഫ്രാൻസീസ് മാർപാപ്പാ വിഭാവനം ചെയ്യുന്ന സിനഡാത്മകസഭയായി നമ്മുടെ കൂട്ടായ്മയെ വളർത്തേണ്ടതുണ്ട്. വിവിധ കാരണങ്ങളാൽ വിവിധകാലങ്ങളിൽ ഇടവകാകൂട്ടായ്മയിൽ നിന്നും അകന്നു കഴിയുന്നവരെ ക്ഷമാപൂർവം ശ്രവിച്ച് മുറുവുകൾ ഉണക്കാനും സഭാ കൂട്ടായ്മയിലേക്ക് ചേർത്തുനിർത്താനും നമുക്കു കഴിയണം. അവശതയും ദാരിദ്ര്യവുമനുഭവിക്കുന്നവരെ കരുതലോടെ പരിപാലിക്കാനുള്ള കർമപദ്ധതികളിൽ ഉള്ളവ കാര്യക്ഷമമാക്കാനും ആവശ്യമെങ്കിൽ പുതിയവ ആരംഭിക്കാനും നമുക്ക് പരിശ്രമിക്കാം. ഇതിലൂടെ സഭാബോധവും സമുദായ ബോധവുമുള്ള വിശ്വാസീസമൂഹമായി വളരാൻ നമുക്കു കഴിയണം.

രണ്ടാമതായി, നമ്മുടെ കുടുംബങ്ങളുടെ ഭദ്രതയും വിശുദ്ധീകരണവും പരമപ്രധാനമായി നാം കരുതണം. കുടുംബങ്ങളിലെ കുഞ്ഞു

ങ്ങളുടെ ജനനനനിരക്കിലുള്ള ഭീമമായ ശോഷണവും യുവജനങ്ങളുടെ വിവാഹപ്രായം ഏറെ ഉയരുന്നതും ഒട്ടനവധി യുവാക്കന്മാർ വിവാഹിതരാകാൻ അവസരമില്ലാത്തവരാകുകയും ചെയ്യുന്നതും നമ്മുടെ പെൺകുട്ടികളെ തീവ്രവാദഗ്രൂപ്പുകൾ പ്രണയകുരുക്കിൽപ്പെടുത്തി അപഹരിക്കുന്നതും വലിയ സാമൂഹ്യ പ്രശ്നങ്ങൾ തന്നെയാണ്. മക്കൾ വിദൂരങ്ങളിലായിരിക്കുന്ന വൃദ്ധ മാതാപിതാക്കളുടെ ഒറ്റപ്പെടലും യുവജനങ്ങളുടെ തൊഴിലില്ലായ്മയും അതിരുവിട്ട വിദേശമോഹങ്ങളും നമ്മുടെ കുടുംബങ്ങളുടെ താളം തെറ്റിക്കുന്ന അജപാലന പ്രശ്നങ്ങളാണ്. കുടുംബബന്ധങ്ങളിലെ ഊഷ്മളതയും സന്ധ്യാപ്രാർഥനയിലെ കൃത്യതയും ഞായറാഴ്ച ആചരണത്തിലെ കണിശതയും തിരുസ്സഭയുടെ കൽപ്പനകൾ പാലിക്കുന്നതിലുള്ള വിശ്വസ്തതയും വഴിമാത്രമേ ഈ പ്രതിസന്ധികൾക്കു പരിഹാരം കാണാൻ കഴിയൂ. നമ്മുടെ അഭിമാനമായ യുവജനങ്ങളെയും കുട്ടികളെയും തിരുസ്സഭയോടുചേർത്തു വളർത്താനുള്ള കർമപദ്ധതികൾ നാം കണ്ടെത്തേണ്ടതുണ്ട്.

മൂന്നാമതായി, അതിരൂപതയിലെ ബഹുഭൂരിപക്ഷംവരുന്ന കർഷകജനതയുടെ ആകുലതകൾ നമ്മുടെ അജപാലനത്തിന്റെ സത്വര ശ്രദ്ധ പതിയേണ്ട മേഖലയാണ്. കാർഷികോല്പന്നങ്ങളുടെ വിലയിടിവും വന്യമൃഗങ്ങളുടെ വിളയാട്ടവും കാലാവസ്ഥ വ്യതിയാനങ്ങളും കർഷകരെ തീരാദുഃഖത്തിലാഴ്ത്തിയിരിക്കുകയാണ്. കടക്കെണിയിലായ കർഷകജനതയുടെ അതിജീവനത്തിനായുള്ള പോരാട്ടത്തിൽ അതിരൂപത എന്നും ഒപ്പമുണ്ടാകും. കർഷകരുടെ കൂട്ടായ്മയിലൂടെ കാർഷിക പ്രശ്നങ്ങൾക്കുപരിഹാരം എന്ന ലക്ഷ്യത്തോടെ നാം ആരംഭിച്ച ഫാർമർ പ്രൊഡ്യൂസർ കമ്പനിയുടെ പ്രവർത്തനങ്ങൾ അതിരൂപതാതലത്തിൽ കാര്യക്ഷമമാക്കാനുള്ള കർമപദ്ധതികൾ ആവിഷ്ക്കരിക്കാൻ നമുക്ക് ഒരുമിച്ച് പരിശ്രമിക്കാം.

അതിരൂപതയിലെ പ്രിയപ്പെട്ട ദൈവജനമേ, ഈ അതിരൂപത മുഴുവൻ നിങ്ങളും നിങ്ങളുടെ പൂർവികരും ചേർന്ന് പടുത്തുയർത്തിയതാണ്. അതിനാൽ ഈ അതിരൂപതയുടെ നടത്തിപ്പിൽ നിങ്ങളുടെ അഭിപ്രായങ്ങൾക്ക് വലിയവിലയുണ്ട്. പ്രിയപ്പെട്ട യുവജനങ്ങളെ ഈ

അതിരൂപത നിങ്ങളുടെ പിതൃസ്വത്താണ്. അതിനാൽ അകന്നുനിന്നു സംശയത്തോടെ വീക്ഷിക്കാതെ നിങ്ങൾ അതിരൂപതയുടെ വക്താക്കളാകണം. വാത്സല്യമുള്ള കുഞ്ഞുമക്കളേ, നിങ്ങൾക്കുവേണ്ടിയാണ് ഈ അതിരൂപത മുഴുവൻ പ്രവർത്തിക്കുന്നത്. നിങ്ങൾ തിരുസ്സഭയെ സ്വന്തം അമ്മയെ എന്നപോലെ സ്നേഹിക്കണം.

കുടിയേറ്റത്തിന്റെ സകല സങ്കടങ്ങളും അനുഭവിച്ചുവളർന്ന മാതാപിതാക്കളിൽനിന്ന് ഈ കുടിയേറ്റ മണ്ണിൽപിറന്ന് നിങ്ങളിലൊരുവനായി വളർന്ന എനിക്ക് നിങ്ങളെയും നിങ്ങളുടെ സ്വപ്നങ്ങളെയും സങ്കടങ്ങളെയും അടുത്തറിയാൻ ദൈവം അവസരം നൽകിയിട്ടുണ്ട്. അതിനാൽ അപരിചിതത്വത്തിന്റെ അകലങ്ങളില്ലാതെ ഈ സഭാശുശ്രൂഷയിൽ നമുക്ക് ഒരുമിച്ചുമുന്നേറാം. വാത്സല്യപൂർവം നമ്മെ സംരക്ഷിക്കുന്ന നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിന്റെയും നമ്മുടെ അതിരൂപതയുടെ മധ്യസ്ഥനായ വി. യൗസേപ്പ് പിതാവിന്റെയും സംരക്ഷണയ്ക്ക് നിങ്ങളെ എല്ലാവരെയും സമർപ്പിക്കുന്നു. പിതാവിന്റെയും ✠പുത്രന്റെയും ✠പരിശുദ്ധാത്മാവിന്റെയും ✠ നാമത്തിൽ നിങ്ങളെ ആശീർവദിച്ചുകൊണ്ട്,

നിങ്ങളുടെ പിതാവ്,

**മാർ ജോസഫ് പാംപ്ലാനി**
തലശ്ശേരി അതിരൂപതയുടെ ഇടയൻ

തലശ്ശേരി
25-04-2022

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ ഇടയലേഖനം 2022 മെയ് മാസം 8-ാം തീയതി ഞായറാഴ്ച വി. കുർബ്ബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബ്ബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

Prot. No186 / 22 സർക്കുലർ നമ്പർ 10 / 2022

# സർക്കുലർ
# മതബോധന ഞായർ

ഈശോയിൽ പ്രിയപ്പെട്ടവരെ,

അടുത്ത ഞായറാഴ്ച (മെയ് 29) മതബോധന ഞായറായി ആചരിച്ച് അതിരൂപതയിലെ 216 സൺഡേസ്കൂളുകളിലെ മുഴുവൻ കുട്ടികളെയും ഈശോയ്ക്ക് സമർപ്പിച്ച് 2022-2023 വർഷത്തെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ നമ്മൾ തുടക്കം കുറിക്കുകയാണ്. സഭയുടെ ശുശ്രൂഷകളിൽ വളരെ പ്രധാനപ്പെട്ട ശുശ്രൂഷയായ വിശ്വാസജീവിതപരിശീലനത്തിലേയ്ക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഈശോ നമുക്കു തന്ന ദൗത്യമാണ് സകലരെയും രക്ഷയുടെ സുവിശേഷമറിയിച്ച് ശിഷ്യപ്പെടുത്തുക എന്നത്. "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നല്കുവിൻ. ഞാൻ നിങ്ങളോട് കൽപ്പിച്ചവയെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ" (മത്താ 28:19-20). കർത്താവ് ഭരമേൽപ്പി ച്ചിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ദൗത്യമായി വിശ്വാസപരിശീലനത്തെ സഭ കാണുന്നതിന്റെ കാരണവും ഇതാണ്. കർത്താവിന്റെ ഈ കൽപ്പന നമ്മുടെ ദൗത്യമായി സ്വീകരിച്ച് വരും തലമുറയ്ക്ക് വിശ്വാസം പകർന്നുകൊടുക്കുമ്പോൾ നമ്മളും ഈ ദൗത്യ ത്തിൽ പങ്കുകാരാവുന്നു.

"നാം ഭൂമിയിലായിരിക്കുന്നത് ദൈവത്തെ അറിയാനും സ്നേഹി ക്കാനും അവിടുത്തെ ഇഷ്ടമനുസരിച്ച് നന്മചെയ്യുവാനും സ്വർഗ്ഗത്തിൽ പോകാനുമാണ്" എന്നാണ് കത്തോലിക്കാസഭയുടെ മതബോധ നഗ്രന്ഥം (നമ്പർ 1-3, 358) പഠിപ്പിക്കുന്നത്. സഭയുടെ പരമപ്രധാനമായ ദൗത്യമാണ് ദൈവജനത്തെ വിശ്വാസത്തിൽ വളർത്തി സ്വർഗ്ഗത്തിലെ ത്തിക്കുക എന്നത്. വർദ്ധിച്ച മൂല്യബോധവും അടിയുറച്ച വിശ്വാസവും സമ്പന്നമായ ആധ്യാത്മികതയും നിസ്വാർത്ഥമായ പ്രേഷിത ചൈതന്യവും സ്വായത്തമാക്കി നമ്മുടെ കുഞ്ഞുങ്ങൾ വളർന്നുവരണ മെങ്കിൽ അവർക്ക് മെച്ചപ്പെട്ട വിശ്വാസപരിശീലനം കൂടിയേതീരൂ. ഇതിന് അടിസ്ഥാനമായി നിൽക്കുന്നത് കുടുംബത്തിലെ വിശ്വാസപരി ശീലനവും തുടർന്നുള്ള മതബോധന ക്ലാസ്സുകളുമാണ്.

വിശ്വാസപരിശീലനത്തിന് അടിത്തറ പാകുന്നത് കുടുംബത്തി ലാണ്. രണ്ടാംവത്തിക്കാൻ കൗൺസിൽ കുടുംബത്തെ 'ഗാർഹികസഭ'

എന്നാണ് വിശേഷിപ്പിച്ചത്. കുടുംബം, സ്കൂൾ വിശ്വാസപരിശീലന ക്ലാസ്സുകൾ എന്നിവയെല്ലാം കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ വളരെ പ്രധാനപ്പെട്ടതാണ്. ഇവയിൽ ഏറ്റവും പ്രധാനഘടകം കുടുംബമാണ്. കുടുംബത്തിൽ കുട്ടികൾക്കു കൊടുക്കുന്ന ശിക്ഷണവും നിയന്ത്രണവും പരിശീലനവുമനുസരിച്ച് മാത്രമേ അവർ നല്ല കുട്ടികളായി വളരൂ. സകൂളും വിശ്വാസപരിശീലന ക്ലാസ്സുകളുമെല്ലാം ഇതിനെ പിന്തുണയ്ക്കുന്ന ഘടകങ്ങളാകുന്നു എന്നതാണ് സത്യം. അതുകൊണ്ടാണ് 'കുടുംബം-പ്രഥമ വിശ്വാസ പരിശീലനവേദി' എന്ന് നാം പറയുന്നത്.

മാലാഖയായി ജനിക്കുന്ന ഒരു കുഞ്ഞ് ജീവിച്ചു പരാജയപ്പെട്ടാൽ അതിന്റെ പ്രഥമവും പ്രധാനവുമായ ഉത്തരവാദിത്വം മാതാപിതാക്കൾക്കാണ്. 'ചെറുപ്പത്തിൽ തന്നെ മക്കളെ അവർ നടക്കേണ്ട വഴികൾ പഠിപ്പിക്കുവാൻ' (സുഭാ 22:6) മാതാപിതാക്കൾക്ക് കഴിയണം. മക്കൾ എപ്രകാരമാകുന്നു, എങ്ങനെ വളരുന്നു, ഏത് സ്വഭാവക്കാരാകുന്നു എന്നതിനെ ആശ്രയിച്ചിരിക്കും മാതാപിതാക്കളുടെ ഭാവിജീവിതത്തിന്റെ സന്തോഷവും സുരക്ഷയും സമാധാനവും. അതുകൊണ്ട് അവരുടെ വളർച്ച മാതാപിതാക്കളുടെ ജീവിതത്തിലെ സുപ്രധാന ഘടകമാണ്. കുട്ടികളുടെ സ്വഭാവസവിശേഷതകൾ, മൂല്യബോധത്തിലുള്ള വളർച്ച, വിശ്വാസത്തിലുള്ള തീക്ഷ്ണത, സഭയോടും സഭാജീവിതത്തോടുമുള്ള പ്രതിബദ്ധത ഇവയെല്ലാം കൃത്യവും വ്യക്തവുമാകാൻ മാതാപിതാക്കൾ പ്രത്യേക ശ്രദ്ധ കാട്ടണം.

പ്രിയപ്പെട്ട മാതാപിതാക്കളെ, കത്തോലിക്കാ മാതാപിതാക്കളുടെ ഏറ്റവും ശ്രേഷ്ഠമായ ഉത്തരവാദിത്വം ദൈവം തങ്ങൾക്കേൽപ്പിച്ചു തന്നിരിക്കുന്ന കുഞ്ഞുങ്ങളെ കൗദാശിക അടിത്തറയിൽ വളർത്തുക എന്നതാണെന്ന സത്യം ഒരിക്കലും മറക്കാതിരിക്കാം. ഏറ്റവും പ്രധാനമായി വി. കുർബ്ബാന കേന്ദ്രീകൃതമായ ഒരു വിശ്വാസപരിശീലനത്തിന് നാം പ്രാധാന്യം കൊടുക്കണം. കുട്ടികളോടൊപ്പം മാതാപിതാക്കളും വി. ബലിയിൽ സംബന്ധിക്കണം. നമ്മുടെ മക്കളെ വി. കുർബ്ബാനയുടെ അനുഭവത്തിൽ വളർത്തുവാൻ സാധിക്കണം. കൂടാതെ, നമ്മുടെ കുടുംബങ്ങളിൽ പരമ്പരാഗതമായി പുലർത്തി വരുന്ന നല്ല ശീലങ്ങളും നിഷ്ഠകളും ആധ്യാത്മികാനുഷ്ഠാനങ്ങളും ഒരിക്കലും നഷ്ടപ്പെടുത്താതെ സൂക്ഷിക്കണം. പ്രഭാത പ്രാർത്ഥന, ജപമാല, ബൈബിൾപാരായണം, കുമ്പസാരം, കുർബ്ബാനസ്വീകരണം, ഉപവാസം, നോമ്പാചരണം, ഭക്തസംഘടനകളിലെ പ്രവർത്തനം എന്നിവ മുടങ്ങാതിരിക്കുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം.

വി. പോൾ ആറാമൻ മാർപാപ്പ മാതാപിതാക്കളോട് നടത്തുന്ന അഭ്യർത്ഥന ഹൃദയസ്പർശിയാണ്. അദ്ദേഹം ഇങ്ങനെ ചോദിച്ചു; അമ്മമാരെ, നിങ്ങൾ നിങ്ങളുടെ കുഞ്ഞുങ്ങളെ ക്രിസ്തീയ പ്രാർത്ഥനകൾ പഠിപ്പിക്കാറുണ്ടോ? അവർ ചെറുപ്പത്തിൽ സ്വീകരിക്കുന്ന വി. കുമ്പസാരം, ദിവ്യകാരുണ്യം, തൈലാഭിഷേകം എന്നീ കൂദാശകൾക്ക് വൈദികരോടൊത്തുചേർന്ന് നിങ്ങൾ അവരെ ഒരുക്കാറുണ്ടോ? അവർ രോഗികളായിരിക്കു മ്പോൾ പീഡകൾ സഹിച്ച ക്രിസ്തുവിനെക്കുറിച്ച് ചിന്തിക്കുവാനും പരിശുദ്ധ അമ്മയുടെയും വിശുദ്ധരുടെയും സഹായം തേടുവാനും നിങ്ങൾ അവരെ പ്രോത്സാഹിപ്പിക്കാറുണ്ടോ? നിങ്ങൾ ഒരുമിച്ച് ജപമാല പ്രാർത്ഥന ചൊല്ലാറുണ്ടോ? അല്ലയോ പിതാക്കന്മാരെ, നിങ്ങൾ മക്കളോടൊന്നിച്ച് പ്രാർത്ഥിക്കാറുണ്ടോ? ചിന്തയിലും പ്രവൃത്തിയിലും നിങ്ങൾ മക്കൾക്ക് സത്യസന്ധതയുടെ മാതൃകയാ കാറുണ്ടോ? ഇങ്ങനെയാണ് നിങ്ങളുടെ കുടുംബത്തിന് നിങ്ങൾ സമാധാന മണയ്ക്കുന്നത്. നിങ്ങൾ സഭയെ കെട്ടിപ്പടുക്കുന്നത് അങ്ങനെയാണെന്ന് ഓർമ്മിക്കുക *(Familiaris Consortio,* 60*)*.

കുടുംബ പ്രാർത്ഥന ക്രൈസ്തവ കുടുംബത്തിന്റെ മുഖമുദ്രയാണ്. ‘‘ഒന്നിച്ചു പ്രവർത്തിക്കുന്ന കുടുംബം ഒന്നിച്ചു നില്ക്കും.’’ എന്ന ആപ്ത വാക്യം വളരെ അർത്ഥവത്തായിട്ടുള്ളതാണ്. ഏകാഗ്രതയോടും ഭക്തിയോടുംകൂടി ദൈവസാന്നിദ്ധ്യം അനുഭവിച്ചുകൊണ്ട് കുടുംബാംഗങ്ങൾ ഏക സ്വരത്തിൽ നടത്തുന്ന സ്നേഹ സംഭാഷണമാകണം പ്രാർത്ഥന. പ്രാർത്ഥന വഴി നമ്മുടെ കുടുംബങ്ങൾ ദൈവാലങ്ങളായിത്തീരട്ടെ എന്ന് ഞാൻ ആഗ്രഹിക്കുന്നു, പ്രാർത്ഥിക്കുന്നു.

കുട്ടികളുടെ വിശ്വാസപരിശീലനത്തിന്റെ മറ്റൊരു പ്രധാനപ്പെട്ട വേദിയാണ് സൺഡേസ്കൂളുകൾ. 1 മുതൽ 12-ാം ക്ലാസ്സുവരെ നീണ്ടുനിൽക്കുന്ന വിശ്വാസപരിശീലന പദ്ധതിയാണ് നമ്മുടെ സഭയിൽ ആവിഷ്ക്കരിക്കപ്പെട്ടിരിക്കുന്നത്. മക്കളെ കൃത്യമായി വിശ്വാസപരിശീലനത്തിനയക്കുമ്പോഴും മാതാപിതാക്കൾക്ക് കൃത്യമായ മതബോധന സങ്കൽപ്പമുണ്ടോയെന്നത് സംശയകരമാണ്. പല മാതാപിതാക്കളും ചോദിക്കാറുണ്ട്. “വേദപാഠം പഠിച്ചിട്ട് എന്തുഗുണം. ഏതെങ്കിലും ഭൗതിക നേട്ടത്തിനായല്ല നമ്മുടെ മക്കളെ വിശ്വാസത്തിലും സന്മാർഗ്ഗത്തിലും ആഴപ്പെടുത്തുക എന്നതാണ് വിശ്വാസപരിശീലന ക്ലാസ്സുകൾവഴി നാം ലക്ഷ്യം വയ്ക്കുന്നത്. സ്വർഗ്ഗരാജ്യമെന്ന വലിയ ലക്ഷ്യത്തിൽ നമ്മുടെ മക്കൾ എത്തിച്ചേരാനായി മക്കളെ വിശ്വാസ പരിശീലന ക്ലാസ്സുകളിലേയ്ക്കയക്കുന്ന മാതാപിതാക്കളായി എല്ലാവരും മാറുന്ന ഒരുകാലമാണ് നാം സ്വപ്നം കാണേണ്ടത്.

പ്രിയ മാതാപിതാക്കളെ, വിശ്വാസപരിശീലനത്തിന്റെ യഥാർത്ഥ ലക്ഷ്യത്തെ സംബന്ധിച്ച് ശരിയായ ഒരു അവബോധം നമുക്ക് ആവശ്യമുണ്ട് വിശ്വാസപരിശീലന ക്ലാസ്സുകൾക്ക് പോയി നല്ല മാർക്കു വാങ്ങുന്നതുകൊണ്ട് തീരുന്ന ഒന്നല്ല മതബോധനം. ബുദ്ധിയിലൂടെ ലഭിച്ചത് സ്വഭാവത്തിലൂടെ പ്രകടമാക്കുമ്പോഴാണ് (Behavioural Realm) വിശ്വാസപരിശീലനം ലക്ഷ്യപ്രാപ്തിയിലെത്തുക. മാതാപിതാക്കളെ ബഹുമാനിക്കണം എന്ന കൽപ്പന പഠിപ്പിച്ചാൽ അത് മതബോധനമാവില്ല മറിച്ച് അത് പ്രാവർത്തികമാക്കുമ്പോഴാണ് മതബോധന ക്ലാസ്സുകൾ ലക്ഷ്യം കാണുന്നത്. വിശ്വാസപരിശീലന ക്ലാസ്സുകളിലൂടെ കടന്നുപോകുന്ന ഒരു കുട്ടി മൂന്നു ഘട്ടങ്ങളിലൂടെ രക്ഷയിലേക്ക് കടന്നുവരണം.

1. ഈശോയെ അറിയുക (Cognitive Realm): പഠനത്തിന്റെ മേഖല യാണിത്. ആകർഷകമായ ക്ലാസ്സ് അനുഭവങ്ങളിലൂടെ വിശ്വാസ തീക്ഷ്ണതയുള്ള വിശ്വാസപരിശീലകരിലൂടെ, വിവിധങ്ങളായ പഠന ഉപകരണങ്ങളിലൂടെ കുട്ടികൾക്ക് നമ്മൾ ഈശോയെ പകർന്നു കൊടുക്കുന്നു.

2. ഈശോയെ ജീവിക്കുക (Behavioural Realm): വിശ്വാസ പരിശീലന ക്ലാസ്സുകളിൽ കുട്ടികൾ പഠിച്ചവ ജീവിതത്തിൽ പകർത്തുവാൻ പരിശ്രമിക്കണം. സ്വഭാവസവിശേഷതകൾ, കൂദാശ കളുടെ സ്വീകരണം, സഭാത്മക ജീവിതം മുതലായവ പരിഗണനാ വിഷയങ്ങളാകണം.

3. ഈശോയെ പകർന്നു നല്കുക (Praxis Realm): ഈശോയെ അറിയുകയും ജീവിക്കുകയും ചെയ്താൽ പോരാ, ഈശോയെ പങ്കുവയ്ക്കാൻ സാധിക്കണം. പാവങ്ങളുടെ പക്ഷം ചേരൽ, കാരുണ്യ പ്രവർത്തനങ്ങൾ, രോഗികളോടുള്ള പരിഗണന മുതലായവ വഴി ഈശോയെ പങ്കുവയ്ക്കണം.

ഒരു വിശ്വാസപരിശീലനകളരി പൂർണതയിലെത്താൻ ഈ മൂന്നു ഘടകങ്ങളും ആവശ്യമാണ്: ഈശോയെ അറിയുക... ഈശോയിൽ ജീവിക്കുക... ഈശോയെ പകർന്നു നല്കുക... ഇത്തരം ഒരു ജീവിതം ചെന്ന് എത്തിനില്ക്കുന്നത് ദൈവസന്നിധിയിലായിരിക്കും, അവിടു ത്തെ രക്ഷയിലും സ്വർഗ്ഗ രാജ്യത്തിലുമായിരിക്കും. അതുകൊണ്ടാണ് മാതാപിതാക്കൾ ബദ്ധശ്രദ്ധരായാൽ മാത്രമേ വിശ്വാസപരിശീലനം വിജയിക്കൂ എന്ന് പറയുന്നത്.

പ്രിയപ്പെട്ട ദൈവജനമേ, വിശ്വാസപരിശീലനം ഒരു ഇടവകയുടെ പ്രധാനപ്പെട്ട ദൗത്യമായി കണ്ടുകൊണ്ട് കുട്ടികൾക്ക് നല്ലപരിശീലനം

കൊടുക്കുവാൻവേണ്ട ഭൗതിക സാഹചര്യങ്ങൾ ഓരോ ഇടവകാ സമൂഹവും ഒരുക്കേണ്ടതാണ്. ഇളം തലമുറയ്ക്ക് വിശ്വാസം പകർന്നുകൊടുക്കുന്നതിനും വിശ്വാസത്തിൽ അവരെ ആഴപ്പെടുത്തുന്നതിനും ദൈവാനുഭവവും ദൈവഭക്തിയും ദൈവഭയവുമുള്ള കുഞ്ഞുങ്ങളെ വാർത്തെടുക്കുന്നതിനുമുള്ള സൺഡേ സ്കൂളുകളുടെ പ്രവർത്തനങ്ങളിൽ ഇടവകയിലെ എല്ലാ അംഗങ്ങളുടെയും സഹായസഹകരണങ്ങൾ ഉണ്ടാകണമെന്ന് സനേഹത്തോടെ ഓർമ്മിപ്പിക്കുന്നു. നമ്മുടെ സൺഡേ സ്കൂളുകളിൽ നിസ്വാർത്ഥരായി വിശ്വാസരംഗത്ത് പ്രവർത്തിക്കുന്ന എല്ലാ വിശ്വാസപരിശീലകരെയും അവർക്ക് നേതൃത്വം കൊടുക്കുന്ന ബഹു. വൈദികരെയും സന്യസ്തരെയും ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയും അവർക്ക് ധാരാളം ദൈവാനുഗ്രഹം ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മതബോധനവർഷം ആരംഭിക്കുന്ന ഞായറാഴ്ചയിലെ സ്തോത്രക്കാഴ്ച അതിരൂപതയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കുകയാണ് പതിവ്. വരുന്ന ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ചയിൽ എല്ലാവരും ഉദാരമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഒരിക്കൽക്കൂടി എല്ലാവർക്കും മതബോധന ഞായറിന്റെ ആശംസകൾ നേരുന്നു. കുഞ്ഞുങ്ങൾ "ബാലനായി ഈശോയെപ്പോലെ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും സംപ്രീതിയിലും" വളർന്നുവരാൻ നസ്രത്തിലെ തിരുക്കുടുംബം കൃപനല്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. വിശ്വാസപരിശീലനരംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരെയും വിശ്വാസപരിശീലനത്തിൽ ഏർപ്പെടുന്ന കുഞ്ഞുങ്ങളെയും ഞാൻ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാമാവിന്റെയും നാമത്തിൽ ✠ആശീർവദിക്കുന്നു.

നിങ്ങളുടെ പിതാവ്,

തലശ്ശേരി
25-04-2022

**മാർ ജോസഫ് പാംപ്ലാനി**
തലശ്ശേരി അതിരൂപതയുടെ ഇടയൻ

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2022 മെയ് മാസം 22-ാം തീയതി ഞായറാഴ്ച വി. കുർബ്ബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബ്ബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.




## 1. ബഹുമാനപ്പെട്ട വൈദികരുടെ സ്ഥലംമാറ്റം

തലശ്ശേരി അതിരൂപതയിലെ വൈദികരുടെ സ്ഥലംമാറ്റം ഈ വർഷം മെയ് മാസം 14-ാം തീയതിയാണ്. 14-ാം തീയതി ശനിയാഴ്ച പുതിയ സ്ഥലങ്ങളിൽ എത്തിച്ചേർന്ന് 15-ാം തീയതി ഞായറാഴ്ച നിയമനപത്തോന്തി വായിച്ച് ചുമതല ഏല്ക്കേണ്ടതാണ്. സ്ഥലംമാറ്റമുള്ള എല്ലാ വികാരിയച്ചന്മാരും സ്ഥലംമാറിപ്പോകുന്നതിനു മുമ്പ് വികാരിമാറ്റ റിപ്പോർട്ട് തയ്യാറാക്കി, ഒപ്പിട്ട് നടത്തുകൈക്കാരനെക്കൊണ്ടും ഒപ്പിടുവിച്ച് പുതിയ വികാരിയെ ഏല്പിക്കാനുള്ള ക്രമീകരണങ്ങൾ ചെയ്യണം. പുതിയ വികാരി ഉത്തരവാദിത്വം ഏറ്റെടുത്ത് തൊട്ടടുത്ത ദിവസം തന്നെ വികാരിമാറ്റ റിപ്പോർട്ട് ഒപ്പിട്ട് അതിരൂപതാ കച്ചേരിയിലേയ്ക്ക് ഒരു കോപ്പി അയച്ചുതരണം. ഒരു കോപ്പി ഇടവക ഫയലിൽ സൂക്ഷിക്കണം. സ്ഥലം മാറുന്ന വികാരിമാർക്ക് പത്തോന്തിയോടൊപ്പം വികാരിമാറ്റ റിപ്പോർട്ടിന്റെ ഓരോ ഫോംകൂടി അയയ്ക്കുന്നുണ്ട്. കുരിശുപള്ളികൾ ഉള്ളവർ പ്രസ്തുതഫോമിന്റെ ഫോട്ടോ കോപ്പി എടുത്ത് ഉപയോഗിക്കേണ്ടതാണ്. ചില ഫൊറോനകളിൽനിന്ന് അച്ചന്മാർ നിർദ്ദേശിച്ചതുപോലെ, നീക്കിയിരിപ്പ് പണവും താക്കോലും മറ്റും സ്ഥലം മാറിപ്പോകുന്ന വികാരി നടത്ത് കൈക്കാരനെ ഏല്പിക്കുന്നത് സാധിക്കുമെങ്കിൽ ഫൊറോന വികാരിയുടെ സാന്നിദ്ധ്യത്തിലാകുന്നത് നന്നായിരിക്കും.

വൈദികർ സ്ഥലംമാറുന്ന മാസത്തെ അലവൻസിന്റെ പകുതി ഇപ്പോൾ ജോലിചെയ്യുന്ന സ്ഥലത്തുനിന്നും ബാക്കി പകുതി പുതിയ സ്ഥലത്തുനിന്നും സ്വീകരിക്കേണ്ടതാണ്.

## 2. ഇടവകയിലെ സുപ്രധാനരേഖകളുടെ സംരക്ഷണം

ഇടവകയിലെ പ്രധാനപ്പെട്ട രേഖകൾ, രജിസ്റ്ററുകൾ എന്നിവ കൃത്യമായും സുരക്ഷിതമായും സൂക്ഷിക്കുക ഇടവകവികാരിയുടെ ഉത്തരവാദിത്വമാണ്. എല്ലാ ഇടവകകളിലെയും ഇടവകസ്ഥാപന ഡിക്രി, 12 എ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പാൻകാർഡ് എന്നിവ ഏറ്റവും

സുരക്ഷിതമായി പ്രത്യേക ഫയലിൽ സൂക്ഷിക്കണം. ഈ രേഖകളുടെ കോപ്പികൾ എടുത്തു വയ്ക്കുകയും ചെയ്യണം.

### 3. അഭിനന്ദനങ്ങൾ

**റവ. ഡോ. ജോസഫ് കാക്കരമറ്റത്തിൽ:** ഫ്രാൻസിലെ ലോറൈൻ യൂണിവേഴ്സിറ്റിയിൽനിന്നും സിസ്റ്റമാറ്റിക്കൽ തിയോളജിയിൽ Articulation of Immanence of Incarnation: Easthetical Theology of Hans Urs Von Balthasur എന്ന വിഷയത്തിൽ പിഎച്ച്ഡി കരസ്ഥമാക്കിയ ഫാ. ജോസഫ് കാക്കരമറ്റത്തിലിന് ഹൃദയപൂർവം അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**റവ. ഡോ. തോമസ് തടത്തിൽപുത്തൻവീട്ടിൽ:** റോമിലെ പൊന്തിഫിക്കൽ ഊർബൻ യൂണിവേഴ്സിറ്റിയിൽനിന്നും കത്തോലിക്കാ സഭയിലെ സിനഡാലിറ്റിയുടെ-ദൈവശാസ്ത്രപരവും കാനോനികവുമായ സാധുത എന്ന വിഷയത്തിൽ പിഎച്ച്ഡി കരസ്ഥമാക്കിയ റവ.ഫാ. തോമസ് തടത്തിപുത്തൻവീട്ടിലിന് ഹൃദയപൂർവം അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**റവ. ഫാ. ഇമ്മാനുവേൽ കൂനങ്കിയിൽ:** വടവാതൂർ പൗരസ്ത്യ വിദ്യാപീഠത്തിൽനിന്നും പൗരസ്ത്യ സഭാനിയമത്തിൽ മാസ്റ്റർ ബിരുദം കരസ്ഥമാക്കിയ റവ. ഫാ. ഇമ്മാനുവേൽ കൂനങ്കിക്ക് ഹൃദയപൂർവം അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**ബഹു. തോമസ് മണവത്ത് :** ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളേജിൽനിന്നും ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷനിൽ റാങ്കോടുകൂടി പാസ്സായ ബഹു. തോമസ് മണവത്ത് അച്ചന് അഭിനന്ദനങ്ങൾ.

### 4. ജൂണിയർ വൈദികരുടെ കോഴ്സ് – 2012 ഡിസംബർ മുതൽ 2022 ജനുവരി വരെ തിരുപ്പട്ടം സ്വീകരിച്ചവർ

2012–2022 വർഷം തിരുപ്പട്ടം സ്വീകരിച്ച ബാച്ചുകളിലെ വൈദികർക്കായി ഒരു പരിശീലന പരിപാടി 2022 ജൂൺ 6 തിങ്കളാഴ്ച രാവിലെ 10 മണിമുതൽ 8–ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ഒരുമണിവരെ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടത്തുന്നതാണ്. പ്രസ്തുത ബാച്ചുകളിൽപ്പെട്ട അച്ചന്മാർ ഈ ദിവസങ്ങൾ നേരത്തെതന്നെ കോഴ്സിനു വേണ്ടി മാറ്റിവയ്ക്കേണ്ടതാണ്.

**5. മതബോധന ഞായർ**

2022 മെയ് 29-ാം തീയതി ഞായറാഴ്ചയാണ് മതബോധന ഞായർ. മതബോധനക്ലാസ്സുകൾ കോവിഡ്കാലത്തിനു മുമ്പുണ്ടായിരുന്നതു പോലെ മതബോധന ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച അതിരൂപ തയിലെ മതബോധന പ്രവർത്തനങ്ങളെ സഹായിക്കാനായി സമാഹ രിക്കുമല്ലോ.

**6. ആദരാഞ്ജലികൾ**

**ശ്രീ കെ.കെ. ജോർജ് (87) :** ബഹു. ആന്റണി കുറിച്യാപറമ്പി ലിന്റെ സഹോദരൻ ശ്രീ കെ.കെ. ജോർജ് കുറിച്യാപറമ്പിൽ 2022 ഏപ്രിൽമാസം 8-ാം തീയതി നിര്യാതനായി. മൃതസംസ്ക്കാരം 2022 ഏപ്രിൽ 9-ാം തീയതി കടുത്തുരുത്തി സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ (താഴത്തുപള്ളി) നടന്നു. ബഹു. ആന്റണി അച്ച നെയും കുടുംബാംഗങ്ങളെയും അനുശോചനം അറിയിക്കുകയും പരേ തന് നിത്യസൗഭാഗ്യം ലഭിക്കട്ടെയെന്ന് പ്രാർഥിക്കുകയും ചെയ്യുന്നു.

**സി. വിമൽ റോസ് (67):** ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് സന്യാസിനി സമൂഹത്തിന്റെ തലശ്ശേരി സെന്റ് ജോസഫ് പ്രൊവിൻസ് അംഗവും ബൽത്തങ്ങാടി റാണി മരിയ റീജിയന്റെ മുൻ റീജിയണൽ സുപ്പീരിയറുമായ സി. വിമൽ റോസ് (67) 2022 ഏപ്രിൽ 1-ന് നിര്യാതയായി. മൃതസംസ്ക്കാരം ഏപ്രിൽ 2-ാം തീയതി 11.30-ന് ആർച്ച് ബിഷപ് മാർ ജോർജ് ഞറളക്കാട്ടിന്റെയും ബൽത്തങ്ങാടി ബിഷപ് മാർ ലോറൻസ് മുക്കുഴിയുടെയും മുഖ്യ കാർമ്മികത്വത്തിൽ കുന്നോത്ത് നൊവിഷ്യറ്റ് ഹൗസ് സെമിത്തേരിയിൽ നടത്തി. വയനാട് ജില്ലയിലെ വെള്ളമുണ്ടയിൽ പരേതരായ നീലനാൽ പൗലോസ്, ത്രേസ്യ ദമ്പതിമാരുടെ സീമന്തപുത്രിയായി 1954 ജൂൺ 1-ന് ജനിച്ചു. 3 സഹോദൻമാരും 4 സഹോദരിമാരും അടങ്ങുന്ന നീലനാൽ കുടുംബം കഴിഞ്ഞ 25 വർഷങ്ങളായി കാസർഗോഡ് ജില്ലയിലെ കരിവേടകം എന്ന സ്ഥലത്താണ് താമസിച്ചു വരുന്നത്. 24.05.1982-ൽ നിത്യവ്രത സമർപ്പണം നടത്തി.



1997 മുതൽ 2003 വരെ എഫ് സി.സിയുടെ ജനറലേറ്റായ പോർസ്യുങ്കുളായിൽ സെക്രട്ടറി ജനറലായും 2009 മുതൽ 2015 വരെ തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറായും 2018 മുതൽ 2021 വരെ ബൽത്തങ്ങാടി റാണി മരിയ

റീജിയണിന്റെ റീജിയണൽ സുപ്പീരിയറായും 2003-2006 വർഷങ്ങളിൽ അസി. പ്രൊവിൻഷ്യലായും, കണ്ണൂർ പ്രൊവിൻഷ്യൽ ഹൗസ് സുപ്പീരിയറായും സിസ്റ്റർ സേവനം ചെയ്തു. വയനാട് കെല്ലൂർ, കുന്നോത്ത് സാവിയോ (ബോയ്സ് ടൗൺ), വേനപ്പാറ ബാലഭവൻ, കമ്പല്ലൂർ, കർണ്ണാടക തോട്ടത്താടി ശാന്തിഭവൻ എന്നിവിടങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. സ്വർഗ്ഗീയ ഭവനത്തിലേയ്ക്ക് യാത്രയായ സിസ്റ്ററിന്റെ ആത്മാവിനെ നിത്യതയിലേയ്ക്ക് ചേർക്കണമേ എന്ന് പ്രാർത്ഥിക്കുന്നു.

**സി. പയസ്സ് കുറിച്ചിയാനിൽ എസ്. എച്ച്. (85):** തിരുഹൃദയസന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗമായ സി. പയസ്സ് കുറിച്ചിയാനിൽ എസ് എച്ച് 2022 മാർച്ച് 29 ന് നിര്യാതയായി. മൃതസംസ്ക്കാരം മാർച്ച് 30 ന് രാവിലെ 10 മണിക്ക് ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ടിന്റെ മുഖ്യകാർമ്മികത്വത്തിൽ പേരാവൂർ എസ് എച്ച് പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ നടത്തി. 29-ാം തിയ്യതി വൈകുന്നേരം നിയുക്ത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ആദരാഞ്ജലികളർപ്പിച്ചു പ്രാർത്ഥിച്ചു. പരേത അതിരമ്പുഴ-തെള്ളകം പുഷ്പഗിരി ഇടവകയിൽ കുറിച്ചിയാനിൽ പരേതരായ മാത്യു-റോസമ്മ ദമ്പതികളുടെ 5-ാമത്തെ പുത്രിയാണ്. പേരാവൂർ, ആലക്കോട്, കൊളക്കാട്, കല്ലാനോട്, കൂരാച്ചുണ്ട്, കട്ടിപ്പാറ, പൈസക്കരി, മണിമൂളി, വിളക്കന്നൂർ, പുലിക്കുരുമ്പ, എടത്തൊട്ടി എന്നീ സ്ഥലങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. മരിക്കുമ്പോൾ നിർമ്മലഗിരി സാൻജോസ് ഭവൻ അംഗമായിരുന്നു. സിസ്റ്ററിനെ ദൈവം നിത്യമഹത്വത്തിലേക്ക് പ്രവേശിപ്പിക്കുമാറാകട്ടെ.



**സി. ആനീസ് എം.എസ്.എം.ഐ. (84):** എം.എസ്.എം.ഐ. സന്യാസസമൂഹത്തിന്റെ തലശ്ശേരി സാൻജോസ് പ്രൊവിൻസ് അംഗമായ സി. ആനീസ് എംഎസ്എംഐ (84) 2022 മാർച്ച് 30-ന് നിര്യാതയായി. വളരെക്കാലമായി അനാരോഗ്യംമൂലം ചികിത്സയിലായിരുന്നു. മൃതസംസ്ക്കാരം 31-03-2022 വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ കാർമ്മികത്വത്തിൽ നെല്ലിക്കുറ്റി സീയോൺ കോൺവെന്റ് സിമിത്തേരിയിൽ നടന്നു. പരേതരായ പുളിയംപറമ്പിൽ ജോസഫ്-ത്രേസ്യ ദമ്പതികളുടെ 6-ാമത്തെ പുത്രിയാണ്. കുളത്തുവയൽ, നിലമ്പൂർ, സെനക്കിൾ,



രണ്ടാംകടവ്, രയറോം, മേരിപുരം, മേരിഗിരി, തേർമല, കാഞ്ഞിര ക്കൊല്ലി, കോട്ടൂർ, എടപ്പുഴ, കൂത്തുപറമ്പ്, കോലുവള്ളി, എമ്പേറ്റ് എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സി. മരീന എംഎസ്എംഐ പരേതയുടെ സഹോദരിയാണ്. സിസ്റ്ററിന്റെ ആത്മാ വിന് നിത്യശാന്തി ലഭിക്കട്ടെയെന്ന് പ്രാർഥിക്കുന്നു.

**7. സ്നേഹസ്മൃതി**

| | | |
|---|---|---|
| 1. | റവ. ഫാ. ജോസഫ് മാടക്കച്ചേരി | - 05-05-2002 |
| 2. | റവ. ഫാ. അബ്രാഹം കാവളക്കാട്ട് | - 06-05-1991 |
| 3. | റവ. ഫാ. ജോസ് കരിക്കാട്ടുകണ്ണിയേൽ | - 06-05-2021 |
| 4. | റവ. ഫാ. ജോസഫ് മാമ്പുഴ | - 13-05-2007 |
| 5. | റവ. ഫാ. സിറിയക് വാഴയിൽ | - 14-05-2021 |
| 6. | മോൺ. ജേക്കബ് പുത്തേട്ട് | - 16-05-1989 |
| 7. | മോൺ. തോമസ് പഴേപറമ്പിൽ | - 22-05-1992 |
| 8. | റവ. ഫാ. ജോൺ മണ്ണനാൽ | - 23-05-2008 |
| 9. | റവ. ഫാ. ജോസ് മാരാംകുഴ | - 23-05-2012 |
| 10. | റവ. ഫാ. മാത്യു നടുവിലേക്കുറ്റ് | - 24-05-1997 |
| 11. | റവ. ഫാ. ഫിലിപ്പ് മുറിഞ്ഞകല്ലേൽ (ജൂനി.) | - 25-05-2003 |
| 12. | റവ. ഫാ. ജോർജ് താമരശ്ശേരി | - 26-05-2008 |
| 13. | റവ. ഫാ. ജോസഫ് മേമന | - 27-05-2013 |

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

## തലശ്ശേരി അതിരൂപതയുടെ തൃതീയ മെത്രാപ്പോലീത്ത ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനിയുടെ സ്ഥാനാരോഹണ ചടങ്ങുകൾ

2022 ഏപ്രിൽ 20 ബുധൻ. തലശ്ശേരി മെത്രാപ്പോലീത്തൻ പള്ളിയുടെ മൈതാനിയിൽ തയ്യാറാക്കിയ വിശാലമായ പന്തലിലേയ്ക്ക് പ്രഭാതം മുതൽ തന്നെ വിശ്വാസികൾ പ്രവഹിച്ചു തുടങ്ങി. കൃത്യം 8.45-ന് പുതിയ ഇടയന്റെ ആഗമനം അറിയിച്ചുകൊണ്ട് പള്ളിമണികൾ മുഴങ്ങി. അഭിവന്ദ്യ പിതാക്കന്മാരാൽ അനുഗതനായി എത്തിയ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനെയും കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി, കർദ്ദിനാൾ ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്കാബാവ, കർദ്ദിനാൾ ഓസ്‌വാൾസ് ഗ്രേഷ്യസ്, അപ്പസ്തോലിക്ക് ന്യൂൺഷ്യോ ആർച്ചുബിഷപ്പ് ലിയോപോൾദോ ജിറേല്ലി എന്നിവരെയും കരുവഞ്ചാൽ ആശാഭവനിലെ കുട്ടികളുടെ ബാന്റ്സെറ്റിന്റെ അകമ്പടിയോടെ സ്വീകരിച്ചു. ഒമ്പത് മണിക്ക് സാൻജോസ് മെട്രോപോളിറ്റൻ സ്കൂളിൽ നിന്ന് പ്രദക്ഷിണം ആരംഭിച്ചു. തിരുവസ്ത്രങ്ങളണിഞ്ഞ് വൈദികരും മെത്രാന്മാരും അവർക്കു പിന്നിൽ ആർച്ചുഡീക്കൻ മോൺ. അലക്സ് താരാമംഗലം, പിതാവിന്റെ സഹോദരൻ ഫാ. അഗസ്റ്റിൻ പാംപ്ലാനി എന്നിവരാൽ അനുഗതനായി മാർ ജോസഫ് പാംപ്ലാനി പിതാവും കുരിശിനു പിന്നാലെ ദൈവാലയാങ്കണത്തിൽ സജ്ജീകരിച്ച മദ്ബഹയിലേക്ക് പ്രദക്ഷിണമായി നീങ്ങി.

കത്തീഡ്രൽ ദൈവാലയത്തിനുള്ളിൽ നിന്ന് മുഖ്യകാർമ്മികനായ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയും സഹകാർമികരായ മാർ ജോർജ് ഞറളക്കാട്ട്, മാർ ജോർജ് വലിയമറ്റം എന്നിവരും കർദ്ദിനാൾ ഓസ്‌വാൾഡ് ഗ്രേഷ്യസ്, കർദ്ദിനാൾ ബസേലിയോസ് മാർ ക്ലീമിസ്ബാവ എന്നിവർക്കൊപ്പം മദ്ബഹയിലെത്തി. ഗായകസംഘം ആലപിച്ച പ്രവേശനഗാനം സമാപിച്ചപ്പോൾ അതിരൂപതാ സിൻചെല്ലൂസ് മോൺ. ജോസഫ് ഒറ്റപ്ലാക്കൽ ഏവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് മാർ ജോസഫ് പാംപ്ലാനിയെ അതിരൂപതാ മെത്രാപ്പോലീത്തയായി നിയമിച്ചുകൊണ്ടുള്ള സീറോ-മലബാർ സഭയുടെ തലവന്റെ നിയമനപത്രിക അതിരൂപതാ ചാൻസലർ റവ. ഡോ. തോമസ് തെങ്ങുംപള്ളിൽ വായിച്ചു.

സ്ഥാനാരോഹണ കർമ്മം "അത്യുന്നതമാം...." എന്ന ഗീതത്തോടെ ആരംഭിച്ചു. കർത്തൃപ്രാർഥനയക്കും 131-ാം സങ്കീർത്തനാലാപനത്തിനുശേഷം മുട്ടുകൾകുത്തി പ്രാർഥനാനിരതനായി നിന്ന അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ ശിരസ്സിൽ വലതുകരം വച്ച് കാർമികൻ പ്രാർഥിച്ചു. ഇടയനടുത്ത ശുശ്രൂഷ നിർവഹിക്കുന്നതിനും സഭാസമൂഹത്തെ വിശ്വസ്തതാപൂർവം ഭരിക്കുന്നതിനും സഭയിലെ ശുശ്രൂഷയ്ക്കായി പ്രവിശ്യയിലെ മെത്രാന്മാരെ കൈവയ്പ്പുവഴി വാഴിക്കുന്നതിനും ഉന്നതങ്ങളിൽ നിന്നുള്ള ദൈവകൃപ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെമേൽ വർഷിക്കണമേയെന്ന മേജർ ആർച്ചുബിഷപ്പിന്റെ പ്രാർഥനയ്ക്കുശേഷം ആചാരംചെയ്ത് എഴുന്നേറ്റ പാംപ്ലാനി പിതാവ് മുടി ധരിച്ചു. തുടർന്ന് അംശവടി നല്കി. കാർമികർ ഒന്നിച്ച് കൈമാറിയ അംശവടി സവിശേഷമായി അധികാര കൈമാറ്റത്തിന്റെ അടയാളമായിരുന്നു. മനോഹരമായ കൊത്തുപണികളോടുകൂടിയ സ്വർണ്ണംപൂശിയ ഈ വടി 1896-ൽ എറണാകുളം രൂപത സ്ഥാപിതമായപ്പോൾ ചങ്ങനാശ്ശേരിയിൽനിന്ന് മാർ ലൂയിസ് പഴേപറമ്പിലിനു സമ്മാനിച്ച അംശവാടിയാണ്. അത് കണ്ടത്തിൽ മാർ ആഗസ്തീനോസ് മെത്രാപ്പോലീത്ത 1954-ൽ തലശ്ശേരി അതിരൂപതയുടെ പ്രഥമ മെത്രാൻ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന് സമ്മാനമായി നല്കി. 1989-ൽ മാർ ജോർജ് വലിയമറ്റം അഭിഷിക്തനായപ്പോൾ ഈ അംശവടിയാണ് ഏറ്റുവാങ്ങിയത്. 2014-ൽ മാർ ജോർജ് ഞറളക്കാട്ടിന് കൈമാറിയ അതേ അംശവടി പുതിയ അവകാശി ആദരവോടെ ഏറ്റുവാങ്ങി.

തലശ്ശേരി അതിരൂപതയുടെ നാലാമത്തെ ഇടയനായി സ്ഥാനമേറ്റെടുത്ത മാർ ജോസഫ് പാംപ്ലാനിയെ 'കത്തീഡ്ര'എന്നറിയപ്പെടുന്ന ഭദ്രാസനത്തിലേക്ക് കാർമികൻ നയിച്ചു. ഭദ്രാസനത്തിൽ ഉപവിഷ്ടനായ അഭിനവ മെത്രാപ്പോലീത്തയെ നീണ്ടുനിന്ന ഹർഷാരവത്തോടെ ജനങ്ങൾ സ്വാഗതം ചെയ്തു. നവമെത്രാപ്പോലീത്ത തനിക്കുവേണ്ടി വിശ്വാസികളുടെ പ്രാർഥന അഭ്യർത്ഥിക്കുകയും ദൈവകരുണയ്ക്കായി യാചിക്കുകയും ചെയ്തു.

തുടർന്ന് മദ്ബഹയിലുണ്ടായിരുന്ന മേൽപ്പട്ടക്കാരെല്ലാവരും നവമെത്രാപ്പോലീത്തയെ ആശ്ലേഷിച്ച് അനുമോദിച്ചു. തുടർന്ന് അതിരൂപതാ വൈദികസമൂഹത്തിന്റെ പ്രതിനിധികളായി 16 ഫൊറോന വികാരിമാരും സന്യസ്തരുടെ പ്രതിനിധികളും അല്മായരെ പ്രതിനിധീക

രിച്ച് അതിരൂപതാ അല്മായസംഘടനകളുടെ പ്രസിഡന്റ്മാരും പുതിയ മെത്രാപ്പോലീത്തയുടെ മോതിരം ചുംബിച്ചുകൊണ്ട് വിധേയത്വം വാഗ്ദാനം ചെയ്തു. ആ സമയത്ത് ഗായകസംഘം സ്തോത്രഗീതം ആലപിച്ചു.

തുടർന്ന് ഉത്ഥാനഗീതത്തോടെ അഭിനവമെത്രാപ്പോലീത്തായുടെ മുഖ്യകാർമിത്വത്തിൽ വി. കുർബാന അർപ്പിച്ചു. ഒന്നാംവായന ബ്രയിലി ലിപി ഉപയോഗിച്ച് ജന്മനാ അന്ധനും കിളിയന്തറ സ്വദേശിയുമായ കെവിൻ വായിച്ചു. രണ്ടും മൂന്നും വായനകൾ അഭിവന്ദ്യ പിതാവിന്റെ സഹോദരങ്ങളായ സി. ഷൈനി പാംപ്ലാനി, ശ്രീ ഷാജി പി. ടോംസ് എന്നിവർ വായിച്ചു. വചനസന്ദേശം നല്കിയത് സീറോ-മലങ്കര സഭയുടെ പിതാവും തലവനുമായ ബസേലിയോസ് ക്ലീമിസ് പിതാവാണ്. വി. കുർബാനയ്ക്കുശേഷം നിയമനപത്രത്തിൽ മേജർആർച്ചുബിഷപ്പ്, മാർ ജോസഫ് പാംപ്ലാനി, സാക്ഷികളായി മാർ ജോർജ് ഞറളക്കാട്ട്, മാർ ജോർജ് വലിയമറ്റം, അതിരൂപതാ ചാൻസലർ ഫാ. തോമസ് തെങ്ങുംപള്ളിൽ എന്നിവർ ഒപ്പുവച്ചു. ഗായകസംഘം ആലപിച്ച സമാപനഗാനത്തോടെ തിരുക്കർമങ്ങൾ പര്യവസാനിച്ചു.

പതിനഞ്ചുമിനിട്ടിനുശേഷം അതേവേദിയിൽ അനുമോദനയാത്രയയപ്പ് സമ്മേളനം ആരംഭിച്ചു. ഇടവേളയിൽ ഫാ. സെബാസ്റ്റ്യൻ മണപ്പാത്തുപറമ്പിൽ തയ്യാറാക്കിയ കുടിയേറ്റത്തെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശിപ്പിച്ചു. മൈനർ സെമിനാരിയുടെ പൂമുഖത്തുനിന്നും വിശിഷ്ടാതിഥികളെ മുത്തുക്കുടകളുടെയും ബാന്റ്മേളത്തിന്റെയും അകമ്പടിയോടെ വേദിയിലേയ്ക്ക് ആനയിച്ചു. എല്ലാവരും വേദിയിൽ ഉപവിഷ്ടരായപ്പോൾ "Veni, Creator Spiritus", എന്ന പ്രാർഥനാഗാനം ഗായകസംഘം ആലപിച്ചു. യോഗത്തിൽ സംബന്ധിച്ചവർക്ക് അതിരൂപതാ സിൻചെല്ലൂസ് മോൺ. അലക്സ് താരാമംഗലം ഹൃദ്യമായ സ്വാഗതം ആശംസിച്ചു. മേജർ ആർച്ചുബിഷപ്പ് മാർ ജോർജ് കാർഡിനൽ ആലഞ്ചേരി അദ്ധ്യക്ഷപ്രസംഗം നടത്തി. കുടിയേറ്റ ജനതയുടെ ഭാഗ്യമാണ് മാർ ജോസഫ് പാംപ്ലാനിപിതാവെന്നും കർഷക ജനതയ്ക്ക് ആശയും പ്രതീക്ഷയുമാണെന്നും അഭിവന്ദ്യപിതാവ് പ്രസംഗത്തിനിടെ പറഞ്ഞു. പ്രവാചകധീരതയോടെ അതിരൂപതയെയും സഭയെയും നയിക്കാൻ നവമെത്രാപ്പോലീത്തയ്ക്ക് സാധിക്കട്ടെ എന്ന് അദ്ദേഹം ആശംസിച്ചു. തുടർന്ന് സി.ബി.സി.ഐ. പ്രസിഡന്റ് മുംബൈ ആർച്ചുബിഷപ്പുമായ കർദ്ദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ് ദീപംതെളിയിച്ച് യോഗം

ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന പ്രസംഗത്തിൽ മാർ ജോസഫ് പാംപ്ലാനിയുടെ ദൈവശാസ്ത്ര പാണ്ഡിത്യവും ഭരണനൈപുണ്യവും പുതിയ നിയോഗത്തിൽ അദ്ദേഹത്തിന് സഹായകമാകും എന്ന് കർദ്ദിനാൾ പറഞ്ഞു. സി.ബി.സി.ഐ. വൈസ് പ്രസിഡന്റായ ഞറളക്കാട്ട് പിതാവിന് കർദ്ദിനാൾ ആശംസകളർപ്പിച്ചു. തുടർന്ന് അപ്പസ്തോലിക് ന്യൂൺഷ്യോ ആർച്ചുബിഷപ്പ് ലിയോപോൾദോ ജിറേല്ലി അനുഗ്രഹ പ്രഭാഷണം നടത്തി. തലശ്ശേരിയുടെ സാംസ്കാരിക പൈതൃകത്തെയും തലശ്ശേരി അതിരൂപതയുടെ വിശ്വാസപാരമ്പര്യത്തെയും സാമൂഹ്യ സേവനരംഗങ്ങളിലെ നേട്ടങ്ങളെയും ആർച്ചുബിഷപ്പ് അനുസ്മരിച്ചു.

തുടർന്ന് കേന്ദ്രമന്ത്രി ശ്രീ വി. മുരളീധരൻ, സംസ്ഥാന ജലവിഭവ വകുപ്പുമന്ത്രി ശ്രീ റോഷി അഗസ്റ്റിൻ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ഏഴര വർഷം തലശ്ശേരി അതിരൂപതയെ നയിച്ച മാർ ജോർജ് ഞറളക്കാട്ട് പിതാവിനുള്ള ഉപഹാരം വൈദികപ്രതിനിധി ഫാ. മാത്യു കായാമ്മാക്കൽ, സന്യസ്ത പ്രതിനിധി സിസ്റ്റർ ഡോ. ട്രീസ പാലയ്ക്കൽ എസ്.എച്ച്. എന്നിവർ ചേർന്ന് സമർപ്പിച്ചു. മറുപടി പ്രസംഗത്തിൽ മാർ ജോർജ് ഞറളക്കാട്ട് ഏഴര വർഷക്കാലത്തെ തലശ്ശേരിയിലെ ശുശ്രൂഷയെ അനുസ്മരിക്കുകയും എല്ലാവർക്കും കൃതജ്ഞത പറയുകയും ചെയ്തു. പുതിയ ആർച്ചുബിഷപ്പിനുള്ള ഉപഹാരം കത്തീഡ്രൽ കോഡിനേറ്റർ ശ്രീ ബെന്നി ഫ്രാൻസീസ്, മിഷൻലീഗ് സീനിയർ വൈസ്പ്രസിഡന്റ് ശ്രീമതി ഷേർളി പാമ്പനാൽ എന്നിവർ ചേർന്ന് സമർപ്പിച്ചു. മാർ ജോസഫ് പാംപ്ലാനി പിതാവ് മറുപടി പ്രസംഗത്തിൽ ഒരേ സങ്കടങ്ങളും സ്വപ്നങ്ങളും പ്രശ്നങ്ങളും പ്രതിവിധികളും പങ്കുവയ്ക്കുന്നവർ എന്ന നിലയിൽ അകലങ്ങളില്ലാതെ ഒന്നിച്ച് പ്രവർത്തിക്കാൻ വിശ്വാസിസമൂഹത്തെ ആഹ്വാനം ചെയ്തു. വേദിയിൽ സന്നിഹിതരായിരുന്ന എം.പി.മാരും എം.എൽ.എ. മാരും സദസ്സിലുണ്ടായിരുന്ന വിവിധ മത-സാമൂഹ്യ-രാഷ്ട്രീയ രംഗങ്ങളിലെ പ്രമുഖരും അഭിവന്ദ്യ പിതാവിനെ പൊന്നാടകളണിയിച്ച് അഭിനന്ദനം അറിയിച്ചു.

കെ.സുധാകരൻ എം.പി, ജോൺ ബ്രിട്ടാസ് എം.പി, ബൽത്തങ്ങാടി രൂപത അധ്യക്ഷൻ മാർ ലോറൻസ് മുക്കുഴി, നജീബ് കാന്തപുരം എം എൽ എ (പെരിന്തൽമണ്ണ), സണ്ണി ജോസഫ് എം എൽ എ (പേരാവൂർ), സിസ്റ്റർ അനില മണ്ണൂർ (എസ്എബി.എസ് പ്രൊവിൻഷ്യൽ), സരിഗ കൊന്നക്കൽ, അഡ്വ. ടോണി പുഞ്ചക്കുന്നേൽ എന്നിവർ

ആശംസകൾ നേർന്നു. രാജ്മോഹൻ ഉണ്ണിത്താൻ എം.പി, പി. സന്തോഷ്കുമാർ എം.പി, അഡ്വ. സജീവ് ജോസഫ് എം.എൽ.എ, രാമചന്ദ്രൻ കടന്നപ്പള്ളി എം.എൽ.എ, കെ.കെ. ഷൈലജ ടീച്ചർ എം.എൽ.എ., കെ.വി. സുമേഷ് എം.എൽ.എ, പി.പി. ദിവ്യ (ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്), ജമുനാ റാണി (തലശ്ശേരി മുൻസിപ്പൽ ചെയർപേഴ്സൺ), പ്രഫ. ഗോപിനാഥ് രവീന്ദ്രൻ (കണ്ണൂർ സർവക ലാശാല വൈസ് ചാൻസലർ) എന്നിവർ വേദിയിൽ സന്നിഹിതരാ യിരുന്നു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജോർജ് തയ്യിൽ കൃതജ്ഞത പ്രകാശിപ്പിച്ചു. പാപ്പാഗാനത്തോടെ യോഗം പര്യവ സാനിച്ചു.

മാർ ആൻഡ്രൂസ് താഴത്ത് (തൃശ്ശൂർ ആർച്ചുബിഷപ്പ്), മാർ ജോസഫ് പെരുംതോട്ടം (ചങ്ങനാശ്ശേരി ആർച്ച്ബിഷപ്പ്), ആർച്ച്ബിഷപ്പ് എമരിറ്റസ് മാർ ജേക്കബ്ബ് തൂങ്കുഴി, മാർ ലോറൻസ് മുക്കുഴി (ബൽത്തംഗഡി), മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് (മാണ്ഡ്യ), മാർ ജോസഫ് അരുമച്ചാടത്ത് (ഭദ്രാവതി), മാർ ജോസ് പൊരുന്നേടം (മാനന്തവാടി), മാർ റെമീജിയസ് ഇഞ്ചനാനിയിൽ (താമരശ്ശേരി), മാർ ടോണി നീലങ്കാവിൽ (തൃശൂർ), മാർ റാഫേൽ തട്ടിൽ (ഷംഷാബാദ്), മാർ ജോസഫ് കല്ലറങ്ങാട്ട് (പാലാ), ബിഷപ് ജെയിംസ് ആനാപറമ്പിൽ (ആലപ്പുഴ), ബിഷപ് ജോസഫ് മാർ തോമസ് (ബത്തേരി), മാർ ജേക്കബ് മനത്തോടത്ത് (പാലക്കാട്), മാർ ജോസ് കല്ലുവേലിൽ (കാനഡ), മാർ ജോൺ നെല്ലിക്കുന്നേൽ (ഇടുക്കി), മാർ പോൾ ആലപ്പാട്ട് (രാമനാഥപുരം), ബിഷപ് അലക്സ് വടക്കുംതല (കണ്ണൂർ), ബിഷപ് സാമുവൽ ഐറേണിയസ് (തിരുവനന്തപുരം), മാർ സോബാസ്റ്റ്യൻ വടക്കേൽ (ഉജ്ജയ്ൻ), ബിഷപ് വർഗീസ് ചക്കാലക്കൽ (കോഴിക്കോട്), മാർ ജോസഫ് പണ്ടാരശ്ശേരിൽ (കോട്ടയം), മാർ ജോസ് പുളിക്കൽ (കാഞ്ഞിരപ്പള്ളി), മാർ മാത്യു അറയ്ക്കൽ (കാഞ്ഞിരപ്പള്ളി), മാർ ജോസ് ചിറ്റൂപറമ്പിൽ (രാജ്കോട്ട്), മാർ പ്രിൻസ് പാണേങ്ങാടൻ (അദിലാബാദ്), മാർ ജോസഫ് കുന്നത്ത് (എമരിറ്റസ് ബിഷപ്, അദിലാബാദ്) ബിഷപ് ഗീവർഗീസ് മാർ അപ്രേം (കോട്ടയം) എന്നിവർ സ്ഥാനാരോഹണ ചടങ്ങുകളിൽ പങ്കടുത്തു.

പിതാവിന്റെ സ്വന്തം ഇടവകയായ ചരളിൽ നിന്നു അമ്മ മേരിയും സഹോദരങ്ങളും കുടുംബാംഗങ്ങളും നേരത്തേ തന്നെ വേദിയിൽ

അവർക്കുള്ള ഇരിപ്പിടങ്ങളിൽ എത്തിയിരുന്നു. ചരൾ ഇടവകക്കാരും ഒരുമിച്ചെത്തി. കേരളത്തിനു അകത്തും പുറത്തും നിന്നുള്ള സന്യാസസഭാ മേജർ സുപ്പീരിയർമാർ, വികാരി ജനറാൾമാർ, സെമിനാരി റെക്ടർമാർ, അത്മായ സംഘടനാ പ്രതിനിധികൾ, മാർ പാംപ്ലാനിക്കൊപ്പം വിവിധ സെമിനാരികളിൽ പഠിച്ചവർ എന്നിവരും വിവിധ രാഷ്ട്രീയ പ്രതിനിധികളും പങ്കെടുത്തു.

അവശജന വിഭാഗത്തിന്റെ അവകാശങ്ങൾക്കായി എന്നും മുന്നിലുള്ള മാർ ജോസഫ് പാംപ്ലാനി ആർച്ചുബിഷപ്പായി സ്ഥാനാരോഹിതനാകുന്ന ചടങ്ങ് അവിസ്മരണീയമാക്കി നിരാലംബരും അശരണരും ആയ 10000 പേർക്കു വിരുന്ന് ഒരുക്കി. അനാഥ മന്ദിരങ്ങൾ, പുനരധിവാസ കേന്ദ്രങ്ങൾ, സ്നേഹഭവനുകൾ എന്നിവിടങ്ങളിൽ കഴിയുന്നവരും തെരുവോരങ്ങളിൽ കഴിയുന്നവരും ആയ ആളുകൾക്ക് അവർ ആയിരിക്കുന്ന കേന്ദ്രങ്ങളിൽ എത്തി സ്ഥാനാരോഹണ ദിവസം ഉച്ചഭക്ഷണം നൽകി. തലശ്ശേരി അതിരൂപതയുടെ സാമുഹ്യ സേവന വിഭാഗമായ ടിഎസ്എസ്എസ് ഡയക്ടർ ഫാ. ബെന്നി നിരപ്പേലിന്റെ നേതൃത്വത്തിലാണ് പ്രത്യേക പദ്ധതി നടപ്പാക്കിയത്.

തലശ്ശേരി അതിരൂപതയിലെ വിശ്വാസ സമൂഹത്തിലെ ഡിഫറന്റ്ലി ഏബിൾഡ് (വ്യത്യസ്ത കഴിവുകളുള്ള) സഭാംഗങ്ങൾക്കായി സഭയുടെ കൂദാശകളും, തിരുക്കർമ്മങ്ങളും ആഘോഷങ്ങളും പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ അതിരൂപത ആരംഭിച്ചിരിക്കുന്ന ആദം (ADAM) മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ തലശ്ശേരി അതിരൂപതയിലെ ശ്രവണ വൈകല്യമുള്ള സഹോദരങ്ങൾക്കായി അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവിന്റെ സ്ഥാനാരോഹണ ചടങ്ങുകളും വിശുദ്ധ ബലിയും ഫാ. ജോർജ് കളരിമുറിയിൽ ആംഗ്യ ഭാഷയിൽ പരിഭാഷപ്പെടുത്തി നൽകി. 35 പേരാണു ഇപ്രകാരം സ്ഥാനാരോഹണ ചടങ്ങുകൾക്കു സാക്ഷികളായത്.

ചടങ്ങുകൾ അവിസ്മരണീയമാക്കുവാൻ ഒത്തൊരുമയോടെ അദ്ധ്വാനിച്ച എല്ലാവരും അഭിനന്ദനം അർഹിക്കുന്നു. അയ്യായിരത്തോളം ആളുകൾ പങ്കടുത്ത ചടങ്ങ് കൃത്യതകൊണ്ടും അച്ചടക്കം കൊണ്ടും ശ്രദ്ധേയമായി. ഓരോ കമ്മിറ്റിയും എണ്ണയിട്ട യന്ത്രംപോലെ കാര്യക്ഷമമായി പ്രവർത്തിച്ചു. ചടങ്ങിനെത്തിയ എല്ലാവർക്കും കുടിവെള്ളവും ലഘു ഭക്ഷണവും ഉച്ചഭക്ഷണവും നല്കി. ചിട്ടയായ ക്രമീകരണങ്ങൾ

നടത്തുന്നതിന് സാധിച്ചത് മേജർ സെമിനാരിയിലും മൈനർ സെമിനാരിയിലും പഠിക്കുന്ന വൈദിക വിദ്യാർത്ഥികളുടെ ആത്മാർത്ഥമായ സഹകരണവും കഠിനാദ്ധ്വാനവും വഴിയാണ്. വേദി മനോഹരമായി പൂക്കൾകോണ്ട് അലങ്കരിച്ചത് എസ് എ ബി എസ്, എസ് എച്ച്, എം എസ് എം ഐ, സന്യാസിനീ സമൂഹങ്ങളിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് ആണ്. കൃത്യമായ ഗതാഗതക്രമീകരണങ്ങൾ നടത്തിയത് കെസിവൈഎം യുവജനങ്ങളുടെ നേതൃത്വത്തിലുള്ള വോളന്റിയേഴ്സ് ആയിരുന്നു. പോലീസ് വകുപ്പും മാധ്യമങ്ങളും അകമഴിഞ്ഞ പിന്തുണ നല്കി.

തലശ്ശേരി അതിരൂപതയുടെ ചരിത്രത്തിലെ നാലാമത്തെ അദ്ധ്യായത്തിന്റെ ശുഭ സുന്ദരമായ തുടക്കത്തിന് തലശ്ശേരി സെന്റ് ജോസഫ്സ് ദൈവാലയാങ്കണം സാക്ഷ്യം വഹിച്ചു. ഈ ദിനം അവിസ്മരണീയമാക്കാൻ പ്രയത്നിച്ച എല്ലാവർക്കും നന്ദിയും ദൈവാനുഗ്രഹവും ആശംസിക്കുന്നു.

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

# സെമിനാരി വാർത്തകൾ

## 1. കൃതജ്ഞത .... പ്രാർഥനാശംസകൾ

ഒരു ഉത്തമപരിശീലനകനായിരുന്നുകൊണ്ട് ഭാവിവൈദികർ സമഗ്രവ്യക്തിത്വത്തിന് ഉടമകളാകുക എന്ന ലക്ഷ്യത്തോടെ വൈദികപരിശീലന പദ്ധതികൾ വിഭാവനം ചെയ്ത് അനുഗ്രഹപ്രദമായി നടപ്പിലാക്കിയ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിനെ ഏറെ നന്ദിയോടും കടപ്പാടോടുംകൂടി അനുസ്മരിക്കുന്നു. വൈദികാർഥികളെ തന്റെ ഹൃദയത്തോട് ചേർത്ത് നിറുത്തി, വ്യക്തിപരമായി അവരെ അറിഞ്ഞ്, സ്നേഹിച്ച്, പ്രോത്സാഹിപ്പിച്ച്, വേണ്ട തിരുത്തലുകൾ നല്കി അവരിലെ പൗരോഹിത്യ സ്വപ്നങ്ങളെ കൂടുതൽ മിഴിവുള്ളതാക്കി മാറ്റിയ അഭിവന്ദ്യ പിതാവിലെ ഉത്തമ പരിശീലകനെ ഞങ്ങൾ തിരിച്ചറിയുന്നു. അഭിവന്ദ്യ പിതാവിന്റെ ഭാവി കർമ്മമണ്ഡലങ്ങളിൽ അങ്ങയുടെ പ്രിയപ്പെട്ട സെമിനാരി കുടുംബത്തിന്റെ പ്രാർഥനാശംസകൾ.

വൈദികനായിരുന്ന കാലഘട്ടം മുതൽ തന്നെ മൈനർ സെമിനാരിയിലും മേജർ സെമിനാരിയിലും അധ്യാപകനായിരുന്ന അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ്, സഹായമെത്രാൻ എന്ന നിലയിൽ പൗരോഹിത്യ പരിശീലന പദ്ധതിയുടെ ഗുണമേന്മ വർദ്ധിപ്പിക്കുവാൻ വ്യക്തമായ ദിശാബോധം പകർന്നു നല്കിയ വ്യക്തിയാണ്. വൈദിക പരിശീലനരംഗത്തും ദൈവവിളി പരിപോഷണത്തിലും അഭിവന്ദ്യപിതാവിന്റെ നേതൃപാടവും അഗാധമായ പാണ്ഡിത്യവും സമഗ്രദർശനവും കൂടുതൽ കരുത്തേകും. അതിരൂപതാമെത്രാപ്പോലീത്ത എന്ന നിലയിൽ വൈദിക പരിശീലന പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കുന്ന അഭിവന്ദ്യപിതാവിന് അഭിനന്ദനങ്ങളും പ്രാർഥനാശംസകളും നേരുന്നു.

## 2. ദൈവവിളി സെമിനാർ

നമ്മുടെ ഇടവകകളിൽനിന്നും പൗരോഹിത്യ-സമർപ്പിത ദൈവവിളി സ്വീകരിക്കാൻ ഒരുങ്ങിക്കൊണ്ടിരിക്കുന്ന കുട്ടികൾക്കും യുവജനങ്ങൾക്കും വേണ്ടി ഫൊറോന തലത്തിൽ അർദ്ധദിനദൈവവിളി സെമിനാർ സംഘടിപ്പിക്കുന്നു. സന്യാസ-പൗരോഹിത്യ വിളി സ്വീകരിച്ച് ഏതെങ്കിലും രൂപതകളിൽ/സന്യാസസമൂഹങ്ങളിൽ ചേരാൻ ആഗ്രഹിക്കുന്നവർ നിർബന്ധമായും ഈ സെമിനാറിൽ സംബന്ധിക്കേണ്ടതാണ്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുംവേണ്ടി പ്രത്യേക സെമിനാർ ഉണ്ടായിരിക്കുന്നതല്ല. ദൈവവിളി

സെമിനാർ നടത്തുന്ന തീയതിയും ഓരോ ഫൊറോനകളിൽ ഈ സെമിനാർ സംഘടിപ്പിക്കുന്ന സ്ഥലവും സമയവും ചുവടെ ചേർക്കുന്നു.

**മെയ് 2 തിങ്കളാഴ്ച രാവിലെ 9.30 മുതൽ 12 മണിവരെ**

1. പേരാവൂർ, 2. കുന്നോത്ത്, 3. പൈസക്കരി

**മെയ് 2 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4 മണിവരെ**

1. എടൂർ, 2. നെല്ലിക്കാംപൊയിൽ, 3. ചെമ്പേരി

**മെയ് 3 ചൊവ്വ രാവിലെ 9.30 മുതൽ 12 മണിവരെ**

1. ചെമ്പന്തൊട്ടി, 2. ആലക്കോട്, 3. വെള്ളരിക്കുണ്ട്

**മെയ് 3 ചൊവ്വ ഉച്ചകഴിഞ്ഞ് 2.30 മുതൽ 4 മണിവരെ**

1. വായാട്ടുപറമ്പ്, 2. മേരിഗിരി, 3. പനത്തടി

**മെയ് 4 ബുധൻ രാവിലെ 9.30 മുതൽ 12 മണിവരെ**

1. ചെറുപുഴ, 2. തളിപ്പറമ്പ്, 3. കാസറഗോഡ് (ബദിയടുക്ക, മുള്ളേരിയ, കാസറഗോഡ്, ഹൊസങ്കടി, പൊയ്നാച്ചി ഇടവകകൾ)

**മെയ് 4 ബുധൻ ഉച്ചകഴിഞ്ഞ് 2.30 മുതൽ 4 മണിവരെ**

1. തോമാപുരം, 2. കാലിച്ചാനടുക്കം, (ചായോത്ത്, ചീമേനി, എണ്ണപ്പാറ, കാഞ്ഞിരടുക്കം, കാഞ്ഞങ്ങാട്, നീലേശ്വരം, പടന്നക്കാട്, ഉദയപുരം ഇടവകകൾ)

## 3. തലശ്ശേരി മൈനർ സെമിനാരി

നമ്മുടെ മൈനർ സെമിനാരിയിൽ ചേർന്ന് തലശ്ശേരി അതിരൂപതയ്ക്കു വേണ്ടി വൈദികനാകാൻ താൽപര്യമുള്ള കുട്ടികളെ കണ്ടെത്തുവാൻ ബഹു. വൈദികരുടെയും സന്യസ്തരുടെയും മതാധ്യാപകരുടെയും സേവനം അഭ്യർത്ഥിക്കുന്നു. നിങ്ങളുടെ ഇടവകയിൽ/ പരിചയത്തിൽ ഉള്ള കുട്ടികളുടെ പേര് വിവരങ്ങൾ അതിരൂപതാ വൊക്കേഷൻ പ്രമോട്ടറെ അറിയിക്കുമല്ലോ. അതിരൂപതാ മൈനർ സെമിനാരിയിലേയ്ക്ക് കുട്ടികളെ കണ്ടെത്താനുള്ള ദൗത്യത്തിൽ പങ്കുചേരാൻ എല്ലാവരെയും സ്നേഹപൂർവം അഭ്യർഥിക്കുന്നു.

## 4. ദൈവവിളിവാരം മെയ് 1 മുതൽ 7 വരെ

നമ്മുടെ അതിരൂപതയിൽ ദൈവവിളി സെമിനാർ നടത്തുന്നതും ദൈവവിളി വാരമായി ആചരിക്കുന്നതും ഈ ആഴ്ചയിലാണ്. ഈ ദിനങ്ങളിൽ ദൈവവിളി കണ്ടെത്താനും തിരഞ്ഞെടുക്കാനും കുട്ടികളെയും ദൈവവിളി പ്രോത്സാഹനത്തിന് മാതാപിതാക്കളെയും സജ്ജരാക്കുന്ന കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കണമെന്ന് അഭ്യർഥിക്കുന്നു.

## 5. മ്ശംമ്ശാന പട്ടവും വൈദികവസ്ത്ര സ്വീകരണവും

നമ്മുടെ അതിരൂപതയ്ക്കുവേണ്ടി ഏപ്രിൽമാസം ആറാം തീയതി ഏഴ് പേർ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ കൈവയ്പുവഴി മ്ശംമ്ശാന

പട്ടം സ്വീകരിച്ചു. സഭയിൽ ശ്രേഷ്ഠമായ ശുശ്രൂഷയ്ക്കുള്ള ഉത്തരവാദിത്വം ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന മ്ശംശാനമാർക്ക് അഭിനന്ദനങ്ങളും പ്രാർഥനാശംസകളും.

പതിമൂന്ന് വൈദികാർഥികൾ തങ്ങളുടെ പ്രായോഗിക പരിശീലനം പൂർത്തിയാക്കി അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിൽനിന്നു വൈദികവസ്ത്രം സ്വീകരിച്ചു. ദൈവശാസ്ത്ര പരിശീലന പദ്ധതിയിലേയ്ക്ക് പ്രവേശിക്കാൻ ഒരുങ്ങുന്ന അനുജന്മാർക്ക് അഭിനന്ദനങ്ങളും പ്രാർഥനാശംസകളും.

**മ്ശംമ്ശാന പട്ടം സ്വീകരിച്ചവർ**

| No | Name | Parish |
|---|---|---|
| 1 | Arackal Augustine (Asish) | Balal |
| 2 | Kayamkattil George (Praveen) | Kadumeni |
| 3 | Konnayil Thomas (Jilbert) | Bedur |
| 4 | Pallickal Thomas (Jobin) | Paduppu |
| 5 | Panakuzhiyil Thomas (Jinto) | Alakodu |
| 6 | Pookamala Thomas (Nithin) | Marygiri |
| 7 | Thakidiyel Joseph (Nidhin) | Puncha |

**വൈദിക വസ്ത്രം സ്വീകരിച്ചവർ**

| No | Name | Parish |
|---|---|---|
| 1 | Ayilukkunnel Joseph (Arun) | Rajamudi |
| 2 | Kashamkattil Jacob (Allwyn) | Kilianthara |
| 3 | Mappilaparambil George (Albert) | Palavayal |
| 4 | Muprappallil Jose (Sanjose) | Payyavoor |
| 5 | Narikuzhiyil Clement | Vellarikund |
| 6 | Palackal Joseph (Sebin) | Kallar |
| 7 | Parakkalayil Joseph (Roshin) | Kallar |
| 8 | Pookulathil Mathew (Arun) | Rajagiri |

| | | |
|---|---|---|
| 9 | Pottakulathil Devasia (Ajoice) | Peratta |
| 10 | Puliyanappallil Kuriakose (Bovin) | Kozhichal |
| 11 | Thundiyil Jacob | Perumpadavu |
| 12 | Thurakkal Martin | Peravoor |
| 13 | Vadakkel Mathew (Melbin) | Chandanakkampara |

**6. ചെറുപട്ടങ്ങൾ**

നമ്മുടെ അതിരൂപതയ്ക്കുവേണ്ടി പരിശീലനം നേടുന്ന വൈദികവിദ്യാർത്ഥികൾ ചെറുപട്ടങ്ങൾ സ്വീകരിക്കുന്നത് മെയ് 10നാണ്. പൗരോഹിത്യത്തിലേയ്ക്ക് ഒരു പടികൂടി അടുക്കുന്ന ഇവരെ പ്രാർഥനയിൽ പ്രത്യേകം അനുസ്മരിക്കുമല്ലോ.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് പണ്ടാരപ്പറമ്പിൽ**
വൊക്കേഷൻ പ്രൊമോട്ടർ
9400 062 870, 9744 731 947

**ഫാ. ജോർജ് കരോട്ട്**
റെക്ടർ
8304 871 142

---

കഴിഞ്ഞ പന്ത്രണ്ട് വർഷക്കാലം തലശ്ശേരി വിമല പ്രസ്സിന്റെ മാനേജർ എന്ന നിലയിൽ ശുശ്രൂഷ ചെയ്ത സി. സുമ എംഎസ്എംഐ പുതിയ കർമ മേഖലയിലേക്ക് പോകുമ്പോൾ എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേരുന്നു. ഈ കാലങ്ങളിലൊക്കെയും ഗിരിദീപം പ്രസിദ്ധീകരിക്കുവാൻ ശ്രമകരമായ അധ്വാനം നൽകിയ സിസ്റ്ററിനെ നന്ദിയോടെ ഓർക്കുന്നു. ഒപ്പം സന്യാസ ജീവിതത്തിന്റെ സുവർണ്ണ ജൂബിലിയുടെ ആശംസകളും...

# വിശ്വാസപരിശീലനം

> **"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

അതിരൂപതയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് ബഹു. വൈദികരും സിസ്റ്റേഴ്സും പ്രധാനാധ്യാപകരും വിശ്വാസപരിശീലകരും മാതാപിതാക്കളും നൽകുന്ന നിസ്വാർത്ഥമായ സേവനങ്ങൾക്ക് നന്ദി പറയുന്നു. പുതിയ പ്രവർത്തനവർഷം കൂടുതൽ ഫലപ്രദമാക്കുവാൻ എല്ലാവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു. വിശ്വാസപരിശീലനകേന്ദ്രവും ബഹു. വൈദികരും സിസ്റ്റേഴ്സും വിശ്വാസപരിശീലകരും മാതാപിതാക്കളും കുട്ടികളും ഒരുമനസ്സോടെ പരിശ്രമിച്ചുകൊണ്ട് തിരുസഭയുടെ ഏറ്റവും പ്രധാനപ്പെട്ട ഈ ദൗത്യം വിജയകരമാക്കാം.

### 1. 2022 മതബോധന ഞായർ – മെയ് 29

2022-23 പ്രവർത്തനവർഷത്തെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾ മെയ് 29 ഞായറാഴ്ച തോമാപുരം ഇടവകയിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്യുന്നതാണ്. അന്നേദിവസം സൺഡേ സ്കൂൾ തലത്തിൽ പ്രവർത്തനവർഷ ഉദ്ഘാടനം സംഘടിപ്പിക്കുന്നത് ഉചിതമാണ്.

### 2. സ്റ്റാഫ് മീറ്റിംഗ്

സൺഡേ സ്കൂൾ പ്രവർത്തനവർഷാരംഭത്തിനുമുമ്പായി ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് കൂടി ക്ലാസ്സ് ഫിക്സേഷൻ നടത്തി പുതിയ അധ്യയനവർഷത്തിൽ നടപ്പിലാക്കേണ്ട കർമ്മപദ്ധതികൾക്ക് രൂപം കൊടുക്കണം.

### 3. പ്രവേശനോത്സവം

2022-23 വർഷത്തിൽ ഒന്നാം ക്ലാസ്സിൽ ചേരുന്ന കുട്ടികളുടെ പ്രവേശനോത്സവം മെയ് 29 ഞായറാഴ്ചയോ ജൂൺ 5 ഞായറാഴ്ചയോ ആഘോഷമായി നടത്തേണ്ടതാണ്.

### 4. ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് – ജൂൺ 11 ശനി

2022-2023 അധ്യയനവർഷത്തെ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് ജൂൺ 11 ശനിയാഴ്ച രാവിലെ 9.30 ന് ആരംഭിച്ച് ഉച്ചക്ക് 1.00 മണിക്ക് സമാപിക്കുന്നതാണ്. കോൺഫറൻസിൽവെച്ച് വിവിധ അവാർഡുകൾ വിതരണം

ചെയ്യുന്നതായിരിക്കും. മാർ ജോസഫ് പാംപ്ലാനി പിതാവ് പങ്കെടുക്കുന്ന കോൺഫറൻസിൽ എല്ലാ ഹെഡ്മാസ്റ്റർമാരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

## 5. ആമുഖസെമിനാർ ജൂൺ 23–26

തുടക്കക്കാരായ വിശ്വാസപരിശീലകർക്കായി ജൂൺ 23 മുതൽ 26 വരെയുള്ള തീയതികളിൽ ആമുഖസെമിനാർ സന്ദേശഭവനിൽ വച്ച് സംഘടിപ്പിക്കുന്നു. സെമിനാർ ജൂൺ മാസം 23–ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 6 മണിക്ക് ആരംഭിച്ച് 26–ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കുന്നതാണ്. ഇതുവരെയും ആമുഖസെമിനാറിൽ പങ്കെടുക്കാത്ത എല്ലാ വിശ്വാസപരിശീലകരും നിർബന്ധമായും സെമിനാറിൽ പങ്കെടുക്കേണ്ടതാണ്. സെമിനാറിന്റെ ഫീസ് 1000 രൂപയായിരിക്കും.

## 6. ക്ലാസ്സ് 1–9 : വാർഷിക പരീക്ഷ – നന്ദി

1–9 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ വാർഷിക പരീക്ഷ ഏപ്രിൽ 9 ശനിയാഴ്ച രാവിലെ 9 മുതൽ 11 മണിവരെ നടത്തി. പരീക്ഷ വിജയകരമാക്കാൻ സഹകരിച്ച എല്ലാ ബഹു. വികാരിയച്ചൻമാർക്കും പ്രധാനധ്യാപകർക്കും, വിശ്വാസപരിശീലകർക്കും നന്ദി.

## 7. വിശ്വാസോത്സവം

2021–2022 പ്രവർത്തനവർഷത്തെ വിശ്വാസോത്സവം അതിരൂപതയിൽ മെയ് 25 മുതൽ 29 വരെയുള്ള ദിവസങ്ങളിൽ നടത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്. വിശ്വാസോത്സവം നടത്തേണ്ട തീയതികളിൽ സൺഡേ സ്കൂൾതലത്തിൽ കുട്ടികൾക്ക് ധ്യാനമോ, സെമിനാറോ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ഇടവകകൾ മെയ് 22 മുതൽ 31 വരെയുള്ള തീയതികൾക്കിടയിലുള്ള 5 ദിവസങ്ങളിൽ വിശ്വാസോത്സവം നടത്തുവാനായി തിരഞ്ഞെടുക്കേണ്ടതാണ്. എല്ലാ ക്ലാസ്സുകളുടെയും വർക്കുബുക്കിന്റെ വില 25 രൂപയായിരിക്കും.

## 8. വിശ്വാസോത്സവ വർക്കുബുക്ക് ട്രെയിനിംഗ്

മെയ് 21 ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണിവരെയുള്ള സമയത്ത് 16 ഫൊറോനകളിലെയും വിശ്വാസപരിശീലകർക്ക് ഫൊറോനാ കേന്ദ്രത്തിൽ വച്ച് സെമിനാർ ഉണ്ടായിരിക്കും. ഉച്ചവരെയുള്ള സമയത്ത് വ്യത്യസ്ത വിഷയങ്ങളെ ആസ്പദമാക്കിയുള്ള ക്ലാസ്സുകൾ നൽകുന്നതാണ്. ഉച്ചകഴിഞ്ഞുള്ള സമയം വിശ്വാസോത്സവ വർക്കുബുക്കുകൾ വിശ്വാസപരിശീലകരെ പരിചയപ്പെടുത്തുന്നതാണ്. ക്ലാസ്സുകൾക്കു പുറമെ കഴിഞ്ഞ പ്രവർത്തനവർഷം വിലയിരുത്തൽ, പുതിയ പ്രവർത്തനവർഷത്തെ കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കൽ, ദൈവശാസ്ത്രകോഴ്സ് മുതലായവയായിരിക്കും മീറ്റിംഗിന്റെ അജണ്ട. എല്ലാ വിശ്വാസപരിശീലകരും നിർബന്ധമായും സെമിനാറിൽ പങ്കെടുക്കേണ്ടതാണ്.

## 9. വിശ്വാസോത്സവ വർക്കുബുക്ക് വിതരണം

വിശ്വാസോത്സവ വർക്കുബുക്കുകൾ മെയ് 18, 19 തീയതികളിൽ വിതരണം ചെയ്യുന്നതാണ്. വിതരണസമയം താഴെകൊടുക്കുന്നു.

| ഫൊറോന | തീയതി | സമയം |
|---|---|---|
| പേരാവൂർ | 18-05-2022 ബുധൻ | 09.00 am |
| എടൂർ | 18-05-2022 ബുധൻ | 10.00 am |
| കുന്നോത്ത് | 18-05-2022 ബുധൻ | 11.00 am |
| നെല്ലിക്കാംപൊയിൽ | 18-05-2022 ബുധൻ | 12.00 pm |
| പൈസക്കരി | 18-05-2022 ബുധൻ | 01.00 pm |
| ചെമ്പേരി | 18-05-2022 ബുധൻ | 02.00 pm |
| ചെമ്പന്തൊട്ടി | 18-05-2022 ബുധൻ | 03.00 pm |
| വായാട്ടുപറമ്പ് | 18-05-2022 ബുധൻ | 04.00 pm |
| ആലക്കോട് | 18-05-2022 ബുധൻ | 05.00 pm |
| മേരിഗിരി | 19-05-2022 വ്യാഴം | 09.00 am |
| ചെറുപുഴ | 19-05-2022 വ്യാഴം | 10.00 am |
| തോമാപുരം | 19-05-2022 വ്യാഴം | 11.00 am |
| വെള്ളരിക്കുണ്ട് | 19-05-2022 വ്യാഴം | 12.30 pm |
| പനത്തടി | 19-05-2022 വ്യാഴം | 02.00 pm |
| കാഞ്ഞങ്ങാട് | 19-05-2022 വ്യാഴം | 03.30 pm |
| തളിപ്പറമ്പ് | 19-05-2022 വ്യാഴം | 05.00 pm |

## 10. ഫൊറോന കമ്മിറ്റി

ബഹു. ഫൊറോന ഡയറക്ടറച്ചൻ അദ്ധ്യക്ഷനായുള്ള ഫൊറോന കമ്മിറ്റിയാണ് ഫൊറോനയിലെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. അതിരൂപതാ വിസിറ്ററും ഫൊറോനകമ്മിറ്റിയിലെ അംഗമാണ്. ജൂൺ മാസത്തിൽ ഫൊറോന കമ്മിറ്റി കൂടേണ്ടതാണ്. ഫൊറോന പ്രസിഡന്റ്, സെക്രട്ടറി, വിസിറ്റർ എന്നിവരിൽ ആരെയെങ്കിലും പുതുതായി തെരെഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവരുടെ പേര്, അഡ്രസ്സ്, ഫോൺനമ്പർ മുതലായവ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 11. പാഠപുസ്തക - ഉപപാഠപുസ്തക വിതരണം

1 മുതൽ 12 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളും ഉപപാഠപുസ്തകങ്ങളും ജൂൺ 1 മുതൽ 4 വരെയുള്ള തീയതികളിൽ ഫൊറോന അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതാണ്. വിശ്വാസോത്സവ ദിവസങ്ങളിൽതന്നെ ആവശ്യമായ പാഠപുസ്തകങ്ങളുടെയും ഉപപാഠപുസ്തകങ്ങളുടെയും എണ്ണം ശേഖരിക്കേണ്ടതാ

ണ്. ഓരോ ഇടവകയ്ക്കും ആവശ്യമായ പുസ്തകങ്ങളുടെ എണ്ണം ബഹു. ഫൊറോന പ്രസിഡണ്ടിനെ അറിയിക്കണം. ഫൊറോന പ്രസിഡണ്ടും സെക്രട്ടറിയും ഓഫീസിൽ വന്ന് ഫൊറോനയ്ക്കാവശ്യമായ പുസ്തകങ്ങൾ കൊണ്ടുപോകേണ്ടതാണ്.

NB: നാലാം ക്ലാസ്സിലെ കുട്ടികളെ പ്രഥമദിവ്യകാരുണ്യസ്വീകരണത്തിന് സഹായിക്കുന്ന "ജീവന്റെ അപ്പം" എന്ന പുസ്തകവും അന്നേദിവസം വിതരണം ചെയ്യുന്നതായിരിക്കും.

## 12. പാഠപുസ്തകങ്ങളുടെ വില

| | |
|---|---|
| ക്ലാസ്സ് I - IV | : 35 രൂപ |
| ക്ലാസ്സ് V - XII | : 40 രൂപ |
| ഇംഗ്ലീഷ് പുസ്തകങ്ങൾ | : 45 രൂപ |
| ഉപപാഠപുസ്തകങ്ങൾ | : 25 രൂപ |

## 13. ആസ്പെക്ട് പരീക്ഷ

**a) രണ്ടാംഘട്ട ഓൺലൈൻ പരീക്ഷ - മെയ് 1 ഞായർ:** അഞ്ച് അധ്യായങ്ങളുടെയും ഓൺലൈൻ പരീക്ഷയിൽ പങ്കെടുത്ത് 125-ൽ 120-ന് മുകളിൽ മാർക്ക് കരസ്ഥമാക്കിയ വിശ്വാസപരിശീലകർക്ക് രണ്ടാംഘട്ട ഓൺലൈൻ പരീക്ഷ ഉണ്ടായിരിക്കും. കൂടാതെ അഞ്ച് അധ്യായങ്ങളുടെയും പരീക്ഷ ഒരുമിച്ച് നടത്തിയപ്പോൾ 75-ൽ 70-ന് മുകളിൽ മാർക്ക് ലഭിച്ചവർക്കും രണ്ടാംഘട്ട ഓൺലൈൻ പരീക്ഷയിൽ പങ്കെടുക്കാം.

**പഠിക്കേണ്ട പുസ്തകങ്ങൾ**

ആരാണ് നിങ്ങളുടെ ദൈവം (40%)

വി. മർക്കോസിന്റെ സുവിശേഷം 1-8 അധ്യായങ്ങൾ (20%)

കാവൽക്കാരൻ (20%)

തലശ്ശേരി അതിരൂപത സംബന്ധമായ ചോദ്യങ്ങൾ (20%)

**b) മൂന്നാംഘട്ട എഴുത്തു പരീക്ഷ - മെയ് 7 ശനി:** രണ്ടാംഘട്ട ഓൺലൈൻ പരീക്ഷയിൽ 90-ന് മുകളിൽ മാർക്ക് ലഭിച്ചവർക്ക് മെയ് 7 ശനിയാഴ്ച ഫൊറോന കേന്ദ്രത്തിൽവച്ച് എഴുത്തുപരീക്ഷ നടത്തുന്നതായിരിക്കും.

**c) നാലാംഘട്ട എഴുത്തു പരീക്ഷ - മെയ് 17 ചൊവ്വ:** മൂന്നാംഘട്ട എഴുത്തു പരീക്ഷയിൽ ഓരോ ഫൊറോനയിൽ നിന്നും ഏറ്റവും അധികം മാർക്ക് ലഭിച്ച രണ്ട് വിശ്വാസപരിശീലകർ തളിപ്പറമ്പ് പള്ളിയിൽവച്ച് മെയ് 17 ചൊവ്വാഴ്ച നടക്കുന്ന എഴുത്തുപരീക്ഷയിൽ പങ്കെടുക്കുന്നു.

**d) അവസാനഘട്ട മെഗാ പരീക്ഷ - മെയ് 30 തിങ്കൾ:** നാലാംഘട്ട എഴുത്തു പരീക്ഷയിൽ ഒന്നാമതെത്തിയ ആറുപേർ തലശ്ശേരി സന്ദേശഭവനിൽവച്ചു നടക്കുന്ന ഫൈനൽ പരീക്ഷയിൽ പങ്കെടുക്കുന്നു.

## 14. സ്നേഹവീട് - ഭവനപദ്ധതി

സ്നേഹവീട് ഭവനപദ്ധതിയോട് സഹകരിച്ചുകൊണ്ടിരിക്കുന്ന എല്ലാ വിശ്വാസപരിശീലകർക്കും നന്ദി. ഭവനങ്ങളുടെ പണികൾ ഉടനെ ആരംഭിക്കുന്നതാണ്. ഇനിയും തുക നല്കാത്തവർ സംഭാവന സമാഹരിച്ച് ഓഫീസിൽ നല്കുമല്ലോ.

**സംഭാവന നൽകിയ സൺഡേസ്കൂളുകൾ**

എടക്കോം - 12000 ബാലേശുഗിരി - 5000

## 15. ഹെഡ്മാസ്റ്റർമാരുടെ ഫൊറോന മീറ്റിംഗ് - നന്ദി

മെയ് 5, 6, 7 തീയതികളിൽ സംഘടിപ്പിച്ച ഹെഡ്മാസ്റ്റർമാരുടെ മീറ്റിംഗിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി. മീറ്റിംഗ് ഭംഗിയായി ക്രമീകരിച്ച ഫൊറോന വികാരിയച്ചൻ, ഫൊറോന പ്രസിഡണ്ട് - സെക്രട്ടറി എന്നിവർക്കും ഹൃദ്യമായ നന്ദി.

## 16. ഉണർവ് 2022 - കുട്ടികൾക്കുള്ള അവധിക്കാല ധ്യാനം

മെയ് 1-നും 30-നും ഇടയ്ക്കുള്ള തീയതികളിൽ അതിരൂപതയിലെ എല്ലാ ഇടവകകളിലും ക്രിസ്റ്റീൻ ധ്യാനം (മൂന്ന് ദിവസം) നടത്തുവാൻ ആഗ്രഹിക്കുന്നു. ബഹു. വൈദികർ, സിസ്റ്റേഴ്സ്, സെമിനാരിക്കാർ, അല്മായ സഹോദരങ്ങൾ എന്നിവരടങ്ങുന്ന ടീമിനെയാണ് സജ്ജമാക്കുന്നത്. വിശദ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## 17. ഉണർവ് 2022 - ട്രെയിനിംഗ് ക്യാമ്പ്

ക്രിസ്റ്റീൻ ധ്യാനത്തിന് നേതൃത്വം നൽകുന്ന സിസ്റ്റേഴ്സിനും സെമിനാരിക്കാർക്കും ഏപ്രിൽ 21 ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണിവരെയുള്ള സമയത്ത് തളിപ്പറമ്പ് പള്ളിയുടെ ഓഡിറ്റോറിയത്തിൽവച്ച് ട്രെയിനിംഗ് ക്യാമ്പ് സംഘടിപ്പിച്ചു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. റവ. ഡോ. ടോം ഓലിക്കരോട്ട്, ശ്രീ. ജോയ്സ് കുരുവിത്താനത്ത്, സി. ആൻസി എസ്.എച്ച്, സി. ആൽഫീന എസ്.എച്ച് എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. വെരി. റവ. ഫാ. അബ്രാഹം പോണാട്ട് ആശംസകൾ നേർന്ന് സംസാരിച്ചു. റവ. ഡോ. ജേക്കബ് വെണ്ണായപ്പിള്ളിൽ സ്വാഗതവും, റവ. ഫാ. ജോസഫ് വടക്കേപ്പറമ്പിൽ നന്ദിയും പറഞ്ഞു. ബ്രദർ ജിനു മുടക്കാലിൽ ക്യാമ്പ് സുഗമമായി നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്തു. ക്യാമ്പിൽ 52 പേർ പങ്കെടുത്തു.

## 18. ഡിപ്ലോമ റിസൾട്ട് - മെയ് 4 ബുധൻ

2021-2022 പ്രവർത്തനവർഷത്തിൽ ഡിപ്ലോമ പരീക്ഷ എഴുതിയ കുട്ടികളുടെ റിസൾട്ട് മെയ് 4 ബുധനാഴ്ച രാവിലെ 11 മണിക്ക് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് പ്രഖ്യാപിക്കുന്നതാണ്. ഉച്ചകഴിഞ്ഞ് 3 മണിക്ക്

പ്രധാനാധ്യാപകരുടെ വാട്സ്ആപ്പ് നമ്പറിൽ ഡിപ്ലോമ റിസൾട്ട് ലഭിക്കുന്നതായിരിക്കും.

## 19. ഡിപ്ലോമ സേ പരീക്ഷ – മെയ് 15 ഞായർ

ഡിപ്ലോമ പരീക്ഷയിൽ പരാജയപ്പെട്ടവർക്കും പരീക്ഷയിൽ പങ്കെടുക്കുവാൻ പറ്റാതെപോയവർക്കുമായുള്ള പരീക്ഷ മെയ് 15 ഞായറാഴ്ച രാവിലെ 11 മുതൽ 1 മണിവരെയുള്ള സമയത്ത് ഫൊറോനകേന്ദ്രത്തിൽവച്ച് നടത്തുന്നതായിരിക്കും.

## 20. റവ. ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പ്

പഠനത്തിൽ സമർത്ഥരും ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമായ XII-ാം ക്ലാസ് കഴിഞ്ഞ കുട്ടികൾക്കുവേണ്ടി ഏർപ്പെടുത്തിയിരിക്കുന്നതാണ് ഈ സ്കോളർഷിപ്പ്.

## സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ

1. XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയ്ക്ക് 80% മാർക്ക് കരസ്ഥമാക്കിയിരിക്കണം. 2. കഴിവതും ഓരോ ഫൊറോനയിലും ഒരാൾക്കെങ്കിലും സ്കോളർഷിപ്പ് ലഭിക്കുവാൻ ഇടയാകണം. 3. സാമ്പത്തികശേഷി കുറഞ്ഞവരായിരിക്കണം. 4. ഓരോ കുടുംബത്തിന്റെയും സാമ്പത്തിക ക്ലേശത്തിന്റെ നിജസ്ഥിതി മനസ്സിലാക്കുകയും താരതമ്യപ്പെടുത്തി നോക്കുകയും ചെയ്തശേഷമായിരിക്കും യോഗ്യരായവരെ തിരഞ്ഞെടുക്കുക. 5. വിദ്യാർത്ഥിയാണ് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടത്. 6. ബഹു. വികാരിയച്ചന്റെ ശുപാർശയോടുകൂടിയുള്ള അപേക്ഷ മെയ് 20-നകം ഓഫീസിൽ ലഭിച്ചിരിക്കണം.

## 21. ജൂബിലി

2022 ഫെബ്രുവരി 26-ന് നടത്തിയ കോൺഫറൻസിൽവച്ച് ജൂബിലി ആഘോഷിച്ചവരെയും റിട്ടയർ ചെയ്യുന്നവരെയും ആദരിച്ചിരുന്നു. ഇനിയും അതിരൂപതാതല ആദരവ് ലഭിക്കാത്ത വിശ്വാസപരിശീലനരംഗത്ത് 25/50 വർഷം പൂർത്തിയാക്കിയവരും അധ്യാപനരംഗത്തുനിന്ന് വിരമിക്കുന്നവരുമായ അധ്യാപകരുണ്ടെങ്കിൽ (2021-22 പ്രവർത്തനവർഷം) അവരുടെ **പേരും വീട്ടുപേരും ഫോട്ടോയും ഫോൺ നമ്പറും** മെയ് 20-ന് മുൻപായി ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 22. ഹാജറിന് വിശിഷ്ട സമ്മാനം കുട്ടികൾക്ക്

2022 ഫെബ്രുവരി 26-ന് നടത്തിയ കോൺഫറൻസിൽവച്ച് 12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ സൺഡേ സ്കൂളിൽ വന്ന് പഠനം പൂർത്തിയാക്കിയ കുട്ടികളെ ആദരിച്ചിരുന്നു. ഇനിയും അതിരൂപതാതല ആദരവ് ലഭിക്കാത്ത കുട്ടികളുണ്ടെങ്കിൽ (2021-22 പ്രവർത്തനവർഷം) ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ **പേര് വിവരങ്ങൾ ഫോട്ടോ**

**സഹിതം** ഹെഡ്മാസ്റ്റർ മെയ്മാസം 20-ന് മുൻപായി ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 23. ഹാജറിന് വിശിഷ്ട സമ്മാനം അധ്യാപകർക്ക്

2022 ഫെബ്രുവരി 26-ന് നടത്തിയ കോൺഫറൻസിൽവച്ച് 12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ സൺഡേ സ്കൂളിൽ ഹാജരായി അധ്യാപനം നടത്തിയ അധ്യാപകരെ ആദരിച്ചിരുന്നു. ഇനിയും അതിരൂപതാതല ആദരവ് ലഭിക്കാത്ത അധ്യപകരുണ്ടെങ്കിൽ (2021-22 പ്രവർത്തനവർഷം) ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ മെയ് മാസം 20-ന് മുൻപായി ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 24. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

2021-22 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ, പാഠപുസ്തകങ്ങൾ, ഉപപാഠ പുസ്തകങ്ങൾ) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

## 25. നന്ദി, നല്ല അവധിക്കാലം

പ്രതിസന്ധികൾക്കുനടുവിലും 2021-2022 അധ്യയനവർഷം അനുഗ്ര ഹപ്രദമാക്കുവാൻ സഹായിച്ച ബഹു. വികാരിയച്ചൻമാർക്കും കൊച്ചച്ചൻ മാർക്കും സിസ്റ്റേഴ്സിനും ഹെഡ്മാസ്റ്റർമാർക്കും എല്ലാ വിശ്വാസപരിശീല കർക്കും നന്ദി. അവധിക്കാലത്ത് കുട്ടികൾക്ക് ആത്മീയ ഉണർവ് നൽകുന്ന പരിപാടികൾ നടത്താൻ ശ്രദ്ധിക്കുമല്ലോ. എല്ലാവർക്കും നല്ല അവധിക്കാലം ആശം സിക്കുന്നു.

സ്നേഹത്തോടെ,

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ

# ബൈബിൾ അപ്പൊസ്തൊലേറ്റ്
# &
# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## അഭിവന്ദ്യ പാംപ്ലാനി പിതാവിന് ആശംസകൾ

തലശ്ശേരി അതിരൂപതയുടെ തൃതീയ മെത്രാപ്പോലീത്തയായി 20.04.2022 ന് സ്ഥാനാരോഹണം ചെയ്ത മാർ ജോസഫ് പാംപ്ലാനി പിതാവ് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന് മറക്കാനാവാത്ത ഒരഭിമാനമുഹൂർത്തമാണ് സമ്മാനിച്ചിരിക്കുന്നത്. ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുകയും ദീർഘകാലം ഇതിന്റെ സാരഥ്യം വഹിക്കുകയും ബൈബിൾ അപ്പൊസ്റ്റൊലേറ്റിന്റെയും ആൽഫായുടെയും ഡയറക്ടർ എന്ന നിലയിൽ ഈ സ്ഥാപനത്തിന്റെ അഭ്യുന്നതിയിൽ അങ്ങേയറ്റം ശ്രദ്ധിക്കുകയും ചെയ്യുന്ന അഭിവന്ദ്യപിതാവിന്റെ സ്ഥാനാരോഹണം ആൽഫായുടെ ചരിത്രത്തിലെ അവിസ്മരണീയ സംഭവമാണ്. ജ്ഞാനവും ക്രാന്തദർശിത്വവും കർമ്മോത്സുകതയും ആഴമേറിയ ദൈവാനുഭവവും കൈമുതലായുള്ള, തിരുസ്സഭയുടെ അഭിമാനമായ അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവിന് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും മുഴുവൻ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഹൃദയം നിറഞ്ഞ അനുമോദനങ്ങളും പ്രാർത്ഥനാശംസകളും.

## പുതിയ ഓഫീസിന്റെ ആശീർവ്വാദം

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗമായി, ആധുനിക സൗകര്യങ്ങളോടെ നിർമ്മിച്ച ഓഫീസിന്റെ ആശീർവ്വാദ കർമ്മം 2022 മെയ് 4 ബുധനാഴ്ച 10 മണിക്ക് അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവ്വഹിക്കുന്നതാണ്.

## ലോഗോസ് ബൈബിൾ ക്വിസ്

ലോഗോസ് ബൈബിൾ ക്വിസ് ഫൈനൽ റൗണ്ടിൽ പങ്കെടുത്ത എല്ലാവർക്കും അനുമോദനങ്ങൾ. പരീക്ഷയുടെ റിസൾട്ട് അടുത്തമാസം പ്രസിദ്ധീകരിക്കുന്നതായിരിക്കും.

## സെമസ്റ്റർ പരീക്ഷകൾ

ഈ സെമസ്റ്ററിലെ പരീക്ഷകൾ മെയ് 15 മുതൽ ജൂൺ 15 വരെ നടത്തപ്പെടുന്നു. ഈ വർഷത്തെ റഗുലർ പരീക്ഷകൾ രണ്ട് രീതിയിൽ നടത്തപ്പെടുന്നതാണ്: 1. എഴുത്തു പരീക്ഷ, 2. ഓൺലൈൻ MCQ (Multiple Choice Questions).

## തിയോളജി കോഴ്സുകളിലേക്കുള്ള രജിസ്ട്രേഷൻ

2022 വർഷത്തെ തിയോളജി പഠനപ്രോഗ്രാമുകളിലേക്കുള്ള അഡ്മിഷൻ മെയ് 15 മുതൽ ആരംഭിക്കുന്നു.

## തിയോളജി കോഴ്സുകൾ

1. Diploma in Theology (6 Months)
2. Bachelors Degree in Theology (3 Years)
3. Masters Degree in Theology (2 Years)

## പ്രത്യേകതകൾ

- പഠിതാക്കൾക്ക് നിലവിലുള്ള പ്രവർത്തനങ്ങൾക്കും ജോലിക്കും ഒപ്പം പഠിക്കാവുന്ന രീതിയിലാണ് കോഴ്സുകൾ ക്രമീകരിച്ചിരിക്കുന്നത്.
- ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈവശാസ്ത്രകോഴ്സുകൾ ഇംഗ്ലീഷ്/ മലയാളം ഭാഷകളിൽ പഠിക്കാവുന്നതാണ്.
- രജിസ്റ്റർ ചെയ്യുന്ന മുഴുവൻ പഠിതാക്കൾക്കും ഇംഗ്ലീഷ്/ മലയാളം ഭാഷകളിൽ എല്ലാവിഷയങ്ങളുടെയും Printed Text Books ലഭിക്കുന്നതാണ്.
- ക്ലാസ്സുകൾ ഓൺലൈനായി നടത്തുന്നു. സാധാരണ ക്ലാസ്സുകളിലേതുപോലെതന്നെ വിദ്യാർത്ഥികൾക്ക് സംവദിക്കാനും സംശയനിവാരണം നടത്താനും കഴിയുന്ന തരത്തിൽ Zoom or Google Meet Platform കളിലാണ് ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്.
- തിയോളജി ക്ലാസ്സുകൾ അതതു വിഷയങ്ങളിൽ ഏറ്റവും പ്രഗത്ഭരായ ദൈവശാസ്ത്ര പണ്ഡിതർ നയിക്കുന്നതാണ്.

പ്രവേശനമാഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെബ്സൈറ്റ് വഴി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. **Website: www.alphathalassery.org.** കൂടുതൽ വിവരങ്ങൾക്ക്: Email - alphits @gmail.com, Ph: 9745363277, 8086312826.

## തീസിസ് സമർപ്പണം

അവസാനവർഷ ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികൾ മെയ് 15 ന് മുമ്പായി തീസിസ് ആൽഫാ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ബിരുദ വിദ്യാർത്ഥികൾ 50 മുതൽ 70 വരെ പേജുകളും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ 60 മുതൽ 80 പേജുകൾ വരെയുള്ള പ്രബന്ധമാണ് തയ്യാറാക്കേണ്ടത്.

ബിരുദ വിദ്യാർത്ഥികൾ ബൈൻഡ് ചെയ്ത ഒരു കോപ്പിയും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ ബൈൻഡ് ചെയ്ത 2 കോപ്പികളും (ടൈപ്പ്

ചെയ്തതായിരിക്കണം) സമർപ്പിക്കണം. കൃത്യസമയത്തിനുള്ളിൽ തീസിസ് സമർപ്പിക്കാത്ത വിദ്യാർത്ഥികൾക്ക് ഈ വർഷത്തെ കോൺവൊക്കേഷനിൽ പങ്കെടുക്കാൻ സാധിക്കുന്നതല്ല.

**നന്ദി, സ്വാഗതം**

ആൽഫയിൽ കഴിഞ്ഞ ആറുമാസക്കാലം ആത്മാർത്ഥ സേവനം ചെയ്ത ബ്രദർ മെൽബിൻ വടക്കേലിന് കൃതജ്ഞതാനിർഭരമായ പ്രാർത്ഥനാശംസകൾ.

ആൽഫയിൽ സേവനത്തിനെത്തിയിരിക്കുന്ന ബ്രദർ അബി വാരണത്തിന് ഹൃദ്യമായ സ്വാഗതം. ഇരുവർക്കും നന്മകൾ നേരുന്നു.

സ്നേഹപൂർവ്വം,

**ഫാ. ഫിലിപ്പ് കവിയിൽ**
ഡയറക്ടർ,
ബൈബിൾ അപ്പൊസ്റ്റൊലേറ്റ്

**ഫാ. ടോം ഓലിക്കരോട്ട്**
എക്സിക്യൂട്ടീവ് ഡയറക്ടർ,
ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## ദിവ്യകാരുണ്യ സൗഖ്യാനുഭവ ധ്യാനം

ആരാധനാസന്യാസിനീ സമൂഹത്തിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് ഇടവകകൾ, കുട്ടികൾ, യുവജനങ്ങൾ തുടങ്ങിയവർക്കായി ദിവ്യകാരുണ്യധ്യാനം നടത്താൻ ടീമിനെ സജ്ജമാക്കിയിട്ടുണ്ട്. കൗൺസിലിംങ്, മധ്യസ്ഥപ്രാർഥന തുടങ്ങിയവ ധ്യാനത്തോടൊപ്പമുണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 94 97 36 51 66 എന്ന ഫോൺ നമ്പറിലോ കിളിയന്തറ എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസുമായോ ബന്ധപ്പെടുക.

# ചെറുപുഷ്പ മിഷൻലീഗ്



സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

ദൈവഹിതം ഈ ഭൂമിയിൽ നിറവേറ്റാൻ ജീവിതത്തെ സമർപ്പണം ചെയ്ത പരിശുദ്ധ അമ്മയുടെയും; അധ്വാന ജീവിതത്തെ ആരാധനയാക്കി ഉയർത്തിയ വി. യൗസേപ്പിതാവിന്റെയും; ത്യാഗത്തിന്റെ സുന്ദരഭാവങ്ങളെ പുൽകി ജീവിതത്തെ പുണ്യംകൊണ്ട് പൂവണിയിച്ച് ഈശോയുടെ ഹൃദയത്തിൽ സ്ഥാനം പിടിച്ച വി. ഡൊമിനിക് സാവിയോയുടെയും തിരുനാൾ നാം ആഘോഷിക്കുന്ന ഈ മാസത്തിൽ എല്ലാവർക്കും തിരുനാൾ മംഗളങ്ങൾ...ഒപ്പം സുകൃതങ്ങൾ അനുഷ്ഠിച്ചും പ്രാർത്ഥനകൾ ജപിച്ചും പരിശുദ്ധ അമ്മയുടെ വണക്കമാസം നമുക്ക് ആചരിക്കാം. കൂടാതെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ കുഞ്ഞുമിഷനറിമാരുടെ സ്നേഹത്താൽ ജ്വലിക്കുന്ന പ്രേഷിത തീക്ഷ്ണതയും, കർമ്മവീഥികളിൽ കർമ്മ നിരതമായ പ്രവർത്തന സന്നദ്ധതയും, ആഴമായ ആത്മീയതയും, തളരാത്ത കാൽവയ്പും നമ്മുടെ സംഘടനയുടെ വളർച്ചയ്ക്ക് കരുത്തായിരുന്നു എന്നു പറയുന്നതിൽ സംശയമില്ല. സ്നേഹമുള്ള കുഞ്ഞുമക്കളേ, ''ജൂബിലി നിറവിൽ മുന്നേറാം പ്രേഷിതരായ് ...'' എന്ന 2021– 22 വർഷത്തെ ആപ്തവാക്യത്തെ നെഞ്ചോട് ചേർത്ത് വച്ച് ത്യാഗോജ്ജ്വലമായ പ്രവർത്തനം കാഴ്ച്ചവച്ച നിങ്ങൾക്കെല്ലാവർക്കും അതിരൂപതാ കുടുംബത്തിന്റെ ഹൃദ്യമായ നന്ദിയും അഭിനന്ദനങ്ങളും .....

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : വി.യൗസേപ്പിതാവ് |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : വി. ഡൊമിനിക് സാവിയോ |
| പ്രാർത്ഥനാനിയോഗം | : ലോകമെങ്ങുമുള്ള എല്ലാ പ്രേഷിതപ്രവർത്തനങ്ങൾക്കും വേണ്ടി |
| സുകൃതജപം | : വി. യൗസേപ്പിതാവേ തൊഴിലാളികൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. |
| സുകൃതം | : 74 സ്വർഗ്ഗ, 74 നന്മ, 74 ത്രിത്വസ്തുതി ചൊല്ലുന്നു. |
| സങ്കീർത്തന പാരായണം | : സങ്കീ : 141 – 150 അദ്ധ്യായങ്ങൾ |
| സംഘടനയെ അറിയാം | : മേഖലാ - ശാഖാ ചരിത്രങ്ങൾ |

### 1. ശാഖകൾ ശ്രദ്ധിക്കാൻ

01 ഞായർ : തൊഴിലാളിദിനം

06 വെള്ളി : വി. ഡൊമിനിക് സാവിയോയുടെ തിരുനാൾ

08 ഞായർ : ദൈവവിളി ദിനം, അസാധാരണ സമ്മേളനം, പൊതുദിവ്യ കാരുണ്യസ്വീകരണം

09 തിങ്കൾ : അതിരൂപതാ കൗൺസിൽ – വാർഷികം

12 വ്യാഴം : നേഴ്സസ് ദിനം

15 ഞായർ : കുടുംബ ദിനം

21 ശനി : തലശ്ശേരി അതിരൂപത പ്രഥമ പ്രസിഡന്റ് തോമസ് തോണിപ്പാറ സാറിന്റെ 7-ാം ചരമവാർഷികം, അതിരൂപതാ മിഷൻ കലോത്സവം

31 ചൊവ്വ : പന്തക്കുസ്താ തിരുനാൾ

**2. മേഖലകൾ ശ്രദ്ധിക്കാൻ** : എക്സിക്യൂട്ടീവ്, മേഖലാ ജൂനിയർ, ഭാര വാഹികളുടെ തെരഞ്ഞെടുപ്പ്, ശാഖാ – മേഖലാ വാർഷിക റിപ്പോർട്ടുകൾ മേഖലയിൽ ശേഖരിക്കുന്നു. അതിരൂപതാ കൗൺസിൽ, വാർഷികം, അതി രൂപതാ മാനേജിംഗ് കമ്മറ്റി, അതിരൂപതാ കലോത്സവം

### 3. ശാഖാ – മേഖല വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്

2021 – 22 പ്രവർത്തന വർഷം അവസാനിക്കുന്നതിനാലും പല സിസ്റ്റേഴ്സിനും സ്ഥലം മാറ്റം ഉള്ളതിനാലും മിഷൻലീഗിന്റെയും, തിരുബാലസ ഖ്യത്തിന്റെയും ഇതുവരെയുള്ള എല്ലാ റിക്കാർഡുകളും എഴുതി പൂർത്തി യാക്കി വയ്ക്കണമെന്നും കുടിശ്ശികകൾ അടയ്ക്കാനുള്ളത് അടച്ച് തീർക്കണ മെന്നും ഓർമ്മിപ്പിക്കുന്നു. അതോടൊപ്പം ശാഖാ വാർഷിക റിപ്പോർട്ടിന്റെ 2 കോപ്പി ജൂൺ 5-ാം തിയതിയോടെ അവരവരുടെ മേഖലകളിൽ എത്തി ക്കണമെന്നും മേഖലാ ടീം അവരുടെ നേതൃത്വത്തിൽ മേഖലകളുടെ കീഴി ലുള്ള എല്ലാ ശാഖകളുടെയും വാർഷിക റിപ്പോർട്ടിന്റെ ഒറിജിനൽ കോപ്പി അതിരൂപതയിൽ എത്തിക്കുകയും ചെയ്യുമല്ലോ. ഒരു ശാഖയും നേരിട്ട് വാർഷിക റിപ്പോർട്ടിന്റെ കോപ്പി അതിരൂപതയിലേയ്ക്ക് അയയ്ക്കേണ്ടതി ല്ല. വാർഷിക റിപ്പോർട്ടിന്റെ കോപ്പി മേഖലയ്ക്ക് കൊടുക്കുമ്പോൾ ശാഖാ ഡയറക്ടർ, പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേര്, ഒപ്പ് എന്നിവ നിർബ ന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. സീൽ ചെയ്യാൻ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്ത് സീൽ വയ്ക്കണം എന്ന കാര്യം കൂടി ഓർമ്മിപ്പിക്കട്ടെ.

### 4. മേഖല എക്സിക്യൂട്ടീവിന്റെ ശ്രദ്ധയ്ക്ക്

♦ 2021-22 വർഷത്തെ പ്രവർത്തനങ്ങളുടെ ശാഖാ വാർഷിക റിപ്പോർട്ടിന്റെ കോപ്പി ഒരു ശാഖയിൽ നിന്നും രണ്ടെണ്ണം വീതം മേഖലക

ളിൽ വാങ്ങിക്കുകയും മേഖലകളുടെ ഉത്തരവാദിത്വത്തിൽ റിപ്പോർട്ടിന്റെ ഒറിജിനൽ കോപ്പി ജൂൺ 10-ാം തിയതിയോടെ അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതുമാണ്. റിപ്പോർട്ട് വാങ്ങിക്കുമ്പോൾ അവസാന പേജിൽ ചോദിച്ചിരിക്കുന്ന ഡയറക്ടർ പേര് ഒപ്പ്, പ്രസിഡന്റ് പേര് ഒപ്പ്, സെക്രട്ടറി പേര് ഒപ്പ്, തിയതി, സ്ഥലം, സീൽ എന്നിവ കൃത്യമായി എഴുതിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തിയ ശേഷം കൈപ്പറ്റുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

♦ മേഖലാ വാർഷിക റിപ്പോർട്ടിന്റെ ഫോം എല്ലാ മേഖലകളിലും ലഭിച്ചു എന്ന് കരുതുന്നു. പ്രസ്തുത ഫോം പൂരിപ്പിച്ച് ജൂൺ 10-ാം തിയതി ശാഖാ - വാർഷിക റിപ്പോർട്ടുകൾ അതിരൂപതയിൽ എത്തിക്കുന്നതിന്റെ കൂടെ കൊണ്ടുവരണം എന്നകാര്യംകൂടി ഓർമ്മിപ്പിക്കട്ടെ.

♦ സാഹചര്യമനുസരിച്ച് അതിരൂപത ടീം മേഖലകൾ സന്ദർശിക്കുന്നതായിരിക്കും എന്നകാര്യം ഓർമ്മിപ്പിക്കട്ടെ. എല്ലാവരും റെക്കോഡുകൾ കൃത്യമായി എഴുതി സൂക്ഷിക്കുമല്ലോ.

## 5. ശാഖാ ഇലക്ഷൻ

ചെറുപുഷ്പ മിഷൻലീഗിന്റെ 2022-2023 വർഷത്തേക്കുള്ള ശാഖാ ഭാരവാഹികളുടെ (ജൂനിയർ, സീനിയർ) തിരഞ്ഞെടുപ്പ് മെയ് അവസാനത്തോടെ നടക്കുന്ന വിശ്വാസോത്സവത്തോടനുബന്ധിച്ചോ ജൂൺ ആദ്യആഴ്ച അധ്യയനവർഷാരംഭത്തോടനുബന്ധിച്ചോ നടത്തി ലിസ്റ്റ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. ശാഖാ ഭാരവാഹികളുടെ പേര് എഴുതി അതിരൂപതയിലേക്ക് തരാനുള്ള ഫോം അതത് മേഖലകളിൽ മെയ് 15-ാം തിയതിയോടെ എത്തിക്കുന്നതായിരിക്കും. മേഖലാ വൈസ്ഡയറക്ടേഴ്സിൽ നിന്നും ശാഖാ വൈസ്ഡയറക്ടേഴ്സ് ഫോം കൈപറ്റണമെന്നും; ശാഖാ തിരഞ്ഞെടുപ്പ് നടത്തുവാൻ ശാഖാ വൈസ്ഡയറക്ടേഴ്സ് ശ്രദ്ധിക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

## 6. അതിരൂപതാ മാനേജിംഗ് കമ്മറ്റി

ഈ വർഷത്തെ അതിരൂപതാ മാനേജിംഗ് കമ്മറ്റി മെയ് മാസം നടത്തപ്പെടുന്നതായിരിക്കും എന്നകാര്യം ഓർമ്മിപ്പിക്കട്ടെ. സ്ഥലവും സമയവും പിന്നീട് അറിയിക്കുന്നതായിരിക്കും.

**7. അതിരൂപതാ കൗൺസിൽ വാർഷികം :** ചെറുപുഷ്പ മിഷൻലീഗിന്റെ 62-ാം വാർഷികവും, കൗൺസിലും അവാർഡ് ദാനവും ചെറുപുഴ സെന്റ് മേരീസ് സൺഡേസ്ക്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് ഈ വരുന്ന മെയ് മാസം 9-ാം തിയതി തിങ്കളാഴ്ച അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെയും, മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെയും, ദേശീയ - സംസ്ഥാന ഭാരവാഹികളുടെയും മഹനീയ സാന്നിധ്യത്തിൽ നടത്തപ്പെടു

ന്നു. 2020 –2021 പ്രവർത്തന വർഷം അതിരൂപതാ തലത്തിൽ ഗോൾഡൻ സ്റ്റാർ, സിൽവർ സ്റ്റാർ, മിഷൻ സ്റ്റാർ, എന്നീ സ്ഥാനങ്ങൾ കരസ്ഥമാക്കിയ ശാഖകൾക്കും – മേഖലകൾക്കുമുള്ള ട്രോഫിയും ക്യാഷ് അവാർഡും, ശ്രീ ജെയ്സൺ മർക്കോസ് പ്രേഷിത അവാർഡും, മാർ ജോർജ്ജ് വലിയമറ്റം പൗരോഹിത്യ സുവർണ്ണ ജൂബിലി സ്മാരക പ്രേഷിതഅവാർഡ് ദാനവും, മറ്റ് ഇതര മത്സരങ്ങളുടെ സമ്മാനദാനവും വാർഷികത്തിൽ വച്ച് നൽകുന്ന തായിരിക്കും. എല്ലാ വർഷവും ശാഖയിലെ മുഴുവൻ സീനിയർ – ജൂനിയർ ഭാരവാഹികളുമാണ് പങ്കെടുക്കേണ്ടിയിരുന്നത്. എന്നാൽ ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ എണ്ണം പരിമിതപ്പെടുത്തുന്നതിന്റെ ഭാഗമായി ഇടവകയിലെ വൈസ് ഡയറക്ടർ സിസ്റ്റർ ഉൾപ്പെടെ അഞ്ച് പേരും, അതോ ടൊപ്പം മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങളും ആണ് കൗൺസിൽ – വാർഷി കത്തിലും റാലിയിലും പങ്കെടുക്കേണ്ടത്. രജിസ്ട്രേഷൻ ഫീസ് ഒരുകുട്ടിക്ക് 80 രൂപ വീതം കൊണ്ടുവരാൻ ശ്രദ്ധിക്കുമല്ലോ. കൂടുതൽ വിവരങ്ങൾ കത്തി ലൂടെയും ഫോൺ വിളിച്ചും അറിയിക്കുന്നതായിരിക്കും.

## 9. കൗൺസിൽ വാർഷികം – പ്രോഗ്രാം

09.00 am ന് രജ്സിട്രേഷൻ, 09.15 am ന് വി.കുർബാന, 10.00 am ന് പതാക ഉയർത്തൽ, 10.15 am ന് പ്രാർത്ഥന, 10.20 ന് രംഗപൂജ, കൗൺസിൽ ഉദ്ഘാടനം – മാർ ജോസഫ് പാംപ്ലാനി, കണക്ക്, റിപ്പോർട്ട് അവതരണം. 12.30 pm ന് ഉച്ച ഭക്ഷണം, 1.15 pm ന് പ്രേഷിത റാലി, 2.30 pm ന് വാർഷിക – രംഗപൂജ, ഉദ്ഘാടനം – മാർ ജോർജ്ജ് ഞറളക്കാട്ട്, ആദരിക്കൽ, അവാർഡ് ദാനം, ബെസ്റ്റ് ശാഖാ – മേഖലാ സമ്മാനദാനം, 04.00 pm ന് നന്ദി.

### 10. മേഖലാ കൗൺസിൽ വാർഷികം

05.04.2022 ന് ചൊവ്വാഴ്ച്ച കുന്നോത്ത് മേഖല കൗൺസിൽ വാർഷികം നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ ഉദ്ഘാ ടനം ചെയ്തു. ഇനിയും മേഖലാ കൗൺസിൽ – വാർഷികം നടത്താത്ത എല്ലാ മേഖലകളും ഈ മാസം തന്നെ നടത്തുമല്ലോ.

## 11. അതിരൂപതാ മിഷൻ കലോത്സവം

ഈ വർഷത്തെ അതിരൂപതാ മിഷൻ കലോത്സവം മെയ് 21 –ാം തിയതി ശനിയാഴ്ച ചെമ്പേരി ഹൈസ്ക്കൂളിൽ വെച്ച് നടത്തുന്നു. രാവിലെ 09.00 മണിക്ക് രജിസ്ട്രേഷനോടെ മത്സരങ്ങൾ ആരംഭിക്കും. മത്സരത്തിന് അംഗ ത്വകാർഡും ബാഡ്ജും നിർബന്ധമാണ്. രാവിലെ 09.15 ന് ഉദ്ഘാടനം അതി നുശേഷം 09.30 ന് തന്നെ മത്സരങ്ങൾ ആരംഭിക്കും. സബ്ജൂനിയർ, ജൂനി യർ, സീനിയർ, സൂപ്പർ സീനിയർ എന്നീ വിഭാഗങ്ങളിൽ പ്രസംഗം, സംഗീതം എന്നീ മത്സരങ്ങളായിരിക്കും നടത്തപ്പെടുന്നത്. മേഖലകളിൽ

ഒന്നാം സ്ഥാനം ലഭിച്ച ആൺകുട്ടിക്കും, പെൺകുട്ടിക്കും അതിരൂപതാ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

**കലാമത്സരത്തിൽ മേഖലകൾ പങ്കെടുക്കാൻ വരുമ്പോൾ താഴെപറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക**

a) എല്ലാ മേഖലയ്ക്കും ഒരു ടീം മാനേജർ ഉണ്ടായിരിക്കണം. ഈ ടീം മാനേജർ ആയിരിക്കണം ടീം അംഗങ്ങൾക്കുവേണ്ടി സ്റ്റേജ് മാസ്റ്ററോടോ, ഓഫീസുമായോ ബന്ധപ്പെടേണ്ടത്. ചാൻസ് നമ്പർ, ചെസ്റ്റ് നമ്പർ തുടങ്ങിയവ ടീം അംഗങ്ങൾക്കുവേണ്ടി ക്രമകരിച്ച് കൊടുക്കേണ്ടത് ഈ ടീം മാനേജർ ആയിരിക്കണം.

b) മത്സര നടത്തിപ്പ് സംബന്ധിച്ച് എന്തെങ്കിലും പരാതി ഉണ്ടെങ്കിൽ പരിപാടികഴിഞ്ഞ് 15 മിനിറ്റിനുള്ളിൽ ബഹുമാനപ്പെട്ട മേഖലാ ഡയറക്ടർ അച്ചൻ ശുപാർശ ചെയ്ത പരാതി ടീം മാനേജർക്ക് അപ്പീൽ കമ്മറ്റിക്ക് സമർപ്പിക്കാവുന്നതാണ്. പരാതിയോടൊപ്പം 250 രൂപ അടച്ചിരിക്കണം. മേഖലാ ഡയറക്ടർ ശുപാർശ ചെയ്യാത്ത പരാതികൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

c) മത്സരാർത്ഥികളുടെ അംഗത്വകാർഡ് പുതുക്കാത്തവർ പുതുക്കി അതിരൂപതാ ഡയറക്ടറുടെ ഒപ്പ്, സീൽ എന്നിവ നിർബന്ധമായും മേടിച്ചിരിക്കേണ്ടതാണ്.

d) കലോത്സവവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ആവശ്യവുമായി ഓഫീസുമായി ബന്ധപ്പെടേണ്ടത് അതത് മേഖലകളിലെ ടീം മാനേജർ മാത്രം ആയിരിക്കണം.

e) മത്സര ക്രമീകരണങ്ങളെക്കുറിച്ചോ നിയമങ്ങളെക്കുറിച്ചോ എന്തെങ്കിലും സംശയങ്ങൾ ഉണ്ടെങ്കിൽ ദയവായി ഓഫീസുമായി ബന്ധപ്പെടുമല്ലോ.

f) എല്ലാ മേഖലാ ഡയറക്ടർമാരും വൈസ് ഡയറക്ടേഴ്സും ടീം അംഗങ്ങളോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്.

g) നാല് സ്റ്റേജിൽ ആയിട്ടായിരിക്കും മത്സരം നടത്തപ്പെടുക. ഒരുമണിയോടെ മത്സരം സമാപിക്കുന്നതായിരിക്കും.

**12. ഏയ്ഞ്ചൽസ് മീറ്റ് :** ഈ വർഷം ആദ്യകുർബാന സ്വീകരിക്കുന്ന കുട്ടികളുടെ സംഗമം ഏയ്ഞ്ചൽസ് മീറ്റ് ഈ മാസംതന്നെ മേഖലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുവാൻ ബഹു. മേഖലാഡയറക്ടർ അച്ചന്മാർ ശ്രദ്ധിക്കുമല്ലോ. പിതാക്കന്മാരുടെ പ്രോഗ്രാം അന്വേഷിച്ച് അവരുടെ സാന്നിധ്യം ഉറപ്പാക്കുമല്ലോ. എയ്ഞ്ചൽസ് മീറ്റ് സർട്ടിഫിക്കറ്റ് ഓരോ മേഖലയ്ക്കും ആവശ്യമായ എണ്ണം ഓഫീസിൽ അറിയിക്കുമല്ലോ.

## 13. അതിരൂപതാതല മിഷൻക്വിസ്സ് മത്സര വിജയികൾ

| Prize & Grade | പേര് വീട്ടുപേര് | ഇടവക | മേഖല |
|---|---|---|---|
| **ജൂനിയർ (Boys)** | | | |
| I A | ജോർജിൻ ചുരത്തിൽ | വെള്ളരിക്കുണ്ട് | വെള്ളരിക്കുണ്ട് |
| II B | അജു ജിജോ കൊക്കവയലിൽ | ഉമ്മർപൊയിൽ | ചെറുപുഴ |
| III B | ജോർജ് പുതിയിടം | മാനടുക്കം | പനത്തടി |
| **ജൂനിയർ (Girls)** | | | |
| I A | അയോണ തെരേസ് കന്നുകെട്ടിയിൽ | വിളമന | നെല്ലിക്കാംപൊയിൽ |
| II B | ഡെൽന തോമസ് ഈട്ടിക്കൽ | പേരാവൂർ | പേരാവൂർ |
| III B | റിയ മരിയ കുറുവത്താഴെ | ഉമ്മർപൊയിൽ | ചെറുപുഴ |
| **സീനിയർ (Boys)** | | | |
| I A | മാത്യു പാലത്തിങ്കൽ | ഒറ്റത്തൈ | ആലക്കോട് |
| II A | തോമസ് എട്ടൊന്നിൽ | ദീപഗിരി | ചെമ്പേരി |
| III A | ജരാർദ് ചിറ്റടിയിൽ | ചന്ദനക്കാംപാറ | പൈസക്കരി |
| **സീനിയർ (Girls)** | | | |
| I A | റോസ് മരിയ ചെറുചിലമ്പിൽ | ലിസ്സിഗിരി | ചെമ്പേരി |
| II B | എലിസബത്ത് കണ്ടംങ്കേരി | പേരട്ട | കുന്നോത്ത് |
| III B | ആൻസ് വെച്ചൂർ | മാങ്ങോട് | എടൂർ |
| **സൂപ്പർ സീനിയർ (Boys)** | | | |
| I B | സനീഷ് പുതിയിടം | മാനടുക്കം | പനത്തടി |
| II B | ബിനോയ് വടക്കേത്തടത്തിൽ | ബദിയഡുക്ക | കാഞ്ഞങ്ങാട് |
| III B | അഗസ്റ്റിൻ പാമ്പക്കൽ | മണ്ടളം | ചെമ്പന്തൊട്ടി |
| **സൂപ്പർ സീനിയർ (Girls)** | | | |
| I A | അനിത വടക്കൻ | ശ്രീകണ്ഠാപുരം | ചെമ്പന്തൊട്ടി |
| II B | സുമ കൊട്ടുകാപ്പള്ളി | വിളമന | നെല്ലിക്കാംപൊയിൽ |
| III B | ജൂലി പാത്രപാങ്കൽ | തിരുമേനി | ചെറുപുഴ |

## 14. സെമിനാറുകൾ, ക്ലാസ്സുകൾ

28. 03. 2022 ന് തടിക്കടവ് ശാഖയിൽ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ കുട്ടികൾക്ക് സെമിനാർ നടത്തി.

03. 04. 2022 ന് ചെറുപുഴ ശാഖയിൽ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ കുട്ടികൾക്ക് സെമിനാർ നടത്തി.

**15.** അടോട്ടുകയ, പരപ്പ, കനകപ്പള്ളി, മാനടുക്കം, അരിവിളഞ്ഞപൊയിൽ, കല്ലുവയൽ, ആശാൻകവല, മണ്ടളം, പനത്തടി, കള്ളാർ, പാണത്തൂർ, എള്ളുക്കൊച്ചി, ചെടിക്കുളം, പടുപ്പ്, കനീലടുക്കം, കരുവഞ്ചാൽ, മാങ്ങോട്, കീഴ്പ്പള്ളി, അരീക്കമല, തിരൂർ, പാലത്തുംകടവ്, പേരട്ട, ചരൾ, മുടയരഞ്ഞി, ജയ്ഗിരി, വിജയഗിരി, ചീക്കാട്, മണക്കടവ്, കുട്ടാപറമ്പ്, പുഞ്ച, ഒറ്റത്തൈ, കാർത്തികപുരം, നെല്ലിപ്പാറ, മാമ്പോയിൽ, തലശ്ശേരി, കാസർഗോഡ്, മണിക്കടവ്, ഉളിക്കൽ, നീലേശ്വരം, എണ്ണപ്പാറ, കാലിച്ചാനടുക്കം, കാഞ്ഞങ്ങാട്, ഉരുപ്പുംകുറ്റി, ചീമേനി, നെല്ലിയടുക്കം, നാട്ടക്കൽ, ചുള്ളി, ആനമഞ്ഞൾ, മാലോം, കൊന്നക്കാട്, മാട്ടറ എന്നീ ശാഖകൾ അതിരൂപതാ ഭാരവാഹികൾ സന്ദർശിച്ചു.

## 16. ഉണ്ണീശോയ്ക്കൊരു കട്ടിൽ – ഒരായിരം നന്ദിയോടെ

ചാന്ദാ മിഷനിലെ കുഞ്ഞുകൂട്ടുകാർക്ക് കട്ടിൽ വാങ്ങാൻ ഹൃദയപൂർവ്വം സഹകരിച്ചുകൊണ്ടിരിക്കുന്ന എല്ലാ ശാഖകൾക്കും സുമനസുകൾക്കും ഒരായിരം നന്ദി. ഈ സംരംഭത്തോട് സഹകരിച്ച മണ്ടളം ശാഖയിലെ കൊച്ചുകൂട്ടുകാർക്ക് അതിരൂപതാ കുടുംബത്തിന്റെ നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു.

## 17. സംസ്ഥാന ഡയറക്ടേഴ്സ് വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്

01.04.2022 ന് വെള്ളിയാഴ്ച്ച ഗൂഗിൾ ഫോമിലൂടെ നടന്ന സംസ്ഥാന ഡയറക്ടേഴ്സ് വൈസ് ഡയറക്ടേഴ്സ് മീറ്റിംഗിൽ ഡയറക്ടറും, വൈസ് ഡയറക്ടറും പങ്കെടുത്തു.

## 18. അതിരൂപതാതല എം റ്റി സി ക്യാമ്പ്

2022 ഏപ്രിൽ 22 മുതൽ 24 വരെ പാലത്തിൻകടവ് വെച്ച് നടന്ന അതിരൂപതാതല എം റ്റി സി ക്യാമ്പ് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. ഏപ്രിൽ 22 ന് വൈകുന്നേരം 05.30 ന് അതിരൂപതാ പ്രസിഡന്റ് ശ്രീ സുനിൽ കല്ലിടുക്കിൽ പതാക ഉയർത്തിക്കൊണ്ട് ക്യാമ്പിന് തുടക്കം കുറിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ ക്യാമ്പിനെക്കുറിച്ച് അവലോകനം ചെയ്ത് സംസാരിച്ചു. തുടർന്ന് പാലത്തുംകടവ് ശാഖാ ഡയറക്ടർ ഫാ. തോമസ്-പന്തലാനിക്കൽ, മേഖലാ ഡയറക്ടർ ഫാ. മാത്യു നരിക്കുഴി, സംസ്ഥാന പ്രസിഡന്റ് ശ്രീ ബേബി പ്ലാശ്ശേരി, സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ ജോസഫ് ചെമ്പകശ്ശേരി എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. മൂന്ന് ദിവസത്തെ ക്യാമ്പിൽ കുട്ടികളുടെ വ്യക്തിത്വ വികസനത്തിനും, സ്വഭാവരൂപീകരണത്തിനും ഉപകരിക്കുന്ന വിവിധപ്രവർത്തനങ്ങൾ, ഭവന സന്ദർശനം, എന്നിവയും ഉണ്ടായിരുന്നു. റവ. ഫാ. ജോസഫ് വടക്കേപ്പറമ്പിൽ, ശ്രീ ബേബി പ്ലാശ്ശേരി, ശ്രീ സുനിൽ കല്ലിടുക്കിൽ, ശ്രീ ജോബി മൂലയിൽ, ബ്രദർ ജിൻസ് ചൊള്ളംപുഴ, ബ്രദർ ആൽബിൻ തെങ്ങുംപള്ളി എന്നിവർ ക്യാമ്പിൽ ക്ലാസ്സുകൾ നയിച്ചു.

16 മേഖലകളിൽ നിന്നുമായി ക്യാമ്പിൽ പങ്കെടുത്ത 96 കുട്ടികളിൽ നിന്ന് 32 കുട്ടികൾ വിശുദ്ധസ്ഥല തീർത്ഥാടനത്തിനായി തിരഞ്ഞെടുക്കപ്പെട്ടു. ക്യാമ്പിൻെറ വിജയത്തിനായി എല്ലാവിധ സൗകര്യങ്ങളും സഹായങ്ങളും ചെയ്തുതന്ന പാലത്തിൻകടവ് ശാഖാ ഡയറക്ടർ ബഹുമാനപ്പെട്ട തോമസ് പന്തലാനിക്കൽ അച്ചനും, ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനും, ഇടവകാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ ഹൃദയംഗമമായ നന്ദി.

**19. ആദരാഞ്ജലികൾ :** പ്രേഷിതപ്രഭാവത്തിന്റെ പുത്തൻപ്രതീക്ഷകളെ പെറുക്കിയെടുത്ത് പ്രശോഭിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ തന്നെ സ്വർഗ്ഗീയ സമ്മാനത്തിനായി വിളിക്കപ്പെട്ട തളിപ്പറമ്പ് മേഖലാ മുൻ ജൂനിയർ പ്രസിഡന്റും മിഷൻലീഗിന്റെ സജീവ പ്രവർത്തകനുമായ ഞങ്ങളുടെ പ്രിയപ്പെട്ട കുഞ്ഞുമിഷനറി ലിനോ ജോസഫ് പാലപ്പുറത്തിന് അതിരൂപതാകുടുംബത്തിന്റെ പ്രാർത്ഥനകളും ആദരാഞ്ജലികളും.

## 20. അഭിനന്ദനങ്ങൾ... പ്രാർത്ഥനകൾ

തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയായി സ്ഥാനം ഏറ്റെടുത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന് ചെറുപുഷ്പമിഷൻലീഗ് അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാ നിർഭരമായ ആശംസകൾ.

## 21. ഹൃദയം നിറഞ്ഞ നന്ദി

സൗഹൃദം നിറഞ്ഞ പുഞ്ചിരികൊണ്ടും, അകമഴിഞ്ഞ സ്നേഹം കൊണ്ടും, നലം തികഞ്ഞ വ്യക്തിത്വംകൊണ്ടും, ആഴമായ പ്രാർത്ഥനാ ചൈതന്യംകൊണ്ടും ചെറുപുഷ്പ മിഷൻലീഗ് സംഘടനയെ മാറോട് ചേർത്തുനിർത്തി സ്നേഹിച്ച് സമയാസമയങ്ങളിൽ വേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകി വളർത്തിയ ഞങ്ങളുടെ പ്രിയപ്പെട്ട അഭിവന്ദ്യ മാർ ജോർജ്ജ് ഞറളക്കാട്ട് പിതാവിന് ചെറുപുഷ്പമിഷൻലീഗ് അതിരൂപതാ കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദിയും... പ്രാർത്ഥനകളും....

സ്നേഹപൂർവം

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഈ അവധിക്കാലത്ത് കളികളുടെയും ആഘോഷങ്ങളുടെയും തിരക്കിനിടയിലും ഈശോയുടെ ഹൃദയ ഗുണങ്ങൾ സ്വന്തമാക്കി ഉണ്ണീശോയുടെ സ്നേഹിതരായി മാറാൻ എല്ലാ കൊച്ചു കൂട്ടുകാർക്കും സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.....ആശംസിക്കുന്നു. അതോടൊപ്പം കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ കുഞ്ഞുകൂട്ടുകാരുടെ അകമഴിഞ്ഞ പ്രവർത്തന സന്നദ്ധതയും, ആഴമായ ആത്മീയതയും, തളരാത്ത കാൽവയ്പും നമ്മുടെ തിരുബാലസഖ്യം സംഘടനയുടെ വളർച്ചയ്ക്ക് കരുത്തായിരുന്നു. പ്രിയപ്പെട്ട ആനിമേറ്റേഴ്സ്, കുഞ്ഞുമക്കളേ, തീക്ഷ്ണതയോടെ പ്രവർത്തിച്ച നിങ്ങൾക്കെല്ലാവർക്കും അതിരൂപതാ കുടുംബത്തിന്റെ ഹൃദ്യമായ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു...

| | | |
|---|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : | വി. യൗസേപ്പിതാവ് |
| അനുസ്മരിക്കുന്ന വിശുദ്ധർ | : | വി. ഡൊമ്നിക് സാവിയോ |
| പ്രാർത്ഥനാനിയോഗം | : | തൊഴിലാളികൾക്കുവേണ്ടി |
| സുകൃതജപം | : | എന്റെ ഉണ്ണീശോയെ ഞാൻ അങ്ങയെ സ്നേഹിക്കുന്നു. |
| വചനം | : | ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും അഴിയുന്നെങ്കിലോ അത് വളരെ ഫലം പുറപ്പെടുവിക്കും (വി. യോഹ 12: 24) |
| പ്രവൃത്തി | : | അവധിക്കാല ധ്യാനങ്ങളിലും, സെമിനാറുകളിലും സംബന്ധിക്കുക. ആക്ഷൻസോംഗ്സ് പഠിക്കുക. |
| മന:പാഠമാക്കുക | : | എത്രയും ദയയുള്ള മാതാവേ പ്രാർത്ഥന പഠിക്കുക. |
| എയ്ഞ്ചൽസ് വോയ്സ് | : | ആക്ഷൻസോംഗ്സ്, പ്രസംഗം മത്സരം നടത്തുക. (ശാഖാതലത്തിൽ മത്സരം ക്രമീകരിക്കുക) |

**1. ശാഖകൾ ശ്രദ്ധിക്കാൻ**

01 ഞായർ : തൊഴിലാളിദിനം

06 വെള്ളി : വി. ഡൊമിനിക് സാവിയോയുടെ തിരുനാൾ

08 ഞായർ : ദൈവവിളി ദിനം
12 വ്യാഴം : നേഴ്സസ് ദിനം
15 ഞായർ : കുടുംബ ദിനം
31 ചൊവ്വ : പന്തക്കുസ്താ തിരുനാൾ

## 2. അഭിനന്ദനങ്ങൾ...പ്രാർത്ഥനകൾ

തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയായി സ്ഥാനം ഏറ്റെടുത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന് തിരുബാലസഖ്യം അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാ നിർഭരമായ ആശംസകൾ.

## 3. ഹൃദയം നിറഞ്ഞ നന്ദി

സൗഹൃദം നിറഞ്ഞ പുഞ്ചിരികൊണ്ടും, അകമഴിഞ്ഞ സ്നേഹം കൊണ്ടും, നലം തികഞ്ഞ വ്യക്തിത്വംകൊണ്ടും, ആഴമായ പ്രാർത്ഥനാ ചൈതന്യംകൊണ്ടും തിരുബാലസഖ്യം സംഘടനയെ മാറോട് ചേർത്തു നിർത്തി സ്നേഹിച്ച് സമയാസമയങ്ങളിൽ വേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകി വളർത്തിയ ഞങ്ങളുടെ പ്രിയപ്പെട്ട അഭിവന്ദ്യ മാർ ജോർജ്ജ് ഞറളക്കാട്ട് പിതാവിന് തിരുബാലസഖ്യം അതിരൂപതാ കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദിയും...പ്രാർത്ഥനകളും...

## 4. ഈശോയെപ്പോലെ വളരാം...വലുതാകാം....

തിരുബാലസഖ്യം കുട്ടികൾക്കായി ഈശോയെപ്പോലെ വളരാം ... വലുതാകാം എന്ന വർക്ക് ബുക്ക് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. വിശ്വാസപരിശീലനം ആരംഭിക്കുമ്പോൾ 1-ാം ക്ലാസ്സ് മുതൽ 4-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് വേദപാഠ പുസ്തകത്തിന്റെ കൂടെ ഈ വർക്കുബുക്കുകൂടി നൽകുവാൻ ബഹു. ആനിമേറ്റേഴ്സും ഹെഡ്മാസ്റ്റർമാരും ശ്രദ്ധിക്കുമല്ലോ. ബുക്കിന്റെ എണ്ണം വേദപാഠപുസ്തകങ്ങൾക്ക് ഓഡർ ചെയ്യുമ്പോൾ തന്നെ മിഷൻലീഗ് ഓഫീസിൽ അറിയിക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു. പുസ്തകത്തിന്റെ വില പിന്നീട് അറിയിക്കുന്നതായിരിക്കും.

## 5. തിരുബാലസഖ്യം മാർഗ്ഗരേഖ

തിരുബാലസഖ്യം പ്രവർത്തനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള 2022 -2023 പ്രവർത്തന വർഷമാർഗ്ഗരേഖതിരുബാലസഖ്യം വർക്കുബുക്കിനോടൊപ്പം നൽകുന്നതായിരിക്കും.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

പ്രിയപ്പെട്ട വികാരിയച്ചാ, ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, യുവജനങ്ങളേ,

മെയ് മാസത്തിൽ മാതാവിനോട് ചേർന്ന് വണക്കമാസ ഭക്തിയിൽ വളരാം. അവധിക്കാലമായതിനാൽ യൂണിറ്റ് തല പ്രവർത്തനങ്ങൾ ആവിഷ്കരിക്കുമല്ലോ. യൂണിറ്റ് തല യുവജന സംഘമായ BLOOMS നടത്താൻ ശ്രദ്ധിക്കുമല്ലോ.

## പിതാവിന് സ്നേഹോഷ്മളമായ മംഗളങ്ങൾ

തലശ്ശേരി അതിരൂപതയുടെ ആർച്ചുബിഷപ്പായി നിയുക്തനായിരിക്കുന്ന മാർ ജോസഫ് പാംപ്ലാനി പിതാവിന് അതിരൂപതാ കെസിവൈഎം ന്റെ പേരിലുള്ള പ്രാർഥനാശംസകൾ... യുവജനശുശ്രൂഷയ്ക്ക് പിതാവ് നൽകുന്ന എല്ലാ സഹായ സഹകരണങ്ങൾക്കും പ്രാർഥനയ്ക്കും പ്രോത്സാഹനത്തിനും നന്ദി അർപ്പിച്ച് പ്രസിഡന്റ് ജോയൽ ജോസഫ് വിധേയത്വം പ്രഖ്യാപിച്ചു.

## കൃതഞ്ജതയോടെ...

അനേകായിരങ്ങളെ നന്മയിലേയ്ക്ക് നയിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെ എന്നുമെന്നും പ്രശോഭിക്കും. പിതാവിന്റെ വാത്സല്യത്തോടെ പ്രാർഥനയും പ്രോത്സാഹനവും നൽകി യുവജനശുശ്രൂഷയെ എന്നും കരുതലോടെ നയിച്ച അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന് യുവജനമക്കളുടെ ഹൃദയംനിറഞ്ഞ നന്ദി. പിതാവിന്റെ ഭാവികർമമണ്ഡലങ്ങളിൽ യുവജനങ്ങളുടെ സ്നേഹംനിറഞ്ഞ പ്രാർഥനാശംസകൾ.

## കൊട്ടത്തലച്ചി തീർത്ഥാടനം

ചെറുപുഴ ഫൊറോനയുടെ ആതിഥേയത്വത്തിൽ മലബാറിലെ മലയാറ്റൂർ എന്നറിയപ്പെടുന്ന പുളിങ്ങോം കൊട്ടത്തലച്ചി മലയിലേക്ക് ലോക സമാധാനത്തിനായ് കുരിശിന്റെ വഴി നടത്തി. കെസിവൈഎം, എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ പതിനാറ് ഫൊറോനയിലെയും യുവജനങ്ങൾ ഒന്നുചേർന്ന് പരിഹാര പീഡാസഹന യാത്ര നടത്തി. 2022 ഏപ്രിൽ 3-ാം തിയ്യതി ഉച്ചക്ക് 4 മണിക്ക് കെസിവൈഎം ചെറുപുഴ ഫൊറോന ഡയറക്ടർ ഫാ. വർഗ്ഗീസ് വെട്ടിയാനിക്കൽ കുരിശിന്റെ വഴി പ്രാരംഭ പ്രാർത്ഥന നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ സമാപന പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. കുരിശിന്റെ വഴി സന്ദേശം നൽകി കൊണ്ട് ഫാ. തോമസ് ചക്കിട്ടമുറി സംസാരിച്ചു. അതിരൂ

പതാ പ്രസിഡന്റിന്റെ നേതൃത്വത്തിൽ സമിതി അംഗങ്ങൾ പങ്കെടുത്തു. ചെറുപുഴ ഫൊറോന ഡയറക്ടർ ഫാ. വർഗ്ഗീസ് വെട്ടിയാനിക്കൽ, ആനിമേറ്റർ സി. റെജീന മേരി, പ്രസിഡന്റ് നിധിൻ, ഫൊറോന സമിതി അംഗങ്ങൾ, ചൂരപ്പടവ് യൂണിറ്റ് ഭാരവാഹികൾ, യുവജന സുഹൃത്തുക്കൾ എല്ലാവർക്കും അതിരൂപതയുടെ ഹൃദയം നിറഞ്ഞ നന്ദി...

## സ്ഥാനാരോഹണ ചടങ്ങിന് പാതയൊരുക്കി കെസിവൈഎം

തലശ്ശേരി അതിരൂപതയുടെ 4-ാമത്തെ മേലദ്ധ്യക്ഷനായി സ്ഥാനമേൽക്കുന്ന ചടങ്ങിൽ പാർക്കിംങ്ങ്, ട്രാഫിക്ക്, ഭക്ഷണ വിതരണം തുടങ്ങിയ കാര്യങ്ങൾക്ക് ചുമതല ഏറ്റെടുത്ത് കെസിവൈഎം പ്രവർത്തകർ. രാവിലെ 7 മണിക്ക് തുടങ്ങിയ സേവനങ്ങൾ ചടങ്ങിന്റെ സുഗമമായ നടത്തിപ്പിന് ക്രമീകരണങ്ങൾ ഒരുക്കി. അതിരൂപതാ പ്രസിഡന്റ് ജോയൽ ജോസഫ്, സംസ്ഥാന സിൻഡിക്കേറ്റ് അംഗം ശ്രി. ഷിജോ നിലക്കപ്പള്ളി, മുൻ രൂപതാ പ്രസിഡന്റ് വിപിൻ ജോസഫ്, അതിരൂപതാ സമിതി അംഗങ്ങൾ തുടങ്ങി അമ്പതോളം യുവജനങ്ങൾ നേതൃത്വം കൊടുത്തു. എല്ലാവർക്കും അതിരൂപതയുടെ നന്ദി...

## നേതൃത്വ പരിശീലന ക്യാമ്പ്

സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ എല്ലാ രൂപതയിലെയും സെനറ്റ്, സിൻഡിക്കേറ്റ് അംഗങ്ങളെ ഉൾപ്പെടുത്തികൊണ്ട് ഏപ്രിൽ-1,2,3 തിയ്യതികളായി നേതൃത്വ പരിശീലനക്യാമ്പ് കല്ലൂരിൽ വച്ച് നടത്തപ്പെട്ടു. സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രി. ഷിജോ നിലക്കപ്പള്ളി, നീന പറപ്പള്ളി, അതിരൂപതാ സെക്രട്ടറി സോജോ ചക്കാലക്കൽ, കൗൺസിലർ അൽന ആന്റണി എന്നിവർ പങ്കെടുത്തു.

**കാഞ്ഞങ്ങാട് ഫൊറോനയിലെ** എണ്ണപ്പാറ യൂണിറ്റിൽ വച്ച് BLOOMS പ്രോഗ്രാം നടത്തപ്പെട്ടു. നൂറോളം യുവജനങ്ങൾ പങ്കെടുത്തു. രൂപതാ ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ, കാഞ്ഞങ്ങാട് ഫൊറോന പ്രസിഡന്റ് അൻസൽ, യൂണിറ്റ് വികാരി ഫാ. ജോയി മടത്തിമ്യാലിൽ, കൊച്ചച്ചൻ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം കൊടുത്തു. ഫാ. വിപിൻ വലിയനിരപ്പേൽ ക്ലാസ്സെടുത്തു.

## നൈറ്റ് വിജിൽ

നെല്ലിക്കാംപൊയിൽ ഫൊറോനയിലെ ആനറ യൂണിറ്റിൽ വച്ച് ഫൊറോനയിലെ യുവജനങ്ങൾക്കായി നൈറ്റ് വിജിൽ നടത്തപ്പെട്ടു. ഫാ. ആന്റണി വെട്ടിയാനിക്കൽ യുവജനങ്ങൾക്കായി ക്ലാസ്സ് എടുത്തു.

**ചെമ്പേരി ഫൊറോന:** നെല്ലിക്കുറ്റി യൂണിറ്റിൽ വച്ച് നൈറ്റ് വിജിൽ നടത്തപ്പെട്ടു. ഫൊറോനയിലെയും യൂണിറ്റിലെയും ഭാരവാഹികൾ നൈറ്റ് വിജിലിന് നേതൃത്വം നൽകി. 120 തിലധികം യുവജനങ്ങൾ പങ്കെടുത്തു.

## ഗാഗുൽത്താ - കുരിശിന്റെ വഴി

ശാന്തിനഗറിൽ നിന്ന് കാഞ്ഞിരക്കൊല്ലിയിലേക്ക് നെല്ലിക്കാംപൊയിൽ ഫൊറോനയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ കുരിശിന്റെ വഴി നടത്തി പ്രാർത്ഥിച്ചു. നെല്ലിക്കാംപൊയിൽ ഫൊറോന കെസിവൈഎം ഡയറക്ടർ ഫാ. അലക്സ് നിരപ്പേൽ, ശാന്തിനഗർ വികാരി ഫാ. വിന്റോ ചക്യാരത്ത് എന്നിവർ കുരിശിന്റെ വഴിക്ക് നേതൃത്വം നൽകി.

## ആദരം നൽകി

ചീഫ് മിനിസ്റ്റർ സ്റ്റുഡൻസ് എക്സലൻസ് അവാർഡ് നേടിയ നെല്ലിക്കാംപൊയിൽ ഫൊറോന കൗൺസിലർ സ്റ്റെഫ്ന ബിനോയിയെ നെല്ലിക്കാം പൊയിൽ ഫൊറോനയിലെ യുവജനങ്ങൾ ആദരിച്ചു.

## റൂത്ത് 2k22

തോമാപുരം ഫൊറോനയുടെ നേതൃത്വത്തിൽ വനിതാ സംഗമം നടത്തി. ഫാ. ജോർജ് ചേലമരം സംഗമം ഉദ്ഘാടനം ചെയ്തു. എഴുപതോളം യുവതികൾ പങ്കെടുത്തു.

## പ്രതിഷേധ സദസ്സ്

തോമാപുരം ഫൊറോനയുടെ നേതൃത്വത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരിന്റെ വികലമായ നയങ്ങൾക്ക് എതിരെ പ്രതിഷേധ സദസ്സ് സംഘടിപ്പിച്ചു. കടമെടുത്ത വികസനം ആർക്കുവേണ്ടി, കെ റെയിലിന്റെ ആശങ്കകൾ പരിഹരിക്കുക, വികലമായ മദ്യനയം, ഇന്ധനവിലയിലെ കൊള്ളലാഭം തുടങ്ങിയ വിഷയങ്ങളെ അടിസ്ഥാമാക്കിയായിരുന്നു പ്രതിഷേധ സദസ്സ് സംഘടിപ്പിച്ചത്. സംസ്ഥാന സിൻഡിക്കേയ്റ്റ് അംഗം ശ്രി. ഷിജോ നിലക്കപ്പള്ളി പ്രതിഷേധ സദസ്സ് ഉദ്ഘാടനം ചെയ്തു.

## പ്രതിഷേധം

വികസനത്തിന്റെ പേരിൽ കേരളക്കാരെ കടക്കെണിയിലേയ്ക്ക് തള്ളി വിടുന്ന ഗവൺമെന്റിനെതിരെ... നാടിനെ നശിപ്പിക്കുന്ന മദ്യനയത്തിനെതിരെ ...ഇന്ധനവില വർദ്ധനവിലെ കൊള്ളലാഭത്തിനെതിരെ കെസിവൈഎം വെള്ളരിക്കുണ്ട് ഫൊറോനയിലെ യുവജനങ്ങൾ പ്രതിഷേധം നടത്തി.

## പ്രതിഷേധിച്ചു

വിശുദ്ധവാരത്തിൽ യേശുക്രിസ്തുവിനെയും അവിടുത്തെ പീഡാനുഭവത്തെയും അപമാനിച്ച മാതൃഭൂമി ന്യൂസിനെതിരെ അതിരൂപതാ കെസിവൈഎം പ്രതിഷേധിച്ചു.

## കോർണർ മീറ്റിംങ്

ഇന്ധനവില വർദ്ധനവിലെ കൊള്ളലാഭത്തിനെതിരെയും, വികലമായ മദ്യനയം, കടമെടുത്ത വികസനം ആർക്കുവേണ്ടി എന്ന ചിന്തകൾ ഉയർത്തി

ക്കൊണ്ട് 16 ഫൊറോനകളിലും കോർണർ മീറ്റിംങ് സംഘടിപ്പിക്കുന്നതിനായി അതിരൂപതാ സമിതി ആഹ്വാനം ചെയ്തു.

## ഗൂഗിൾ പേ ചലഞ്ച്

ഇരുവൃക്കകളും തകരാറിലായി ഡയാലിസിസിന് വിധേയനായി കൊണ്ടിരിക്കുന്ന മുൻ കെസിവൈഎം ഭാരവാഹിയായിരുന്ന ജോമോൻ (ജോജോ) ചേട്ടന്റെ വൃക്കമാറ്റി വയ്ക്കൽ ശസ്ത്രക്രിയക്കായി അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ ഗൂഗിൾ പേ ചലഞ്ച് നടത്തി. ഈ ഉദ്യമത്തിൽ പങ്കുകാരാകുവാൻ ആഗ്രഹിക്കുന്ന സുമനസ്സുകൾ ഈ നമ്പറിൽ 9496 596 004 ഗൂഗിൾ പേ ചെയ്ത് സഹകരിക്കുമല്ലോ.

## വെള്ളരിക്കുണ്ട് ഫൊറോന BLOOMS ഉദ്ഘാടനം

വെള്ളരിക്കുണ്ട് ഫൊറോനയിലെ BLOOMS ഉദ്ഘാടനം ചുള്ളി യൂണിറ്റിൽ വച്ച് നടത്തപ്പെട്ടു. അതിരൂപതാ ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. ഫൊറോന ഡയറക്ടർ ഫാ. അഖിൽ മുക്കുഴി ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഫൊറോന പ്രസിഡന്റ് അമൽ, ഫൊറോന ഭാരവാഹികൾ, ബിബിൻ അറക്കൽ, ഫാ. പീറ്റർ കൊച്ചുവീട്ടിൽ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ സഹകരിച്ച് എല്ലാം ഭംഗിയായി ക്രമീകരിച്ചു.

## സ്നേഹപ്പൊതി

മനസ്സറിഞ്ഞ് വിശപ്പുമാറാൻ എടൂർ ഫൊറോനയിലെ വിവിധ യൂണിറ്റുകളിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ എല്ലാ ഞായറാഴ്ചയും അഗതി മന്ദിരങ്ങളിലൂടെ ഒരു നേരത്തെ പൊതിച്ചോറ് നൽകുന്നു.

### കൂടെ

എടൂർ ഫൊറോനയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ ഏപ്രിൽ 17 ഈസ്റ്റർ ദിനത്തിൽ കാരാപറമ്പ് മൈത്രി ഭവനിൽ ഈസ്റ്റർ ദിനാഘോഷം സംഘടിപ്പിച്ചു.

സ്നേഹപൂർവ്വം,

**ഫാ. തോമസ് വാളിപ്ലാക്കൽ**
ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

## 1. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

898 എം.പി.സി ഓൺലൈൻ കോഴ്സ് ഏപ്രിൽ 22-23 തീയ്യതികളിൽ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടക്കുകയുണ്ടായി. കോഴ്സിൽ 390 ഓളം പേർ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി.

## 2. Online MPC Live Classes

**MPC 2022**

| | |
|---|---|
| May | 20 - 21 (Friday, Saturday) |

1. **Time Schedule :**

**എം.പി.സി ഓൺലൈൻ ഒന്നാം ദിവസം : 08.00 am - 07.30 pm**
**രണ്ടാം ദിവസം : 08.00 am - 06.00 pm**

2. ഓൺലൈൻ എം.പി.സി രജിസ്ട്രേഷൻ നടത്തുന്നതിനായി www.familytly.com എന്ന വെബ്സൈറ്റ് തുറന്ന് Date തിരഞ്ഞെടുത്ത് അപേക്ഷാഫോം പൂരിപ്പിച്ച് സബ്മിറ്റ് ചെയ്യുക.
3. വികാരിയച്ചന്മാരുടെ കത്ത്, രജിസ്ട്രേഷൻ ഫീസ് റസിപ്റ്റ്, പാസ്പോർട്ട് സൈസ് ഫോട്ടോ, എന്നിവ അപേക്ഷാഫോമിനോടൊപ്പം അപ്ലോഡ് ചെയ്യേണ്ടതാണ്.
4. രജിസ്ട്രേഷൻ ഫീസ് Rs/600 അടക്കാനുള്ള Bank Details
   A/c No : 0078053000073775,
   Name : Director, Family Apostolate,
   IFSC Code : SIBL0000078,
   South Indian Bank, Thalassery Branch
5. ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയവർ കാൻസലേഷൻ നടത്തുവാനോ, കോഴ്സ് ഡേറ്റിൽ മാറ്റം വരുത്തുവാനോ ആഗ്രഹിക്കുവെങ്കിൽ കോഴ്സ് ആരംഭിക്കുന്നതിനു മൂന്ന് ദിവസം മുമ്പെങ്കിലും ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. Ph: 0490 2966974, 9400206974
6. സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആയി അയച്ചുകൊടുക്കുന്നതാണ്. ആവശ്യമുള്ളവർക്ക് ഓഫീസിൽ നേരിട്ട് വന്ന് സർട്ടിഫിക്കറ്റ് വാങ്ങാവുന്നതാണ്.
7. ഇടവകാ ഗ്രൂപ്പുകളിൽ ഓൺലൈൻ എം.പി.സി രജിസ്ട്രേഷന്റെ വെബ്സൈറ്റും ഡേറ്റുകളും പ്രസിദ്ധീകരിക്കാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

8. **ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുന്നതിന് രണ്ട് ദിവസം മുമ്പ് രജിസ്ട്രേഷൻ ക്ലോസ് ആകുന്നതാണ്.**

## II. അനുഗ്രഹ മാര്യേജ് ബ്യൂറോ :- www.anugrahamarry.com

സീറോമലബാർ സഭയുടെ എല്ലാ രൂപതകളുടെയും മാര്യേജ് ബ്യൂറോകളുടെ ലിങ്ക് ലഭിക്കുന്നു. പണമടച്ച് രജിസ്റ്റർ ചെയ്യുന്നവരുടെ പേരും, ഫോട്ടോയും ദീപിക പത്രത്തിൽ സൗജന്യമായി പരസ്യം നൽകുന്നു.

**Packages :**
**Free - 15 Days**
**Till You Marry - 9999 (1 Year)**
Profile Details View : 750
**Diamond Package - 4999 (1 Year)**
Profile Details View : 650
**Golden Package - 3999 (1 Year)**
Profile Details View : 550
**Silver Package - 2999 (6 monts)**
Profile Details View : 350

## III. മാതൃവേദി

1. **തൂവാനീസ നിയോഗം -** ഈ മാസത്തെ തൂവാനീസ നിയോഗത്തിൽ ജപമാലയിൽ നമുക്ക് കോവിഡാനന്തര ലോകത്തിനുവേണ്ടി പാർത്ഥിക്കാം.
2. **യൂണിറ്റ്തല പ്രവർത്തനം** - ഈ മാസത്തെ യൂണിറ്റുതല പ്രവർത്തനം - ഉന്നതവിജയികളെ അനുമോദിക്കുക.
3. **മാതൃവേദി പ്രവർത്തന പദ്ധതി - മെയ് 2022**

| | | | |
|---|---|---|---|
| മെയ് | 1 | - | തൊഴിലാളിദിനം - വി. യൗസേപ്പിതാവ് |
| | 2 | - | ജനറൽബോഡി യോഗം - ഓൺലൈൻ മീറ്റിംഗ് |
| | 7 | - | എം.പി.സി റിസോഴ്സ് ടീം മീറ്റിംഗ് |
| | 15 | - | അഗതിമന്ദിര സന്ദർശനം (അതിരൂപതാ ടീം) വാർഷിക റിപ്പോർട്ട് എത്തിക്കേണ്ട അവസാന തീയതി |
| | 22-23 | - | എം.പി.സി. |
| | 26 | - | നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ |
| | 28 | - | ജനറൽബോഡി - ഓഫ്ലൈൻ, പ്രവർത്തനവർഷ ഉദ്ഘാടനം - ആർച്ചുബിഷപ്പിന് ആദരം |
| | 31 | - | പരി. കന്യകാമറിയത്തിന്റെ സന്ദർശനം |

## 4. മാതൃവേദി 2022 - 2023 പ്രവർത്തനവർഷോദ്ഘാടനവും അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന് സ്വീകരണവും

മാതൃവേദിയുടെ പ്രവർത്തനവർഷ ഉദ്ഘാടനം മെയ് 28 ശനിയാഴ്ച രാവിലെ 10 മുതൽ 1 മണിവരെ തളിപ്പറമ്പ് പള്ളിയിൽ നിന്ന് നടത്തപ്പെടുന്നതാണ്. ഈ മീറ്റിംഗിൽ തലശ്ശേരി അതിരൂപതയുടെ പുതിയ ഇടയനായി സ്ഥാനമേറ്റെടുത്തിരിക്കുന്ന മാർ ജോസഫ് പാംപ്ലാനി പിതാവിന് മാതൃവേദിയുടെ ആദരം അർപ്പിക്കുന്നതാണ്. എല്ലാ മാതൃവേദി രൂപതാ, മേഖലാ ഭാരവാഹികളും, മേഖല ആനിമേറ്റർമാരും, യൂണിറ്റ് പ്രസിഡണ്ടുമാരും മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

## 5. അമ്മവീട് - ഭവനപദ്ധതി

മാർ ജോർജ്ജ് ഞരളക്കാട്ട് പിതാവിന്റെ ജൂബിലി സ്മാരക ഭവനപദ്ധതിയിലേക്ക് സംഭാവനകൾ നൽകി സഹകരിച്ച എല്ലാ യൂണിറ്റുകൾക്കും വ്യക്തികൾക്കും പ്രത്യേകം നന്ദി അറിയിക്കുന്നു. ഇതുവരെ ലഭിച്ചത് ആകെ 289200.00 തുകയാണ്. തുടർന്നും വ്യക്തിപരമായും യൂണിറ്റ് - മേഖലാതലത്തിലും അമ്മവീടിന്റെ പൂർത്തീകരണത്തിനുവേണ്ടി സംഭാവനകൾ ശേഖരിച്ച് അയക്കണമെന്നഭ്യർത്ഥിക്കുന്നു. അമ്മവീടിന്റെ തറക്കല്ലിടൽ കർമ്മം മെയ് 4-ാം തീയതി ബെഡൂർ ഇടവകയിൽ വച്ച് നടത്തപ്പെടുന്നതാണ്. പ്രത്യേകം പ്രാർത്ഥനകൾ അപേക്ഷിക്കുന്നു.

**മേഖലാതലം**

| | | | | | |
|---|---|---|---|---|---|
| ആലക്കോട് | - 20500 | കാഞ്ഞങ്ങാട് | - 42000 | പനത്തടി | - 7000 |
| ചെമ്പന്തൊട്ടി | - 23000 | കുന്നോത്ത് | - 21500 | പേരാവൂർ | - 42200 |
| ചെമ്പേരി | - 10000 | മേരിഗിരി | - 9000 | തളിപ്പറമ്പ് | - 24000 |
| ചെറുപുഴ | - 12000 | തോമാപുരം | - 17000 | പൈസക്കരി | - 4000 |
| വായാട്ടുപറമ്പ് | - 17000 | വെള്ളരിക്കുണ്ട് | - 10500 | എടൂർ | - 10500 |
| നെല്ലിക്കാംപൊയിൽ | - 19000 | | | | |

**മൂന്നാം ഘട്ടമായി ലഭിച്ച തുകയുടെ ഡീറ്റെയിൽസ്**

| | | | | | |
|---|---|---|---|---|---|
| ചെങ്ങോം | - 1000 | അമ്മംകുളം | - 2000 | കോട്ടൂർ | - 2000 |
| റയോറോം | - 5000 | പച്ചാണി | - 500 | പെരുമ്പടവ് | - 1000 |
| വിമലശ്ശേരി | - 1000 | പെരിങ്ങാല | - 500 | | |

**ആകെ ലഭിച്ച തുക : 289200.00**

## 6. ആത്മീയ സംഗമം - വിശുദ്ധവാരത്തിൽ

ഈസ്റ്റർ ഒരുക്കമായി പ്രാർത്ഥിച്ചൊരുങ്ങുന്നതിന് മാതൃവേദി അംഗങ്ങൾക്കുവേണ്ടി ഓൺലൈൻ സ്പിരിച്വൽ ഗാതറിംഗ് സംഘടിപ്പിച്ചു. ഏപ്രിൽ

11 തിങ്കൾ രാത്രി 8.30 മുതൽ 9.30 വരെ നടന്ന സംഗമത്തിൽ നിരവധി അമ്മമാർ പ്രാർത്ഥനാപൂർവ്വം പങ്കുചേർന്നു. ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ സന്ദേശം നൽകി തുടർന്ന് നടന്ന ദിവ്യകാരുണ്യ ആരാധന സി.ജെസ്റ്റീന എം.എസ്.എം.ഐ നയിച്ചു. സി.പൗളിൻ സി.എച്ച്.എഫ് എല്ലാവർക്കും നന്ദിയർപ്പിച്ചു.

## 7. ജ്വാല സംഗമങ്ങൾ

മാർച്ച് 15 ന് പനത്തടി മേഖലയുടെ ജ്വാല സംഗമം പടിമരുത് ഇടവകയിലും മാർച്ച് 10ന് കുന്നോത്ത് മേഖലയുടെ ജ്വാല സംഗമം കുന്നോത്ത് ഇടവകയിലും വച്ചാണ് നടന്നത്. ജ്വാല മനോഹരമായി സംഘടിപ്പിക്കാൻ സഹകരിച്ച യൂണിറ്റുകൾക്ക് പ്രത്യേകം നന്ദി.

## 8. അറിയിപ്പുകൾ

- 2021 ജൂൺ മാസം മുതൽ 2022 മെയ് വരെയുള്ള പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കി മെയ് 15നുള്ളിൽ അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതണ്. ഓൺലൈൻ ആയി നൽകിയിട്ടുള്ള റിപ്പോർട്ടുഫോമുകൾ പ്രിന്റ് എടുത്ത്പൂരിപ്പിച്ച് യൂണിറ്റ് മേഖല റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടതാണ്. യൂണിറ്റുകളുടെ ഒരു കോപ്പി മേഖലയിൽ സൂക്ഷിക്കുക. യൂണിറ്റ് റിപ്പോർട്ടുകൾ മെയ് 8 നുള്ളിൽ മേഖലയിൽ എത്തിക്കുകയും മേഖലയിൽ നിന്ന് മേഖല-യൂണിറ്റ് റിപ്പോർട്ടുകൾ ഒരുമിച്ച് രൂപതാ ഓഫീസിൽ മെയ് 15നകം എത്തിക്കുകയും ചെയ്യുക. റിപ്പോർട്ട് ഫോമിൽ പൂരിപ്പിച്ചതിനുശേഷം കൂടുതലായിട്ടുള്ള കാര്യങ്ങൾ മറ്റൊരു പേപ്പറിൽ എഴുതി റിപ്പോർട്ടിനൊപ്പം അറ്റാച്ച് ചെയ്യാവുന്നതാണ്. അതുപോലെ പ്രവർത്തന പരിപാടികളുടെ ഫോട്ടോ ആൽബങ്ങളും റിപ്പോർട്ടിനൊപ്പം സമർപ്പിക്കാവുന്നതാണ്.
- മെയ് 2 തിങ്കൾ വൈകുന്നേരം 4 മണിക്ക് ഓൺലൈനായി ജനറൽ ബോഡി യോഗം നടത്തപ്പെടുന്നതാണ്. മേഖല പ്രസിഡണ്ടുമാർ വരുന്ന വർഷത്തെ പ്രവർത്തന പദ്ധതിക്കാവശ്യമായ നിർദ്ദേശങ്ങൾ യൂണിറ്റുകളിലും മേഖലകളിലും ചർച്ച ചെയ്ത് ജനറൽ ബോഡിയിൽ അവതരിപ്പിക്കേണ്ടതാണ്. പങ്കെടുക്കേണ്ടവർ : അതിരൂപതാ മേഖലാ ഭാരവാഹികൾ, യൂണിറ്റ് ആനിമേറ്റർമാർ, യൂണിറ്റ് പ്രസിഡണ്ടുമാർ.

## 9. യാത്രാമംഗളങ്ങൾ

നീണ്ട 6 മാസക്കാലം ഫാമിലി അപ്പൊസ്റ്റൊലേറ്റ് റീജന്റ് ബ്രദറായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ചതിനുശേഷം വൈദിക വസ്ത്രം സ്വീകരിച്ച് ദൈവശാസ്ത്ര പഠനത്തിനായി പോകുന്ന ബ്രദർ ആൽബർട്ട്

മാപ്പിളപ്പറമ്പിലിന് ഫാമിലി അപ്പൊസ്റ്റൊലേറ്റ് കുടുംബത്തിന്റെ ഹൃദ്യമായ നന്ദിയും യാത്രാമംഗളങ്ങളും നേരുന്നു.

**10. സ്വാഗതം**

ഫാമിലി അപ്പൊസ്റ്റൊലേറ്റ് റീജന്റ് ബ്രദറായി സേവനനുഷ്ഠിക്കാനായി കടന്നു വന്നിരിക്കുന്ന ബ്രദർ ആദിത്ത് പാഴുത്തടത്തിലിന് ഹൃദ്യമായ സ്വാഗതമാശംസിക്കുന്നു.

## IV. അമല പ്രോലൈഫ്

### 1) Nun`s Stars

മാർച്ച് 25 പ്രോലൈഫ് ദിനത്തോടനുബന്ധിച്ച് സമർപ്പിതർക്കുവേണ്ടി Nun`s Stars എന്ന വെബിനാർ സംഘടിപ്പിക്കുകയുണ്ടായി. റവ. സി. ടെസ്സിൻ ആൻഡ്രൂസ് എം.എസ്.എം.ഐ. ക്ലാസ് എടുക്കുകയും വിവിധ സന്യാസ സമൂഹങ്ങളിൽ നിന്ന് നൂറിലധികം സിസ്റ്റേഴ്സ് പരിപാടിയിൽ പങ്കുചേരുകയും ചെയ്തു.

2) പാലാവയൽ ഇടവകാംഗമായ പ്ലാത്തോട്ടത്തിൽ ജെയിംസ് - എലിസബത്ത് ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിക്ക് ജീവോപഹാരം പ്രോലൈഫ് സമിതി അംഗങ്ങൾ ഭവനം സന്ദർശിച്ച് കൈമാറി.

സ്നേഹപൂർവ്വം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## കരിക്കോട്ടക്കരി യു പി സ്കൂളിന് പുതിയ കെട്ടിടം

കരിക്കോട്ടക്കരി യു പി സ്കൂളിന്റെ പുതിയതായി നിർമ്മിച്ച കെട്ടിടത്തിന്റെ വെഞ്ചരിപ്പ് 07/04/2022 വ്യാഴാഴ്ച വൈകുന്നേരം 4.30 ന് തലശ്ശേരി അതിരൂപത വികാരി ജനറാൾ മോൺ. അലക്സ് താരാമംഗലം നിർവ്വഹിച്ചു. തുടർന്ന് നടന്ന കമ്പ്യൂട്ടർ ലാബ് ഉദ്ഘാടനം അഡ്വ. ബിനോയ് കുര്യൻ (ജില്ല പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ) ലാംഗ്വേജ് ലാബ് ഉദ്ഘാടനം ശ്രീ. കെ വേലായുധൻ (ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്) , ലൈബ്രറി & റീഡിങ്ങ് റൂം ഉദ്ഘാടനം ശ്രീ. കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ (അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്), സ്മാർട്ട് ക്ലാസ് റൂം ഉദ്ഘാടനം ശ്രീ. കെ. പി രാജേഷ് (ആറളം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്) എന്നിവർ നിർവ്വഹിച്ചു. സ്കൂൾ മാനേജർ ഫാ. ആന്റണി പുന്നൂർ സ്വാഗതം ആശംസിച്ചു. കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു ശാസ്താംപടവിൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ അഡ്വ. സണ്ണി ജോസഫ് എം. എൽ എ മുഖ്യപ്രഭാഷണം നടത്തി. രാഷ്ട്രീയ സാമൂഹിക, സാംസ്കാരിക രംഗത്തെ പ്രഗൽഭരായ വ്യക്തികൾ സന്നിഹിതരായിരുന്നു. മനോഹരമായ സ്കൂൾ കെട്ടിടം നിർമ്മിക്കാൻ നേതൃത്വം നൽകിയ ബഹു. ആന്റണി പുന്നൂർ അച്ചനും അച്ചനോടൊത്ത് സഹകരിച്ച അധ്യാപകർക്കും രക്ഷകർത്താക്കൾക്കും ഇടവകക്കാർക്കും പ്രത്യേകം നന്ദി

## ഗുരുദീപ്തി 2021 –2022

തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലെ വിവിധ വിദ്യാലയങ്ങളിൽ 2019, 2021, 2022 വർഷങ്ങളിൽ നിയമിതരായ അധ്യാപക അനധ്യാപകർക്ക് ഏകദിന സെമിനാർ 11/04/2022 തിങ്കളാഴ്ച രാവിലെ 10 മണിക്ക് വിമൽജ്യോതി എൻജിനിയറിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തി.

വിദ്യാഭ്യാസത്തെക്കുറിച്ചുള്ള സഭാത്മകമായ കാഴ്ചപ്പാടും സമീപനവും സെമിനാറിൽ പരാമർശിച്ചു. അധ്യാപനം മഹത്തരമാക്കുന്നതിനുള്ള ഉത്തേജനം നൽകുവാൻ സെമിനാറിലൂടെ സാധിച്ചു. 236 അധ്യാപക അനധ്യാപകർ സെമിനാറിൽ പങ്കെടുത്തു. ബഹുമാനപ്പെട്ട സാബു കുമ്പുക്കൽ അച്ചൻ ക്ലാസുകൾക്ക് നേതൃത്വം നൽകി. ബഹുമാനപ്പെട്ട കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു ശാസ്താംപടവിൽ പരിപാടികൾക്ക് നേതൃത്വം നൽകി. സി.വിനീത, ടീച്ചേഴ്സ് ഗിൽഡ് ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു.

സ്നേഹപൂർവ്വം,

**ഫാ. മാത്യു ശാസ്താംപടവിൽ**
കോർപ്പറേറ്റ് മാനേജർ

# വിമൽജ്യോതി വാർത്തകൾ

2022-23 അദ്ധ്യയന വർഷത്തേക്കുള്ള എൻജിനീയറിംഗ്, എം.ബി.എ അഡ്മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഈ വർഷം മുതൽ വിവിധ സ്കോളർഷിപ്പുകൾ നമ്മുടെ ഇടവകയിലെ വിദ്യാർത്ഥികൾക്കു വേണ്ടി ഏർപ്പെടുത്തിയിട്ടുണ്ട്. ഈ വർഷം 120-ഓളം കുട്ടികൾക്ക് ബി.ടെക് കോഴ്സുകൾക്ക് ഗവൺമെന്റ് ഫീസായ 8500 രൂപ മാത്രം വാർഷിക ഫീസായി സ്വീകരിച്ച് വിവിധ ബ്രാഞ്ചുകളിൽ അഡ്മിഷൻ നൽകുന്നുണ്ട്. നിലവിൽ പ്ലസ്വൺ പരീക്ഷയിൽ 80% ത്തിലധികം മാർക്കുകൾ നേടിയ വിദ്യാർത്ഥികൾക്ക് വ്യത്യസ്ത സ്കോളർഷി പ്പുകൾ ലഭ്യമാകാൻ അർഹ തയുണ്ട്. ആദ്യം അപേക്ഷിക്കുന്നവർക്കാണ് മുൻഗണന. ഇപ്പോൾത്തന്നെ കോളേജ് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9400062919, 8281750777, 9846423448, 0460 2212240** എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.
Website : **www.vjec.ac.in** E-mail: **admission@vjec.ac.in**

## Medical / Engineering & etc. Entrance Coaching

ഈ വർഷം നടക്കാനിരിക്കുന്ന വിവിധ എൻട്രൻസ് പരീക്ഷകൾക്ക് ഒരുക്കമായിട്ടുള്ള ക്രാഷ് കോച്ചിംഗ് ക്യാമ്പുകൾ ചെറിയ ചിലവിൽ കേരളത്തിലെ പ്രഗത്ഭരായ അദ്ധ്യാപകരെ ഉപയോഗപ്പെടുത്തി വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജും സാൻജോസ് അക്കാഡമിയും സംയുക്തമായി മെയ് 2 മുതൽ സംഘടിപ്പിക്കുന്നു. പരമാവധി 500 കുട്ടികളെ മാത്രം ഉൾപ്പെടുത്തി നടത്തുന്ന ഓൺലൈൻ/ഓഫ്ലൈൻ ക്യാമ്പുകളിൽ പങ്കെടുക്കുവാൻ ഇപ്പോൾ പ്ലസ്ടുവിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് നേരത്തെ തന്നെ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. Call: 9846 423 448, 0460 2212240 WhatsApp only : 8547 227 325, 9400 062 919, 9400 062 918. കോഴ്സ് ഫീസ് : ഓൺലൈൻ - 3000/- രൂപ, റെസിഡൻഷ്യൽ കോഴ്സ് - 10,000/- രൂപ.

## പ്ലേസ്മെന്റ് വാർത്തകൾ

- പ്രമുഖ ഐ.ടി. കമ്പനിയായ INFOSYS നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിലൂടെ മെക്കാനിക്കൽ, കമ്പ്യൂട്ടർ സയൻസ് ബ്രാഞ്ചുകളിലായി 5 അവസാന വർഷ വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു. പ്രതിമാസം 30,000/- രൂപ ശമ്പളം വാഗ്ദാനം ചെയ്യുന്നു.
- കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ സോഫ്റ്റ്വെയർ ഡെവലപ്മെന്റ് കമ്പനിയായ KEYVALUE SOFTWARE SYSTEMS എന്ന കമ്പനി നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിലൂടെ അവസാന വർഷ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥിയായ ജോസഫ് എം.ജെ.ക്ക് പ്രതിവർഷം 7,20,000/- രൂപ ശമ്പളത്തിൽ ജോലി ലഭിച്ചു. 2022 വർഷത്തിൽ പഠനം പൂർത്തി

യാക്കുന്ന വിദ്യാർത്ഥികൾക്ക് ലഭിച്ച ഏറ്റവും ഉയർന്ന ശമ്പളമാണിത്.

- ക്ലിനിക്കൽ റിസർച്ച് മേഖലയിൽ പ്രവർത്തിക്കുന്ന പ്രശസ്ത കമ്പനിയായ GENPRO RESEARCH INC- ൽ അവസാനവർഷ മെക്കാനിക്കൽ എൻജിനീയറിംഗ് വിദ്യാർത്ഥിയായ പ്രണവ് എം. ശ്രീജിത്തിന് Content Marketing Specialist ആയി ജോലി ലഭിച്ചു. പ്രതിവർഷം 4,50,000/- രൂപ ശമ്പളം ലഭിക്കുന്ന ജോലിയാണിത്.
- ഉഡുപ്പി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഐ.ടി കമ്പനിയായ ROBOSOFT TECHNOLOGIES സംഘടിപ്പിച്ച ക്യാമ്പസ് റിക്രൂട്ട്മെന്റിൽ പങ്കെടുത്ത അവസാനവർഷ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥിയായ ദീക്ഷിത്തിന് പ്രതിവർഷം 4,50,000/- രൂപ ശമ്പള വാഗ്ദാനത്തോടെ ജോലി ലഭിച്ചു. 2 അവസാനവർഷ വിദ്യാർത്ഥികൾ കൂടി ടെക്നിക്കൽ റൗണ്ടിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. അവരുടെ ഇന്റർവ്യൂ ഈ മാസം അവസാനത്തോടെ പൂർത്തിയാകുമെന്ന് കരുതുന്നു.
- ബഹുരാഷ്ട്ര ഐ.ടി കമ്പനിയായ ZOHO INC. വിമൽ ജ്യോതിയിലെ അവസാനവർഷ വിദ്യാർത്ഥികൾക്കായി ഏപ്രിൽ 28, 29 തീയതികളിൽ ക്യാമ്പസ് റിക്രൂട്ട്മെന്റ് സംഘടിപ്പിക്കുന്നു. 37 അവസാനവർഷ വിദ്യാർത്ഥികൾ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. പ്രതിവർഷം 6,20,000/- രൂപ ശമ്പളം വാഗ്ദാനം ചെയ്യുന്നു.
- Structural Engineering Consulting നടത്തുന്ന പ്രമുഖ കമ്പനിയായ PARADIGM IT SOLUTIONS അവസാനവർഷ സിവിൽ എൻജിനീയറിംഗ് വിദ്യാർത്ഥികൾക്കായി ക്യാമ്പസ് റിക്രൂട്ട്മെന്റ് ടെസ്റ്റ് ഏപ്രിൽ 18-ാം തീയതി നടത്തി. ടെസ്റ്റ് റിസൾട്ട് മെയ് പകുതിയോടെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## വിമൽ ജ്യോതി എം.ബി.എ. കോളേജ്

- 2022 വർഷത്തെ എം.ബി.എ അഡ്മിഷൻ ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക് : 9400062919, 9400512240 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

Webiste : **www.vjim.ac.in** E-mail: **admission@vjim.ac.in**

സ്നേഹാശംസകളോടെ,

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
മാനേജർ

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

ഫോൺ : 8281750777, 8281730777

E-mail: sanjoseacademytly@gmail.com, sanjoactly@gmail.com

വിവിധ എൻട്രൻസ് പരീക്ഷകൾക്കുള്ള ആപ്ലിക്കേഷൻ ഫോമുകൾ സമർപ്പിക്കേണ്ട സമയമാണിത്. കൃത്യസമയത്തുതന്നെ അപേക്ഷകൾ സമർപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ. സാൻജോസ് അക്കാഡമിയുടെ സജീവമായ പരിശീലനങ്ങൾ മെയ്, ജൂൺ മാസങ്ങളിലേയ്ക്ക് നമ്മൾ ക്രമീകരിച്ചിട്ടുണ്ട്. അക്കാഡമിയുടെ IELTS, OET, GERMAN, UKVI, NEET, JEE, KEAM പരിശീലനങ്ങൾക്ക് വേണ്ടതായ വിപുലമായ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. കേരളത്തിനകത്തും പുറത്തുമുള്ള മികച്ച അദ്ധ്യാപകർ ഈ സീസണിൽ നമ്മോടൊപ്പം സഹകരിക്കുന്നുണ്ട്. ഇത്തരം പരീക്ഷകൾക്കാവശ്യമായ പരിശീലന സഹായത്തിനുവേണ്ടി നേരത്തെതന്നെ അക്കാഡമിയിൽ അന്വേഷിക്കാവുന്നതാണ്. 2022 മെയ്, ജൂൺ മാസങ്ങളിലെ പരിശീലനങ്ങൾ ചുവടെ ചേർക്കുന്നു.

## 1. Communicative English & Grammar Class for Students

ഇംഗ്ലീഷ് ഭാക്ഷാനൈപുണ്യം ഉജ്ജ്വലിപ്പിക്കുവാനായി സ്കൂൾ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള ഓൺലൈൻ ഇംഗ്ലീഷ് പരിശീലനം മെയ് 15 മുതൽ പുതിയ ബാച്ച് ആരംഭിക്കുന്നു. 25 വിദ്യാർത്ഥികൾക്ക് അടുത്ത ബാച്ചിൽ പരിശീലനം നൽകാൻ സാധിക്കും. ആവശ്യമുള്ളവർ നേരത്തെ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ബഹു. സോണി വടശ്ശേരി അച്ചനാണ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നത്. കോഴ്സ് ഫീസ് 2500/- രൂപ. 2 മാസം നീണ്ടുനില്ക്കുന്ന പരിശീലനമാണ് നൽകുന്നത്.

## 2. German Language Coaching

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ സാൻജോസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ ജർമ്മൻ ഭാഷാ പരിശീലനം നടന്നുകൊണ്ടിരിക്കുന്നു. A1, A2, B1, B2 കോഴ്സുകളുടെ പുതിയ ബാച്ച് മെയ് 1 മുതൽ ആരംഭിക്കുന്നു. A1, A2, കോഴ്സുകൾ ഓരോ മാസം വീതവും, B1 കോഴ്സ് രണ്ട് മാസവും, B2 കോഴ്സ് മൂന്ന് മാസവുമായിട്ടാണ് ക്രമീകരിച്ചിരിക്കുന്നത്. ഓരോ ബാച്ചിലും 20 കുട്ടികൾക്കാണ് അവസരം ഉണ്ടാവുക. ജർമ്മനി, ഓസ്ട്രിയ തുടങ്ങിയ രാജ്യങ്ങളിൽ പഠനത്തിനും ജോലിക്കുമായി പോകുന്നവർക്ക് ഈ കോഴ്സ് പ്രയോജനപ്രദമാണ്. **ഓൺലൈനായി** പഠിക്കാനാഗ്രഹിക്കുന്നവർക്കും ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ സാൻജോസ് അക്കാദമി ഓഫീസുമായി ബന്ധപ്പെടുക.

## 3. IELTS / OET

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ IELTS / OET പരിശീലന പരിപാടികൾ നടന്നുകൊണ്ടിരിക്കുന്നു. മെയ് 1 മുതൽ പുതിയ ബാച്ചുകൾ ആരംഭിക്കുന്നു. കേരളത്തിലെ പ്രഗത്ഭ IELTS പരിശീലകരുടെ ഒരു ടീം അക്കാഡമിയോടൊപ്പമുണ്ട്. ഹോസ്റ്റൽ സൗകര്യങ്ങളോടെ പഠിക്കുവാനുള്ള സൗകര്യമാണ് വിമൽ ജ്യോതിയിലുള്ളത്. IELTS / OET പരീക്ഷകൾ പാസ്സാകുന്നവർക്ക് പഠനസംബന്ധമായ സഹായ സഹകരണങ്ങൾ അക്കാഡമി ചെയ്തുകൊടുക്കുന്നതാണ്. **ഓൺലൈനായി** പഠിക്കാനാഗ്രഹിക്കുന്നവർക്കും ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതാണ്. ഉപരിപഠനത്തിനായി പോകുന്നവർക്കും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് : 8281 750 777, 8281 730 777.

## 4. Medical / Engineering & etc. Entrance Coaching

ഈ വർഷം നടക്കാനിരിക്കുന്ന വിവിധ എൻട്രൻസ് പരീക്ഷകൾക്ക് ഒരുക്കമായിട്ടുള്ള ക്രാഷ് കോച്ചിംഗ് ക്യാമ്പുകൾ ചെറിയ ചിലവിൽ കേരളത്തിലെ പ്രഗത്ഭരായ അദ്ധ്യാപകരെ ഉപയോഗപ്പെടുത്തി വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജും സാൻജോസ് അക്കാഡമിയും സംയുക്തമായി മെയ് 2 മുതൽ സംഘടിപ്പിക്കുന്നു. പരമാവധി 500 കുട്ടികളെ മാത്രം ഉൾപ്പെടുത്തി നടത്തുന്ന ഓൺലൈൻ/ഓഫ്ലൈൻ ക്യാമ്പുകളിൽ പങ്കെടുക്കുവാൻ ഇപ്പോൾ പ്ലസ്ടുവിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് നേരത്തെ തന്നെ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. Call: 9846 423 448, 0460 2212240 WhatsApp only : 8547 227 325, 9400 062 919, 9400 062 918. കോഴ്സ് ഫീസ് : ഓൺലൈൻ – 3000/– രൂപ, റെസിഡൻഷ്യൽ കോഴ്സ് – 10,000/– രൂപ.

## 5. KCYM - MYSTEP : Online PSC Coaching

ഗവൺമെന്റ് മേഖലയിലെ വിവിധ ജോലികൾക്കുള്ള PSC / UPSC പരീക്ഷകൾക്കുവേണ്ടിയുള്ള പരിശീലനങ്ങൾ സാൻജോസ് അക്കാഡമിയിൽ KCYM തലശ്ശേരി അതിരൂപതാ ഓഫീസുമായി സഹകരിച്ച് ഓൺലൈനായി ആരംഭിച്ചുകഴിഞ്ഞു. ഇതിന്റെ പേര് KCYM - MYSTEP എന്നാണ്. ഇതിനാവശ്യമായ മൊബൈൽ ആപ്ലിക്കേഷൻ ഡെവലപ്പ് ചെയ്ത് കഴിഞ്ഞിരിക്കുന്നു. 2500/– രൂപ ഫീസിൽ 2 വർഷം നീണ്ടുനിൽക്കുന്ന പരിശീലനമാണ് നൽകുന്നത്. കുറഞ്ഞ ചിലവിൽ നമ്മുടെ രൂപതയിലുള്ള യുവജനങ്ങൾക്ക് പരിശീലനം ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. കെ.സി.വൈ.എം അതിരൂപതയുടെ നേതൃത്വത്തിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് 1999/– രൂപ ഫീസ് അടച്ചാൽ മതിയാകും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 500 പേർക്കാണ് ഈ ആനുകൂല്യം ലഭ്യമാവുക. ഏതാനും സീറ്റുകൾ ഒഴിവുണ്ട്. വിശദാംശങ്ങൾക്ക് കെ. സി.വൈ.എം ഓഫീസിൽ ബന്ധപ്പെടുക. ഫോൺ: 9400062918, 8281517660.

# ACCOMPAINYING DEAF AND AWAKINING MISSION (ADAM)

## ഏപ്രിൽ 2022

**ഓൺലൈൻ മീഡിയ മിനിസ്ട്രി**

- ഏപ്രിൽ 2,9,16,23,30 തിയ്യതികളിൽ വൈകുന്നേരം ആറ് മുപ്പതിന് വിശുദ്ധ കുർബാന അർപ്പിച്ചു.
- 6- ന് വൈകുന്നേരം 8 മണിക്ക് ദിവ്യകാരുണ്യ ആരാധന നടത്തി.
- പരീക്ഷ ഒരുക്ക പ്രാർത്ഥനയും *കൗൺസിലിംഗും
- കാരക്കുണ്ട് ഡോൺ ബോസ്കോ സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് പരീക്ഷയോടനുബന്ധിച്ച് വിശുദ്ധ കുർബാന, കുമ്പസാരം, കൗൺസലിംഗ് എന്നിവ നൽകി.

**മെത്രാപ്പോലീത്താ സ്ഥാനാരോഹണം**

ഏപ്രിൽ ഇരുപതിനു നടന്ന അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മെത്രാപ്പൊലീത്ത സ്ഥാനനോഹരണ ചടങ്ങിൽ ആദം മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ രൂപതയുടെ വിവിധ ഭാഗങ്ങളിലുള്ള ബധിര വിശ്വാസ സമൂഹാംഗങ്ങൾ പങ്കുചേർന്നു .ചാച്ച്യോം ജ്യോതിഭവൻ ബധിര വിദ്യാലയത്തിൽ നിന്നും പ്രിൻസിപ്പൽ സി. ഫിൻസി SH, ന്റെ നേതൃത്വത്തിൽ കുട്ടികളും, ആലക്കോട് ബധിര ബൈബിൾ കൂട്ടായ്മ അംഗങ്ങളും പിതാവിന് പ്രാർത്ഥനാ മംഗളങ്ങൾ നേർന്നു. ഭിന്നശേഷിക്കാരോടുള്ള രൂപതയുടെ സ്നേഹ വാത്സല്യത്തിന്റെ ഭാഗമായി കിളിയന്തറ ഇടവകാംഗമായ ജന്മനാ കാഴ്ചശക്തിയില്ലാത്ത അലൻ ബ്രെയിൽ ലിപി

---

## 6. UKVI

ജനറൽ നഴ്സിംഗ് പാസ്സായിട്ടുള്ളവരും IELTS സ്കോർ 6 ൽ താഴെ ആവശ്യമായിട്ടുള്ളവരുമായ ആളുകൾക്ക് യു.കെ.യിൽ മെഡിക്കൽ നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിൽ ഏറെ ജോലി സാധ്യതകളുണ്ട്. ഈ കാലയളവിൽ ഏറെ വ്യക്തികൾ ഈ സാധ്യത പ്രയോജനപ്പെടുത്തി യു.കെ.യിൽ എത്തിച്ചേർന്നിട്ടുണ്ട്. ഇതിന്റെ പ്രത്യേക പരിശീലനം സാൻജോസ് അക്കാഡമിയിൽ ആരംഭിച്ചിട്ടുണ്ട്.

സ്നേഹാശംസകളോടെ,

**ഫാ. പയസ് പടിഞ്ഞാറെമുറിയിൽ**
ഡയറക്ടർ

ഉപയോഗിച്ച് വായനയിൽ പങ്കുചേർന്നു. അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ കബറിടം സന്ദർശിച്ചു.

## എഫാത്ത ധ്യാനം

29, 30 മെയ് 1 തീയതികളിൽ കേരള ബധിര കത്തോലിക്കാ സമൂഹത്തിനായി മദർ ഹോമിൽ ധ്യാനം സംഘടിപ്പിച്ചു. വിവിധ രൂപതകളിൽ നിന്ന് നൂറോളം ആളുകൾ ധ്യാനത്തിൽ പങ്കുചേർന്നു. ധ്യാത്തിനായി സഹകരിച്ച ഫാദർ ബിജു, സി. അഭയ, ബ്രദർ ജോസഫ്, മദർ ഹോം ധ്യാന ടീമംഗങ്ങൾ എന്നിവർക്ക് പ്രത്യേകം നന്ദി അറിയിക്കുന്നു.

## മെയ് മാസ പ്രോഗ്രാം

- 7, 14, 21,28 ഓൺലൈൻ മീഡിയായിലൂടെ വിശുദ്ധ ബലി.
- 4 ബുധനാഴ്ച രാത്രി 8 മണിക്ക് ആരാധന.

## ബാംഗ്ലൂർ മിഷൻ

8-ഞായറാഴ്ച വിശുദ്ധ കുർബാന, ബൈബിൾ ക്ലാസ്സ് - സെന്റ് പാട്രിക് ചർച്ച് ബാംഗ്ലൂർ.

## വിവാഹ ഒരുക്ക ക്ലാസ്

14,15 ശനി ഞായർ ദിവസങ്ങളിലായി എറണാകുളം POC യിൽ ബധിര യുവതീ യുവാക്കൾക്കായി വിവാഹ ഒരുക്ക ക്ലാസ് ഉണ്ടായിരിക്കുന്നതാണ്.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കളരിമുറിയിൽ**
ഡയറക്ടർ

# എ.കെ.സി.സി.

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ തീരുമാനപ്രകാരം 30 വയസ്സ് പൂർത്തിയായതും, കെസിവൈഎം പ്രവർത്തനം അവസാനിപ്പിച്ചതുമായ യുവജനങ്ങളെയുംകൂടി ഉൾപ്പെടുത്തി കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വനിര സജീവമാക്കേണ്ടതുണ്ട്. അതിന്റെ ഭാഗമായി രൂപത കോഡിനേറ്റർമാരെയുംഫൊറോന കോഡിനേറ്റർമാരെയും തെരഞ്ഞെടുത്തു. രൂപതയിൽ പൊതുവായി നാല് കോഡിനേറ്റർമാരെയും ഓരോ ഫൊറോനയിൽ നിന്നും മൂന്ന് കോർഡിനേറ്റർമാരെയും തെരഞ്ഞെടുത്തു.

പേരാവൂർ, എടൂർ, കുന്നോത്ത്, നെല്ലിക്കാംപൊയിൽ, പൈസക്കരി ഫൊറോനകളിലെ കോഡിനേറ്റർമാരുടെ മേഖലാസമ്മേളനം ഇരിട്ടിയിൽ വെച്ച് നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ യോഗം ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ സെക്രട്ടറി ചാക്കോച്ചൻ കാരാമയിൽ, സിജോ കണ്ണേഴുത്ത്, ജിജോ കണ്ണംകുളം തുടങ്ങിയവർ പ്രസംഗിച്ചു. തളിപ്പറമ്പ്, ആലക്കോട്, ചെമ്പേരി, ചെമ്പന്തൊട്ടി മേഖലാ സമ്മേളനം ചെമ്പേരിയിൽ വെച്ച് നടത്തപ്പെട്ടു. യോഗം അതിരൂപതാ ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. സിജോ കണ്ണേഴത്ത്, ജിജോ കണ്ണംകുളം തുടങ്ങിയവർ പ്രസംഗിച്ചു. കത്തോലിക്കാ കോൺഗ്രസിന്റെ ജന്മദിനം 30-4-22ന് സമുചിതമായി ആചരിക്കുവാൻ രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം തീരുമാനിച്ചു. കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ പ്രതിനിധി സമ്മേളനം 30-4-22 തൃശ്ശൂരിൽ വെച്ച് നടത്തപ്പെടുകയാണ്. അതിരൂപതയിൽ നിന്നും 35 പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കുവാൻ തീരുമാനിച്ചു.

**അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ**
പ്രസിഡണ്ട്

**ഫാ. ഫിലിപ്പ് കവിയിൽ**
ഡയറക്ടർ

# കരിസ്മാറ്റിക് നവീകരണം

മാർച്ച് ഏപ്രിൽ മാസം സോണിലും സബ് സോണുകളിലും മധ്യസ്ഥ പ്രാർത്ഥന നടത്തി. മധ്യസ്ഥപ്രാർത്ഥന മിനിസ്ട്രിയുടെ നേതൃത്വത്തിൽ എല്ലാ ദിവസവും അഖണ്ഡ വചന വായന നടത്തുന്നു.

**കുരിശിന്റെ വഴി** : സോണിന്റെ നേതൃത്വത്തിൽ മാർച്ച് പന്ത്രണ്ടാം തീയതി ശനിയാഴ്ച എടത്തൊട്ടി ആശ്രമം ദേവാലയത്തിൽ നിന്നും ഇരിട്ടി സെൻറ് ജോസഫ്സ് ദൈവാലയത്തിലേക്ക് കുരിശിന്റെ വഴി നടത്തി. നിയോഗങ്ങൾ, ലോകസമാധാനം, മനുഷ്യഹൃദയങ്ങളുടെ വിശുദ്ധീകരണം

## യുവജനങ്ങൾ യേശു സ്നേഹത്തിന്റെ പ്രഘോഷകരാകാൻ തീർത്ഥാടനം

മാർച്ച് 21 മുതൽ 23 വരെ നമ്മുടെ നാട്ടിലെ വിശുദ്ധരുടേയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥം തേടി പ്രാർത്ഥനാപൂർവം തീർത്ഥാടനം നടത്തി. വിശുദ്ധ അൽഫോൻസാമ്മ, ചാവറകുര്യാക്കോസ് ഏലിയാസറച്ചൻ, വാഴ്ത്തപ്പെട്ട ദൈവസഹായംപിള്ള, വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ, തിരുവനന്തപുരം വെട്ടുകാട് പള്ളി, വല്ലാർപാടം പരിശുദ്ധ അമ്മയുടെ പള്ളി, ഭാരതത്തിന്റെ അപ്പസ്തോലനായ വി.തോമാശ്ലീഹായുടെ മാധ്യസ്ഥം തേടി മലയാറ്റൂർ എന്നിവിടങ്ങളിൽ. 49 അംഗങ്ങൾ പങ്കെടുത്തു.

## പുന:സംഘടന

30 പ്രാർത്ഥനാ കൂട്ടായ്മയിൽ പുനഃസംഘടന നടത്തി. LSS 5 സബ് സോണുകളിൽ ഓൺലൈൻ വഴിയും ഓഫ്ലൈൻ വഴിയും LSS നടന്നുകൊണ്ടിരിക്കുന്നു . Home mission നടത്തിയാണ് LSS നടത്തുന്നത്'..

## അഖണ്ഡ ആരാധന

ഏപ്രിൽ 21, 22, 23, തീയതികളിൽ പരിശുദ്ധ കുർബാനയുടെ 48 മണിക്കൂർ അഖണ്ഡ ആരാധന നടത്തി. സോൺ, സബ് സോൺ പുനഃസംഘടന, യുവജന ധ്യാനം വിജയം ഇതാണ് നിയോഗങ്ങൾ. യുവജന ധ്യാനം ഏപ്രിൽ 30, മെയ് 1, 2 തീയതികളിലായി നടക്കുന്നു. എല്ലാ മാസവും ക്രിസ്റ്റിൻ ആനിമേറ്റർസ് ഒന്നിച്ചുകൂടി പ്രാർത്ഥിക്കുന്നു.

## ഈസ്റ്റർ ഭക്ഷണം

സോണിൽ12 വർഷമായി നടത്തിവന്ന ഈസ്റ്റർ ഭക്ഷണ ശുശ്രൂഷ ഈ വർഷവും ഈസ്റ്റർ ദിനത്തിൽ നടന്നു. 2400 പേരിലേക്ക് ഭക്ഷണം എത്തിച്ചു കൊടുക്കാൻ സാധിച്ചു.

Box Collection: സോൺ. സബ് സോൺ, ഇടവക ട്രഷറർ മാരുടെ നേതൃത്വത്തിൽ ബോക്സ് കളക്ഷൻ നടത്തി. മാർച്ച് മാസം 42662 രൂപയും മൂന്നുമാസത്തെ സോണൽ വിഹിതമായി ആറായിരം Kcscയ്ക്ക് നൽകി.

**ജീവജ്വാല:** സോണിൽ എണ്ണൂറോളം ജീവജ്വാല വിതരണം നടത്തുന്നു.

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി, മുക്തിശ്രീ, എഡിഎസ്‌യു, പ്രതീക്ഷാ മദ്യപ ചികിത്സാകേന്ദ്രം

## ചെമ്പന്തൊട്ടി മേഖല, സമ്മേളനം

കെ. സി. ബി. സി മദ്യവിരുദ്ധ സമിതി, മുക്തിശ്രീ ചെമ്പന്തൊട്ടി മേഖലാ സമ്മേളനം മാർച്ച് 30ന് നടന്നു. മാർ ജോസഫ് പാപ്ലാനി സമ്മേളനം ഉദ്ഘാടനം ചെയ്തു. ഫാ. ചാക്കോ കുടിപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. ജോസ് മാണിക്കത്താഴെ, ഫാ. അനൂപ് നരിമറ്റം, ഷിനോ പാറക്കൽ, സിസ്റ്റർ ജോസ്മരിയ സി. എം. സി എന്നിവർ പ്രസംഗിച്ചു.

## നെല്ലിക്കാംപൊയിൽ ഫൊറോനയിലെ ഡയറക്ടേഴ്സ് മീറ്റ്

നെല്ലിക്കാംപൊയിൽ ഫൊറോനയിലെ കെ. സി. ബി. സി മദ്യവിരുദ്ധ സമിതി, മുക്തിശ്രീ ഡയറക്ടർ അച്ചന്മാരുടെ സമ്മേളനം നടന്നു. മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനവും ഫാ. ജോസഫ് കാവനാടിയിൽ അദ്ധ്യക്ഷതയും വഹിച്ചു. സംസ്ഥാനസമ്മേളനം വിജയിപ്പിക്കുവാനുള്ള ചർച്ചകൾ നടന്നു.

## നെല്ലിക്കാംപൊയിൽ മേഖലാ സമ്മേളനം

ഉളിക്കല്ലിൽ വച്ച് നടക്കുന്ന സംസ്ഥാന സമ്മേളനം വിജയിപ്പിക്കുന്നതിനായി മുണ്ടാനൂരിൽവച്ച് യോഗം നടന്നു. വിവിധ കമ്മറ്റികൾ രൂപീകരിച്ചു. ഫാ. ചാക്കോ കുടിപ്പറമ്പിൽ ഉദ്ഘാടനം ചെയ്ത യോഗത്തിൽ ഫാ. അമൽ പഞ്ഞിക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. ടോമി വെട്ടിക്കാട്ട്, മേരിക്കുട്ടി ചാക്കോ പാലയ്ക്കലോടിയിൽ, സിസ്റ്റർ ജോസ്മരിയ സി. എം. സി തുടങ്ങിയവർ സംസാരിച്ചു.

## മാർ വള്ളോപ്പിള്ളി ചരമവാർഷികം

മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയുടെ പതിനാറാമത് ചരമവാർഷികം സമുചിതമായി ആചരിച്ചു. തലശ്ശേരി പ്രസ്സ് ഫോറം പ്രസിഡണ്ട് നവാസ് മേത്തർ ഉദ്ഘാടനം നിർവ്വഹിച്ചു. ഫാ. ചാക്കോ കുടിപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. മാത്യു കാരിക്കൽ, മനു മാത്യു, ജോയ് എം. എൽ. എന്നിവർ സംസാരിച്ചു.

## ത്രിദിന കൺവെൻഷൻ ഏപ്രിൽ 9-11

ത്രിദിന കൺവെൻഷൻ ഉമ്മറപൊയിൽ വച്ച് നടന്നു. ഫാ. ചാക്കോ കുടിപ്പറമ്പിൽ, ഫാ. ലിബിൻ ഏഴുപറ, തോമസ് നടുവിൽ എന്നിവർ ബോധവത്ക്കരണ ക്ലാസ്സുകൾ, അനുഭവ വിവരണങ്ങൾ എന്നിവയ്ക്ക് നേതൃത്വം നല്കി.

## ഏപ്രിൽ 14-16 പേരാവൂർ സമ്മേളനം

പേരാവൂരിൽ നടന്ന ത്രിദിന കൺവെൻഷനിൽ ആർച്ച്പ്രീസ്റ്റ് ഫാ. തോമസ് കൊച്ചുകരോട്ട് ഉദ്ഘാടനം നിർവ്വഹിച്ചു. ഫാ. ചാക്കോ കുടിപ്പറമ്പിൽ, പ്രൊവിൻഷ്യൽ സിസ്റ്റർ ട്രീസ പാലയ്ക്കൽ എസ്സ്. എച്ച്, ഫാ. ഓസ്റ്റിൻ എന്നിവർ നേതൃത്വം നല്കി.

## ഉളിക്കൽ യൂണിറ്റ് മീറ്റിംഗ്

ഏപ്രിൽ 21ന് വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് നടന്നു. സംസ്ഥാന സമ്മേളന പരിപാടികൾ ചർച്ച ചെയ്തു. ഫാ. ചാക്കോ കുടിപ്പറമ്പിൽ, ടോമി വെട്ടിക്കാട്ട്, സിസ്റ്റർ ജോസ്മരിയ സി. എം. സി, ദേവസ്യ റ്റി. ഡി എന്നിവർ സംസാരിച്ചു.

## നെല്ലിക്കാംപൊയിൽ മേഖലാ മീറ്റിംഗ്

ഏപ്രിൽ 22ന് വെള്ളിയാഴ്ച 2.30 മുതൽ 4 മണിവരെ മേഖലാ സമ്മേളനം നടന്നു. ഫാ. ചാക്കോ കുടിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. ടോമി വെട്ടിക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. സിസ്റ്റർ ജോസ് മരിയ സി. എം. സി, ദേവസ്യ റ്റി. ഡി, സെബാസ്റ്റ്യൻ, മേഴ്സി മുണ്ടാനൂർ എന്നിവർ സംസാരിച്ചു. സംസ്ഥാന സമ്മേളന വിജയത്തിനായ് രൂപരേഖ തയ്യാറാക്കി.

ആദരവോടെ,

**ഫാ. മാത്യു കാരിക്കൽ**
അഡ്മിനിസ്ട്രേറ്റർ
ഡയറക്ടർ, എഡിഎസ്യു

**ഫാ. ചാക്കോ കുടിപ്പറമ്പിൽ**
ഡയറക്ടർ

# ഏയ്ഞ്ചൽ ട്രസ്റ്റ്

ഡയാലിസിസ് ആവശ്യമുള്ള സമൂഹത്തിലെ നിർധനരായ വൃക്കരോഗികൾക്ക് സൗജന്യ ഡയാലിസിസ് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി സ്മാരകമായി കരുവഞ്ചാലിൽ സ്ഥാപിതമായ ഏയ്ഞ്ചൽ (ANGEL-Archbishop Njaralakatt George's Envision for Life) ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചു. സമൂഹത്തിലെ ഏറ്റവും കഷ്ടതയനുഭവിക്കുന്നവർക്കായി ആവിഷ്ക്കരിച്ചിരിക്കുന്ന ഈ ഡയാലിസിസ് സെന്ററിലൂടെ വർദ്ധിച്ചുവരുന്ന നിരവധി വൃക്ക രോഗികളെ സഹായിക്കാനുള്ള കർമ്മപദ്ധതികൾ പ്രാവർത്തികമാക്കിയിരിക്കുന്നു. നിശ്ചിത തുക ഈ സത്കർമ്മത്തിനായി സംഭാവന ചെയ്യാൻ സന്നദ്ധതയുള്ള എല്ലാ സുമനസ്സുകളുടെയും ഫൊറോനകളുടേയും സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഇങ്ങനെ ലഭിച്ച തുക ഉപയോഗിച്ച് മെഷീനുകളും മറ്റു അടിസ്ഥാന സൗകര്യങ്ങളും ഡയാലിസിസ് സെന്ററിൽ പൂർത്തീകരിക്കാൻ സാധിച്ചു. അതിനായി സഹകരിക്കുകയും മനസ്സറിഞ്ഞ് സഹായിക്കുകയും ചെയ്ത എല്ലാവരേയും സ്നേഹപൂർവ്വം ഓർക്കുന്നു.

**ഈ പുണ്യപ്രവൃത്തിക്കായി സംഭാവന നൽകിയവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

(2022 മാർച്ച് 25-ന് ശേഷം 2022 ഏപ്രിൽ 25 വരെയുള്ള കണക്കുകൾ)

| | |
|---|---|
| 1. St. Thomas Church, Kottoor | - 24,995/- |
| 2. MCBS Zion Province House, Kozhikode | - 50,000/- |

ഓരോ ഫൊറോനകളിലും ആരംഭിച്ച ഏയ്ഞ്ചൽ ട്രസ്റ്റിന്റെ ബാങ്ക് അക്കൗണ്ടിൽ നിലവിൽ ഉള്ള ബാലൻസ് വിവരവും സീറോ ബാലൻസ് അക്കൗണ്ട് ഉള്ള ഫൊറോനകളുടെ വിവരവും ചുവടെ ചേർക്കുന്നു.

| | |
|---|---|
| Nellickampoyil | - 30054/- |
| Paisakkary | - 89386/- |
| Cherupuzha | - 957621/- |
| Panathady | - 11646/- |
| Alakode | - 95646/- |
| Thomapuram | - 45100/- |

**സീറോ ബാലൻസ് അക്കൗണ്ടുകൾ**

Thaliparamba
Kunnoth
Edoor
Chemperi
Vellarikundu
Chempenthotty
Kanhangad
Vayattuparamba
Kadathumkadav

ഏയ്ഞ്ചൽ ട്രസ്റ്റിന്റെ അക്കൗണ്ടിൽ സീറോ ബാലൻസ് ആവാതിരിക്കുവാൻ എല്ലാ ഫൊറോനകളിൽ നിന്നും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അക്കൗണ്ടുകൾ ഇനിയും സീറോ ബാലൻസ് ആയി തുടർന്നാൽ അക്കൗണ്ടുകൾ കാൻസൽ ആവുകയും വീണ്ടും പുതിയ അക്കൗണ്ടുകൾ ആരംഭിക്കേ ണ്ടതായി വരുമെന്നും പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഇത്തരത്തിൽ അക്കൗണ്ടുകൾ കാൻസൽ ആവാതിരിക്കുവാൻ സീറോ ബാലൻസ് അക്കൗണ്ടുകളിൽ ഉടനെ ഇടപാടുകൾ നടത്തുവാൻ ഫൊറോന വികാരിയച്ചന്മാരുടെ സഹകരണം സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.

## ചികിത്സാ ചിലവുകൾ

ഓരോ ഫൊറോനകളിൽ നിന്നും നിർധന കുടുംബങ്ങളിലെ തെരഞ്ഞെടുക്കപ്പെടുന്ന, സഹായം അർഹിക്കുന്ന വൃക്കരോഗികൾക്ക് 850/- രൂപ നിരക്കിൽ ഡയാലിസിസ് സൗകര്യം നൽകുവാൻ അഭിവന്ദ്യ പിതാക്കന്മാരുടെ അധ്യക്ഷതയിൽ ചേർന്ന ഓരോ ഫൊറോനകളുടെയും വികാരിമാർ, ഏയ്ഞ്ചൽ ട്രസ്റ്റ് ബോർഡ് മെമ്പർമാർ, ഫൊറോനകളിൽ ഏയ്ഞ്ചൽ ട്രസ്റ്റിന്റെ ഉത്തരവാദിത്വമുള്ള വൈദികർ തുടങ്ങിയവർ സംബന്ധിച്ച മീറ്റിംഗിൽ തീരുമാനമെടുത്തു. ഇത്തരത്തിൽ സഹായം അർഹിക്കുന്നവർക്ക് ഓരോ ഡയാലിസിസിനും ചിലവാകുന്ന 850/- രൂപ അതാത് ഫൊറോനകളിൽ അടയ്ക്കാവുന്നതാണ്. മറ്റുള്ളവർ ആശുപത്രിയിലെ ചികിത്സാചെലവുകൾക്കനുസരിച്ച് ഫീസ് ഡയാലിസിസ് സെന്ററിൽ നേരിട്ട് അടയ്ക്കേണ്ടതുമാണ്. കൂടുതൽ വിവരങ്ങൾക്ക് ഓരോ ഫൊറോനകളുടെയും വികാരിമാർ, ഫൊറോനയിൽ ഏയ്ഞ്ചൽ ട്രസ്റ്റിന്റെ ഉത്തരവാദിത്വമുള്ള വൈദികർ എന്നിവർ മുഖേന ബന്ധപ്പെടാവുന്നതാണ്.

## ഡയാലിസിസ് സെന്ററിന്റെ സേവനം ഇരിട്ടി മേഖലയിലും

സച്ചിദാനന്ദ പ്രകൃതിക്ഷേത്ര ട്രസ്റ്റിന്റെ ഇരിട്ടി കടത്തുംകടവിലെ കെട്ടിടത്തിൽ ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ സേവനങ്ങൾ 2022 മെയ്

അവസാനത്തോടെ ആരംഭിക്കുന്നു. ഇരിട്ടി മേഖലയിലെ നിർധനരും സാധാരണക്കാരുമായ നിരവധി വൃക്കരോഗികൾക്ക് ഈ സെന്ററിലൂടെ ഡയാലിസിസ് സൗകര്യങ്ങൾ ഒരുക്കുവാൻ സാധിക്കുന്നു.

## ഏയ്ഞ്ചൽ – പണമിടപാടുകൾ

ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ ഫൊറോനകൾ അടിസ്ഥാന മാക്കിയുള്ള സാമ്പത്തിക ഇടപാടുകൾ കൂടുതൽ സുഗമമാക്കുന്നതിനായി ഓരോ മേഖലകളിലും പുതിയ ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചിരുന്നു വല്ലോ. പുതുതായി ആരംഭിച്ച സൗത്ത് ഇന്ത്യൻ ബാങ്ക് അക്കൗണ്ടുകളുടെ പാസ്ബുക്കുകളും, പണമിടപാടുകൾ നടത്തുന്നതിനായി റെസീപ്റ്റ് ബുക്കുകളും ചെക്ക് ബുക്കുകളും എല്ലാ ഫൊറോനകളിലും ലഭ്യമാക്കി യിട്ടുണ്ട്. പരമാവധി 2000/– (രണ്ടായിരം) രൂപ വരെ പണമായിട്ട് വാങ്ങുന്നതാ യിരിക്കും കൂടുതൽ ഉചിതം. സുതാര്യത ഉറപ്പുവരുത്തു ന്നതിനായി അതിൽ കൂടുതൽ സംഭാവനയായി ലഭിക്കുന്ന തുക പരമാവധി ബാങ്ക് വഴി ഇടപാടുകൾ നടത്തുവാൻ ശ്രമിക്കാവുന്നതോ അല്ലെങ്കിൽ 2000/– രൂപയില ധികം തരുന്നവരുടെ ആധാർ കാർഡിന്റെ ഒരു കോപ്പിയും വാങ്ങിക്കേണ്ടതാണ്.

ഫൊറോനകളിൽ നിന്നും ഏയ്ഞ്ചൽ ട്രസ്റ്റിന്റെ വരവ് – ചെലവ് കണക്കുകൾ എല്ലാ മാസവും 5–ാം തീയതിക്കു മുമ്പായി ഇതോടൊപ്പം തന്നിരിക്കുന്ന മെയിൽ ഐഡിയിലേക്ക് അയയ്ക്കേണ്ടതാണ്. അതിനായി ഫൊറോനയിലെ ഏയ്ഞ്ചൽ ട്രസ്റ്റിന്റെ ഉത്തരവാദിത്വമുള്ള വികാരിയച്ച ന്മാരുടെ സഹകരണം സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.

E-mail : tsssacc@gmail.com
കൂടുതൽ വിവരങ്ങൾക്ക് : +917034532294

സ്നേഹപൂർവ്വം,

**ഫാ. ജിൻസ് വാളിപ്ലാക്കൽ**
കോർഡിനേറ്റർ, ഏയ്ഞ്ചൽ ട്രസ്റ്റ്

**ഫാ. ബെന്നി നിരപ്പേൽ**
മാനേജിംഗ് ട്രസ്റ്റി, ഏയ്ഞ്ചൽ ട്രസ്റ്റ്

# സാമൂഹ്യസേവനവേദി

***തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി***

**(ടി.എസ്.എസ്.എസ്.)**

## അഭിവന്ദ്യ പിതാവിന് പ്രാർത്ഥനാശംസകൾ

തലശ്ശേരി അതിരൂപതയുടെ നിയുക്ത മെത്രാപ്പോലീത്തയായി സ്ഥാനാരോഹിതനായ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി കുടുംബാംഗങ്ങളുടെ പ്രാർത്ഥനാശംസകൾ...

## നന്ദി പിതാവേ ഒരായിരം നന്ദി...

ഏഴ് വർഷത്തെ സ്തുത്യർഹമായ സേവനത്തിലൂടെ തലശ്ശേരി അതിരൂപതയെ വളർച്ചയിലേക്ക് നയിക്കുകയും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ വാത്സല്യവും കരുതലും നൽകി വളർത്തി ഞങ്ങളോടൊപ്പമായിരുന്നതിനും അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവേ അങ്ങേയ്ക്ക് ഒരായിരം നന്ദി...

## ആശംസകൾ

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി കേന്ദ്ര ഓഫീസിൽ റീജിയന്റ് ബ്രദറായി നിസ്വാർത്ഥ സേവനം നൽകി ഞങ്ങളോടൊപ്പമായിരുന്ന, ദൈവഹിതത്തിന്റെ അടുത്ത ഘട്ടത്തിലേക്ക് പ്രവേശിക്കുന്ന ബ്രദർ അജോയിസിന് ഒരായിരം പ്രാർത്ഥനാശംസകളും മംഗളങ്ങളും...

## കൂടെപ്പിറപ്പുകൾക്കായി സ്നേഹവിരുന്ന്

തലശ്ശേരി അതിരൂപതയുടെ നിയുക്ത മെത്രാപ്പോലീത്തയായി അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് അഭിഷിക്തനായ സുദിനത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ പതിനായിരത്തോളം അഗതികൾക്കായി സ്നേഹവിരുന്നൊരുക്കി TSSS പ്രവർത്തകർ. അഗതികളെയും അനാഥരേയും നമ്മുടെ കൂടെപ്പിറപ്പുകളായികണ്ട് തലശ്ശേരി അതിരൂപതയുടെ ഈ സന്തോഷവേളയിൽ അവരെക്കൂടി പങ്കാളികളാക്കി യിരിക്കുന്ന ഈ വലിയ സേവനത്തെ സ്നേഹപൂർവ്വം ഓർക്കുന്നു. ഈയൊരു നന്മയ്ക്കായി ഒത്തൊരുമിച്ചു പ്രവർത്തിച്ച TSSS പ്രവർത്തകരേയും അതിരൂപതയിലെ വൈദികരേയും സിസ്റ്റേഴ്സിനേയും സ്നേഹപൂർവ്വം ഓർക്കുന്നു. ഒരു നേരത്തെ ഭക്ഷണത്തിനായി ബുദ്ധിമുട്ടുന്ന ഒരാളുടെയെ ങ്കിലും വയർ നിറയ്ക്കുവാൻ നമുക്ക് സാധിക്കുക എന്നത് അത്രമേൽ പുണ്യകരമായ ഒരു പ്രവൃത്തിയാണ്. ഈ സ്ഥാനാരോഹണദിനത്തിൽ പതിനായിരത്തോളം പേർക്ക് അന്നം ഊട്ടികൊണ്ട് അതിരൂപതയുടെ ഈ വലിയ സന്തോഷത്തിൽ നമ്മോടൊപ്പം അവരെക്കൂടി ചേർത്തുനിർത്തുവാൻ സഹകരിക്കുകയും ഒത്തൊരുമിച്ചു നിൽക്കുകയും ചെയ്ത എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു.

**ഗ്രാമിയ നോട്ടുബുക്കുകളുടെ ഓർഡർ സ്വീകരിച്ചു**

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ നടത്തിവരുന്ന ഗ്രാമിയ നോട്ടുബുക്കുകളുടെ ഓർഡറുകൾ സ്വീകരിച്ചു. സാധാരണക്കാരായ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് കുറഞ്ഞ നിരക്കിൽ നോട്ടുബുക്കുകൾ ഉറപ്പുവരുത്തുകയാണ് ഗ്രാമിയ നോട്ടുബുക്കുകളുടെ ലക്ഷ്യം. TSSS യൂണിറ്റുകൾ വഴിയും സ്റ്റാഫ് അംഗങ്ങൾ വഴിയും ഇടവക വികാരിയച്ചന്മാരുടെ നേതൃത്വത്തിലും നോട്ടുബുക്കുകളുടെ ഓർഡറുകൾ സ്വീകരിച്ചു.

**ഓൺലൈൻ മീറ്റിംഗ് സംഘടിപ്പിച്ചു :** തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ യൂണിറ്റ് പ്രസിഡണ്ടുമാർക്കും സെക്രട്ടറിമാർക്കും സ്റ്റാഫ് അംഗങ്ങൾക്കുമായി ഓൺലൈൻ മീറ്റിംഗ് സംഘടിപ്പിച്ചു. RCC പ്രസിഡണ്ടുമാരും സെക്രട്ടറിമാരും സ്റ്റാഫ് അംഗങ്ങളും എല്ലാ യൂണിറ്റുകളിലേയും പ്രസിഡണ്ടുമാരും സെക്രട്ടറിമാരും മീറ്റിംഗിൽ പങ്കെടുത്തു. യൂണിറ്റ് പ്രസിഡണ്ടിന്റേയും സെക്രട്ടറിയുടെയും അഭാവത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ മീറ്റിംഗിൽ പങ്കെടുത്തു.

**12A സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു :** രജിസ്റ്റർ ചെയ്ത TSSS ട്രസ്റ്റുകളുടെ 12A സർട്ടിഫിക്കറ്റുകൾ TSSS സ്റ്റാഫ് അംഗങ്ങൾ/പ്രോഗ്രാം മാനേജർ വഴി യൂണിറ്റുകളിൽ ലഭ്യമാക്കി. ഈ സർട്ടിഫിക്കറ്റുകളുടെ കോപ്പി ബാങ്കിൽ നൽകി ട്രസ്റ്റിന്റെ പേരിൽ പുതിയ സേവിംഗ്സ് അക്കൗണ്ട് ആരംഭിക്കുകയും ബാങ്ക് പാസ്ബുക്കിന്റെ ഫോട്ടോകോപ്പി യൂണിറ്റുകളിൽ നിന്ന് TSSS ഓഫീസിലേക്ക് സ്കാൻ ചെയ്ത് അയച്ചു നൽകുകയും ചെയ്തു.

**കാൻസർ പരിശോധനാക്യാമ്പുകൾ :** കാൻസർ രോഗത്തെ നേരത്തേ കണ്ടെത്തി നിയന്ത്രണവിധേയമാക്കാനും, നമ്മുടെ കുടുംബത്തേയും നാടിനേയും കാൻസർ വിമുക്തമാക്കി മാറ്റാനും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി സൗജന്യ കാൻസർ പരിശോധനാക്യാമ്പുകൾ നടത്തി. കൃത്യമായ പരിശോധനയിലൂടെയും ഉചിതമായ ചികിത്സാരീതികളിലൂടെയും നിരവധിപേരെ രോഗമുക്തരാക്കാനും സഹായിക്കാനും ഇതുവഴി സാധിച്ചിട്ടുണ്ട്. മലബാർ കാൻസർ സെന്ററിലെ ഓങ്കോളജി വിഭാഗത്തിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ വായിലെ കാൻസർ, സ്തനാർബുദം, ഗർഭാശയ കാൻസർ തുടങ്ങിയവയുടെ ഈ മാസത്തെ സൗജന്യ പരിശോധന (നെല്ലിക്കാംപൊയിൽ) മെയ് 09 തിങ്കൾ, (ആലക്കോട്) മെയ് 14 ശനി, (ചിറ്റാരിക്കാൽ) മെയ് 16 തിങ്കൾ എന്നീ ദിവസങ്ങളിൽ നടത്തപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് അതാത് മേഖലകളിലെ TSSS സ്റ്റാഫ് അംഗങ്ങളെ ബന്ധപ്പെടാവുന്നതാണ്.

**സ്നേഹപൂർവം,** **ഫാ. ബെന്നി നിരപ്പേൽ**

ഡയറക്ടർ

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### മാർച്ച് 2022

20 വൈകുന്നേരം 7 മണിക്ക് അതിരൂപത കേന്ദ്രത്തിൽ വച്ച് വി. യൗസേപ്പി താവിന്റെ തിരുനാളാഘോഷത്തിൽ സംബന്ധിച്ചു.

21 വൈകുന്നേരം 7 മണിക്ക് സിഫാമിന്റെ ഗവേണിങ് ബോർഡി മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. 9 മണിക്ക് സ്ഥാനാരോഹണ കമ്മിറ്റി മീറ്റിങ്ങിൽ സംബന്ധിച്ചു.

22 അങ്ങാടിക്കടവ് സ്കൂളിൽ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു. ബഹു. കണ്ടത്തിൽ മാണി അച്ചനെ കരിക്കോട്ടക്കരിയിൽ ഭവനത്തിൽ സന്ദർശിച്ചു. അങ്ങാടിക്കടവ് ഇടവക നിർമിച്ചു നൽകിയ വീടിന്റെ വെഞ്ചിരിപ്പ് കർമം നടത്തി.

23 വൈകുന്നേരം 3 മണിക്ക് മലനാട് ടിടിസി കോളേജിന്റെ പ്രവർത്തന വുമായി ബന്ധപ്പെട്ടുള്ള മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

24 ആലക്കോട് സെന്റ് മേരീസ് കോളേജിൽ നിന്നും ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർഥികളെ അഭിനന്ദിച്ചുള്ള മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം അഞ്ചുമണിക്ക് ധർമ്മശാല ദൈവാലയകൂദാശ കർമ്മം നിർവഹിച്ചു. കണ്ണൂർ ഇടവകയിൽ നിര്യാതയായ ശ്രീമതി മുത്തിയപാറയിൽ ഏലിയാമ്മ ജോസഫിന്റെ ഭവനത്തിൽ ഒപ്പിസ് ചൊല്ലി പ്രാർത്ഥിച്ചു.

25 കെങ്കേരിയിൽ നഴ്സിംഗ് കോളജിൽ വിദ്യാർഥികളുടെ ലാമ്പ് ലൈറ്റിനിങ്ങിൽ അധ്യക്ഷത വഹിച്ചു.

26 അതിരൂപത കെസിവൈഎംന്റെ ആഭിമുഖ്യത്തിൽ അതിരൂപതയിലെ വൈദികർക്കായി വിമൽജ്യോതി കോളേജിൽ വച്ച് നടത്തിയ ക്രിക്കറ്റ് മത്സരത്തിൽ സമ്മാനദാനം നിർവഹിച്ചു. 3 മണിക്ക് വയത്തൂർ സ്കൂളിൽ വച്ച് നടന്ന ദിശാദർശൻ മെറിറ്റ് സമ്മാനദാന ചടങ്ങിൽ സമ്മാനദാനം നിർവഹിച്ചു. 4.30 ന് എടൂർ ഫൊറോന ദൈവാലയ ജൂബിലി ആഘോഷ ത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് മീറ്റിങ്ങിൽ സംബന്ധിച്ചു.

27 കൊളക്കാട് ഇടവക ദൈവാലയത്തിൽ അജപാലന സന്ദർശനം നടത്തി.

28 വൈകുന്നേരം 7 മണിക്ക് തലശ്ശേരി, താമരശ്ശേരി, മാനന്തവാടി രൂപതകൾ സംയുക്തമായി ഏറ്റെടുത്ത പഞ്ചാബ് മിഷൻ പ്രവർത്തനവുമായി ബന്ധപ്പെട്ട് മീറ്റിങ്ങിൽ ഓൺലൈൻ ആയി സംബന്ധിച്ചു. 9 മണിക്ക് സീറോമലബാർ സഭ പെർമനെന്റ് സിനഡിൽ ഓൺലൈനായി സംബന്ധിച്ചു.

29. പേരാവൂർ എസ്എച്ച് പ്രൊവിൻഷ്യൽ ഹൗസിൽ നിര്യാതയായ സി. പയസ് കുറിച്ചിയാനിയിലിനെ സന്ദർശിച്ച് ഒപ്പിസ് ചൊല്ലി പ്രാർത്ഥിച്ചു. മേൽമുരിങ്ങോടിയിൽ നിര്യാതനായ ശ്രീ. പേമല മാത്യുവിന്റെ ഭവനത്തിൽ ഒപ്പിസ് ചൊല്ലി പ്രാർഥിച്ചു. വൈകിട്ട് 9 മണിക്ക് എയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ ഓൺലൈൻ മീറ്റിങ്ങിൽ സംബന്ധിച്ചു.

30 കൂത്തുപറമ്പ് നിർമലഗിരി കോളേജിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ അഭിനന്ദിച്ചു കൊണ്ടുള്ള മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ചെമ്പന്തൊട്ടിയിൽ വച്ച് കെസിബിസി മദ്യവിരുദ്ധ സമിതിയുടെ ഫൊറോന കൺവെൻഷനിൽ അധ്യക്ഷത വഹിച്ചു.

31 നെല്ലിക്കുറ്റിയിൽ വച്ച് സിസ്റ്റർ ആനീസ് എംഎസ്എംഐയുടെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു. കെസിബിസി മദ്യവിരുദ്ധ സമിതിയുടെ നെല്ലിക്കാംപൊയിൽ ഫൊറോനയുടെ ഫൊറോനാ കൗൺസിൽ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

## ഏപ്രിൽ 2022

01 വൈകുന്നേരം 3 മണിക്ക് അതിരൂപത കേന്ദ്രത്തിൽവച്ച് നടന്ന വിമൽ ജ്യോതി ട്രസ്റ്റ് മീറ്റിങ്ങിൽ സംബന്ധിച്ചു. നാലുമണിക്ക് നിർമലഗിരി കോളേജിന്റെ ഗവേണിംഗ് ബോർഡ് മീറ്റിംഗിൽ സംബന്ധിച്ചു. ഒമ്പതുമണിക്ക് കെസിബിസി മദ്യവിരുദ്ധ സമിതിയുടെ ഓൺലൈൻ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

02 പാലാ കത്തീഡ്രൽ ദൈവാലയത്തിൽ വാർഷിക ധ്യാനം പ്രസംഗിച്ചു.

05 രാവിലെ 10 മണിക്ക് അതിരൂപതയിലെ ഡീക്കൻമാരെ വ്യക്തിപരമായി കണ്ടു. വൈകുന്നേരം നെടുവാലൂർ സെന്റ് ജോസഫ്സ് ദൈവാലയത്തിൽ വാർഷികധ്യാനത്തോട് അനുബന്ധിച്ചു വിശുദ്ധ കുർബാന അർപ്പിച്ചു.

06 വൈകുന്നേരം അഞ്ചുമണിക്ക് സീറോമലബാർ പെർമനെന്റ് സിനഡിൽ ഓൺലൈനായി സംബന്ധിച്ചു.

07 വൈകുന്നേരം സീറോ മലബാർ പെർമെൻറ് സിനഡിൽ ഓൺ ലൈനായി സംബന്ധിച്ചു

08 വെമ്പുവായിൽ നവീകരിച്ച ദൈവാലയത്തിന്റെ കൂദാശകർമം നിർവ്വഹിച്ചു. കോലുവള്ളി ദൈവാലയത്തിൽ മാമോദീസ മുഖ്യകാർമി കത്വത്തിൽ പരികർമം ചെയ്തു.

09 ഏപ്രിൽ 9 മുതൽ 15 വരെ അട്ടപ്പാടി സെഹിയോനിൽ ധ്യാനത്തിൽ സംബന്ധിച്ചു.

17 ഉയിർപ്പിന്റെ തിരുകർമങ്ങൾക്ക് അമ്മംകുളം ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. ചരൾ ഇടവകയിൽ വച്ച് ഫാ. ബിജോഷ് ശൗര്യാംതടത്തിലിന്റെ ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമം നിർവഹിച്ചു. വൈകുന്നേരം കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരി സന്ദർശിച്ചു.

18 വൈകുന്നേരം ഒൻപതുമണിക്ക് സ്ഥാനാരോഹണ കമ്മിറ്റി മീറ്റിങ്ങിൽ സംബന്ധിച്ചു

❁❁❁❁❁❁

# Programme of the Archbishop
## Mar Joseph Pamplany

**MAY 2022**

| | | | |
|---|---|---|---|
| 01 | 08.00 AM | - | Chattamala |
| | 03.00 PM | - | Mananthavady |
| 02 | 09.00 AM | - | Kolakkad: Sent off |
| | 10.30 AM | - | Karunapuram: Wedding |
| | 04.00 PM | - | Peratta: Marriage |
| | 07.00 PM | - | Sandesabhavan: Home day |
| 03 | 10.00 AM | - | Cherupuzha: Holy Communion |
| | 03.00 PM | - | Bheemanady: House Blessing |
| | 04.00 PM | - | Vellarikund: Farmer's Meet |
| 04 | 10.00 AM | - | Alpha New Office Blessing |
| | 11.00 AM | - | Catechism Diploma Result |
| | 03.00 PM | - | Nileshwar |
| 05 | 09.00 AM | - | Pulikurumba: Ordination |
| | 11.30 AM | - | Kudianmala: Bethrothal |
| 06 | | - | Engaged |
| 07 | 06.30 AM | - | Chemperi |
| | 10.00 AM | - | MPC Resource Team Meet |
| 08 | 07.30 AM | - | Marygiri |
| | | - | VJEC |
| | 05.00 PM | - | Cathedral: Holy Qurbana |
| 09 | 10.00 AM | - | Cherupuzha: CML Council |
| | 11.30 AM | - | Nattakkal: Wedding |
| 10 | 09.00 AM | - | Cathedral: Minor Orders |
| 11 | 09.00 AM | - | Major Seminary Gathering |
| | 06.00 PM | - | Monthly Recollection |
| 12 | 09.00 AM | - | Areeckamala |
| | 10.30 AM | - | Cherupara: Jubilee Sr. Suma MSMI |

| | | | |
|---|---|---|---|
| | 06.00 PM | - | Priests Home Blessing |
| 13 | 11.00 AM | - | Trichur: Symposium |
| 14 | 09.00 AM | - | AKCC Youth Coordinator's Meet |
| 15 | | | Pastoral Visit: Thermala |
| 16 | 10.30 AM | - | Paisakary: Marriage |
| | 02.00 PM | - | Vellariyanam |
| 17 | | | Visitor's Day |
| 18 | 10.00 AM | - | Koluvally: Jubilee |
| | 03.30 PM | - | Panathady |
| 19 | 10.00 AM | - | Kiliyanthara: Golden Jubilee SABS |
| | 04.30 PM | - | Pariyaram: Parish Day |
| 20 | | | VJEC |
| 21 | 10.00 AM | - | Malome: Wedding |
| | 11.30 AM | - | Chully: Jubilee |
| | 04.00 PM | - | Iritty: Parish Jubilee |
| 22 | | | Pastoral Visit: Iritty |
| 23 | 10.00 AM | - | Manippara |
| 24 | | - | Visitor's Day |
| 25 | | - | Engaged |
| 26 | 10.00 AM | - | Chemperi: Wedding |
| | 03.00 PM | - | Thaliparamba: AKCC Unit President's Meet |
| 27 | | - | Engaged |
| 28 | | - | Pala |
| 29 | | - | Thomapuram: Pastoral Visit |
| | | - | Catechism Year Inauguration |
| 30 | 11.30 AM | - | Kottakunnu MCBS Ashram |
| | 07.00 PM | - | MST Pariyaram |
| 31 | 10.00 AM | - | Forane Vicar's Meet |

**Secretary to the Archbishop**

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### മാർച്ച് 2022

20 ആര്യപ്പറമ്പ ഇടവക ദൈവാലയത്തിന്റെ സുവർണ ജൂബിലി ആഘോഷത്തിൽ സംബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ആഘോഷത്തിൽ പങ്കെടുത്തു.

21 അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ സ്ഥാനാരോഹണവുമായി ബന്ധപ്പെട്ട് തീരുമാനങ്ങൾ എടുക്കുന്നതിന്നതിനായി അതിരൂപതാ കേന്ദ്രത്തിൽ ചേർന്ന മീറ്റിങ്ങിൽ സംബന്ധിച്ചു.

22 രാവിലെ 10 മണിക്ക് കൂത്തുപറമ്പ് നിർമലഗിരി കോളേജിൽ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

23 തത്വശാസ്ത്ര മൂന്നാംവർഷ വിദ്യാർത്ഥികളെ വ്യക്തിപരമായി കണ്ടു.

24 ഓൺലൈനായി നടത്തപ്പെട്ട വൊക്കേഷൻ കമ്മീഷൻ മീറ്റിങ്ങിൽ അധ്യക്ഷതവഹിച്ചു.

വൈകുന്നേരം മൂന്നുമണിക്ക് മേജർ സെമിനാരി ബ്രദേഴ്സിനെ വ്യക്തിപരമായി കണ്ടു.

25 തത്ത്വശാസ്ത്രം മൂന്നാംവർഷ വിദ്യാർഥികളെ വ്യക്തിപരമായി കണ്ടു സംസാരിച്ചു.

26 എടൂർ സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിലെ പ്ലാറ്റിനം ജൂബിലി ആഘോഷത്തിൽ വിശുദ്ധ കുർബാനയിൽ മുഖ്യ കാർമികത്വം വഹിച്ചു. തുടർന്നു നടന്ന പൊതു സമ്മേളനത്തിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു.

28 ഓൺലൈനായി നടത്തപ്പെട്ട കെസിബിസി മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു. ഏഴുമണിക്ക് തലശ്ശേരി, താമരശ്ശേരി, മാനന്തവാടി രൂപതകൾ സംയുക്തമായി ഏറ്റെടുത്തിരിക്കുന്ന പഞ്ചാബ് മിഷൻ പ്രദേശത്തെ പ്രവർത്തനവുമായി ബന്ധപ്പെട്ട ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. 9 മണിക്ക് സീറോ മലബാർ സഭ പെർമനന്റ് സിനഡിൽ പങ്കെടുത്തു.

30 എസ്എച്ച്  സന്ന്യാസിനി സഭാംഗമായ സി. പയസ് കുറിച്ചിയാനിയിൽ എസ്എച്ച്ന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

31 4 മണിക്ക് കരുവഞ്ചാൽ സെന്റ് ജോസഫ്സ് ദൈവാലയ നിർമാണത്തിനായുള്ള തറക്കല്ല് വെഞ്ചരിപ്പിനോട് അനുബന്ധിച്ചു വിശുദ്ധ കുർബാന അർപ്പിച്ചു.

## ഏപ്രിൽ 2022

02 എഫ്സിസി സന്ന്യാസിനി സഭാംഗമായ സി.വിമൽ റോസിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

03 കൊന്നക്കാട് ഇടവക ദൈവാലയത്തിൽ അജപാലന സന്ദർശനം നടത്തി. വൈഎംസിഎ സംഘടനയുടെ ഓൺലൈൻ മീറ്റിങ്ങിൽ ഉദ്ഘാടന കർമം നിർവഹിച്ചു.

04 ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ചരമവാർഷിക ദിനത്തിൽ കത്തീഡ്രൽ ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് പ്രാർത്ഥിച്ചു.

05 മാനന്തവാടി എപ്പാർക്കിക്കൽ അസംബ്ലിയിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചന സന്ദേശം നൽകുകയും അസംബ്ലിയിൽ പ്രഭാഷണം നടത്തുകയും ചെയ്തു.

06 തലശ്ശേരി  അതിരൂപതയ്ക്കുവേണ്ടി മ്ശംശാന പട്ടം സ്വീകരിക്കുന്ന ബ്രദേഴ്സിനെ വ്യക്തിപരമായി കാണുകയും 10.30 ന് മ്ശംശാന പട്ടം നൽകുകയും ചെയ്തു. 5 മണി മുതൽ ഓൺലൈനായി സംഘടിപ്പിച്ച സീറോ മലബാർ സിനഡിൽ സംബന്ധിച്ചു.

07 സിറോ മലബാർ സിനഡിൽ ഓൺലൈനായി സംബന്ധിച്ചു.

08 കുളത്തുവയൽ ഇടവക ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

09 വൈകുന്നേരം 5 മണിക്ക് മണിക്കടവ് ഇടവക ദൈവാലയത്തിന്റെ കുരിശുപള്ളിയായ ആനപ്പാറയിൽ കപ്പേളയുടെ അൾത്താര കൂദാശകർമം നടത്തി.

10 തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിലെ ഓശാന തിരുകർമങ്ങളിൽ മുഖ്യകാർമികത്വം വഹിച്ചു.

11 തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയത്തിൽ മൂറോൻ വെഞ്ചിരിപ്പ് തിരുകർമങ്ങളിൽ മുഖ്യകാർമികത്വം വഹിച്ചു. വൈകുന്നേരം ഒൻപതു മണിക്ക്  സ്ഥാനാരോഹണ കമ്മിറ്റി മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

12 ബ്രദർ വർക്കി സിഎസ്ടിയുടെ ഏഴാം ചരമദിനത്തിൽ പൊടിക്കളം മേരിഗിരി സ്കൂളിൽ വിശുദ്ധ കുർബാന അർപ്പിച്ച് പ്രാർത്ഥിച്ചു.

13 വിമലശേരിയിലുള്ള ചെട്ടിയാംകുന്നേൽ ശ്രീ. മാത്യുന്റെ മൃതസംസ്കാര ശുശ്രൂഷയിൽ സംബന്ധിച്ചു. വൈകുന്നേരം മൂന്നുമണിക്ക് മദർഹോം ധ്യാനകേന്ദ്രത്തിൽ വചനസന്ദേശം നൽകി.

15 കണ്ണൂർ ടൗണിൽവച്ച് നടത്തപ്പെട്ട കുരിശിന്റെ വഴിയുടെ സമാപന സന്ദേശവും ആശീർവാദവും നൽകി. നെടുംപുറംചാലിൽ നിര്യാതനായ ശ്രീ. കളപ്പുരയിൽ തങ്കച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർ മികത്വം വഹിച്ചു

17 ഈസ്റ്റർദിന തിരുകർമങ്ങൾക്ക് കത്തീഡ്രൽ ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു.

18 ഏറ്റുപാറ ദൈവാലയത്തിൽ കുട്ടികളുടെ ആദ്യകുർബാന സ്വീകരണവും, സൺഡേസ്കൂൾ വെഞ്ചരിപ്പും നടത്തി. വൈകുന്നേരം പൊൻമല ദൈവാലയകൂദാശ കർമ്മം നിർവ്വഹിച്ചു. 9 മണിക്ക് സ്ഥാനാരോഹണ കമ്മിറ്റി മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

19 നെല്ലിക്കാംപൊയിലിൽ വച്ച് കർമലീത്താ സഭ നവ സന്യാസികളുടെ വ്രതവാഗ്ദാനത്തിലും, സഭാവസ്ത്ര സ്വീകരണത്തിലും മുഖ്യകാർമി കത്വം വഹിച്ചു.

20 അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ സ്ഥാനാരോഹണ കർമങ്ങളിൽ പങ്കെടുത്തു.

## Programme of the Archbishop
## MAR GEORGE NJARALAKATT

**MAY 2022**

| | | | |
|---|---|---|---|
| 01-02 | | - | Chennai |
| 03 | | - | Kavumannam: Jubilee |
| 04 | 09.30 AM | - | Kiliyanthara: Vestition SABS |
| | 04.00 PM | - | Vellad |
| 05 | 08.00 AM | - | Pariyaram: Holy Communion |
| 06 | | - | Engaged |
| 07-08 | | - | Bhadravathi: Ordination |
| 09 | 03.00 PM | - | Cherupuzha: CML Varshikam |
| 10 | 07.30 AM | - | Cheekad: Multi Media Jubilee Complex Blessing |
| 11 | 10.30 AM | - | Kallody: Feast |
| | 06.00 PM | - | Monthly Recollection |
| 12 | 09.30 AM | - | Manikadave: Angel's Meet |
| | 04.30 PM | - | Mattara: Parish Hall Blessing |
| 13 | | - | Engaged |
| 14 | 07.30 AM | - | Nellickampoil: First Holy Communion |
| | 05.00 PM | - | Kannivayal: Parish Jubilee |
| 15 | 08.30 AM | - | Vilamana: First Holy Communion |
| | 04.00 PM | - | Kannur: Betrothal |
| 16 | 10.30 AM | - | Ennapara: Convent Blessing MSMI |

| | | | |
|---|---|---|---|
| 17 | | - | Engaged |
| 18 | | - | Nadavayal: First Holy Communion |
| 19 | 09.00 AM | - | CBCI Standing Committee Meeting |
| 20 | | - | CBCI Standing Committee Meeting |
| 21 | | - | CBCI Standing Committee Meeting |
| | 05.30 PM | - | Arattuthara |
| 22 | 09.00 AM | - | Edathotty: Holy Qurbana |
| | 11.00 AM | - | Kolayad |
| 23-27 | | - | Engaged |
| 28 | 10.00 AM | - | Mathruvedi Year Inauguration |
| | 10.30 AM | - | Paisakary |
| 29 | 10.00 AM | - | Chandanakkampara |
| 30-31 | | - | Engaged |

**Secretary to the Archbishop Emeritus**

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### മാർച്ച് 2022

20 വട്ട്യറ ഇടവകയുടെ ഗോൾഡൻ ജൂബിലി സമാപനത്തിൽ വിശുദ്ധ കുർബാനയർപ്പിച്ചു. തുടർന്ന് വട്ട്യറയിലുള്ള എംസിബിഎസ്ന്റെ ഭവനം സന്ദർശിച്ചു. അതിരൂപത കേന്ദ്രത്തിൽ വി. യൗസേപ്പിതാവിന്റെ തിരുനാൾ ആഘോഷത്തിൽ പങ്കെടുത്തു.

23 ബഹു. ജോർജ് കൊരട്ടിയിൽ സിഎസ്ടി അച്ചന്റെ സംസ്കാര ശുശ്രൂഷകൾക്ക് കോട്ടൂർ സിഎസ്ടി ആശ്രമ ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു

24 കാലാങ്കി ഇടവകയിൽ നിര്യാതയായ ശ്രീമതി വരമ്പുങ്കൽ അന്നമ്മ വർഗീസിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

26 എടൂർ ഇടവകയുടെ പ്ലാറ്റിനം ജൂബിലി ആഘോഷത്തിൽ അഭിവന്ദ്യ പിതാക്കന്മാർക്കൊപ്പം വിശുദ്ധ കുർബാനയർപ്പിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ പങ്കെടുത്തു.

### ഏപ്രിൽ 2022

04 അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ പതിനാറാം ചരമവാർഷികത്തോടനുബന്ധിച്ച് കത്തീഡ്രൽ ദൈവാലയത്തിൽ അഭിവന്ദ്യ ഞറളക്കാട്ട് പിതാവിനോടൊപ്പം വിശുദ്ധ കുർബാന അർപ്പിച്ചു.

14 പൂളക്കുറ്റി ഇടവകയിൽ പെസഹാവ്യാഴം, ദുഃഖവെള്ളി തിരുക്കർമങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

17 ബദിയടുക്ക ഇടവകയിൽ ഉയിർപ്പിന്റെ തിരുകർമങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.



2022 ഏപ്രിൽ 21ന് ആർച്ച്ബിഷപ്പ്
മാർ ജോർജ് ഞറളക്കാട്ട് പിതാവ് കൂദാശാകർമം
നിർവഹിച്ച തേർമല സെന്റ് മേരീസ് ദൈവാലയം

RNI Reg. No. *5910/18* Date of Publication: *28/04/2022*

**Registered KL/TLY/20/22-24**

Licensed to post without prepayment of postage

No. KL/PMG/NR/WPP/2/TLY/2022-24



**Published & Printed by Fr. Sajan George Thengumpally on behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Hollow Way Road Thalassery - 670 101. Published from Archbishop's House, Hollow Way Road, Thalassery - 670 101 Kerala. Editor- Fr. Sajan George Thengumpally.**